അതുകൊണ്ട് അവരുടെ സാധനങ്ങൾ പലർക്കും മുഴുവൻ നഷ്ടപ്പെട്ടു. പലർക്കും പരിക്കുപറ്റി, ആശ്വാസനടപടികൾക്ക് എന്ന പേരിൽ വന്ന് ഇവരെ കൊള്ളയടിക്കുകയും സാധനങ്ങൾ മോഷ്ടിക്കുകയും ചെയ്ത അപൂർവ്വം ചിലയാളുകളെ സംബന്ധിച്ചാണ്, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത്. അങ്ങനെ ഉണ്ടായിട്ടുണ്ടോ, ഉണ്ടെങ്കിൽ അത് ആര് ചെയ്തു, എന്നതിനെക്കുറിച്ച് അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം കൊടുക്കുന്നതാണ്. അവരുടെ എന്തൊക്കെ സാധനങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട്. അതിൽ എങ്ങനെയൊക്കെ അവരെ സഹായിക്കാൻ കഴിയും എന്നതും പരിശോധിക്കും. ഇക്കാര്യത്തിൽ ആവശ്യമായ എല്ലാ നടപടികളും എടുത്തിട്ടുണ്ട്. മൂന്ന് മന്ത്രിമാരും ഈ സംഭവം അറിഞ്ഞ ഉടനെ അവിടെപോയി. അതുകൊണ്ട് നിസ്സാരമായി എടുത്തുവെന്ന തെറ്റിദ്ധാരണയൊന്നും വേണ്ട. മുപ്പതിനായിരം ഉറുപ്പിക നാളെ അവർക്ക് എത്തിച്ചുകൊടുക്കാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. ചികിത്സയ്ക്ക് ആവശ്യമായ മുഴുവൻ സഹായവും ചെയ്യുന്നതിനുവേണ്ടി തീരുമാനിച്ചിട്ടുണ്ട്. ഇതുപോലെ സംഭവങ്ങൾ ഉണ്ടാകുന്ന സന്ദർഭങ്ങളിൽ അടിയന്തിരമായി ഇതിൽ ഇടപെടുകയും ആശ്വാസനടപടികൾ എടുക്കുകയും ചെയ്യുന്നതിന് നിർദ്ദേശം കൊടുക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്. ആക്സിഡന്റ് ഉണ്ടാകുമെന്ന ധാരണയിൽ പോലീസുകാർക്ക് മുൻകൂട്ടി അവിടെ നിൽക്കാൻ പറ്റുകയില്ലല്ലോ. എന്റെ ജേക്കബ്ബേ, നമുക്ക് ഇക്കാര്യത്തിൽ ഒരു കോമൺസെൻസ് വേണ്ടേ, രാത്രി രണ്ട് മണിക്കാണ് സംഭവം നടക്കുന്നത്. ഈ സംഭവം നടന്ന് ആളുകൾ പലരും വരുന്നതിന്റെ കൂട്ടത്തിലാണ് പോലീസുകാരും വരുന്നത്. പോലീസ് സ്റ്റേഷനിൽ എല്ലാം റെഡിയായിട്ട് നിൽക്കുകയാണോ, ദേഷ്യപ്പെടുകയല്ല, കാര്യങ്ങൾ അവതരിപ്പിക്കുമ്പോൾ പറയാൻ വേണ്ടി പറയുന്ന സമീപനം സ്വീകരിക്കരുത്. ഇക്കാര്യത്തിൽ ചെയ്യാവുന്നിടത്തോളം മാക്സിമം ചെയ്തിട്ടുണ്ട്, ഇനി ഇത്തരം ആക്ഷേപങ്ങളുണ്ടെങ്കിൽ ഗൗവരമായിട്ട് പരിശോധിക്കുന്നതാണ്. കുറ്റക്കാരെന്ന് കണ്ടാൽ കർശനമായ നടപടി സ്വീകരിക്കും.

IV നിയമനിർമ്മാണകാര്യം

2000-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ (ഭേദഗതി) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും†

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, 2000-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താൻ ഉണ്ടായ സാഹചര്യങ്ങൾ വിശദമാക്കുന്ന സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

†അനുബന്ധം-XIV & XV

LIBRARY ARCHIVES Kerala Legislative Assembly

മി.സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, 2000-ത്തിലെ കേരളസംസ്ഥാന പിന്നോക്ക-വിഭാഗ കമ്മീഷൻ (ഭേദഗതി) ബിൽ സാമൂഹ്യസേവനം സംബന്ധിച്ച VI-ാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ): സർ, പ്രമേയത്തെ പിൻതാങ്ങുന്നു.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. ഇസ്ഹാക് കുരിക്കൾ)

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : Sir, I move that, "This House resolves to disapprove The Kerala State Commission for Backward Classes (Amendment) Ordinance, 2000. ഈ ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുമ്പോൾ ഈ ഓർഡിനൻസും അതോടൊപ്പം ഈ ഭേദഗതിയും കൊണ്ടുവരേണ്ട ഒരു അവസ്ഥയിൽ ആണല്ലോ നമ്മുടെ കൊള്ളാവുന്ന ഒരു മന്ത്രിയായ ശ്രീ. രാധാകൃഷ്ണൻ ചെന്നുപ്പെട്ടത് എന്ന് ഓർക്കുകയായിരുന്നു. പിന്നോക്കവിഭാഗ കമ്മീഷൻ ഉണ്ടാക്കിയതിന്റെ പിന്നിലെ ചരിത്രം ഞാൻ ദീർഘമായി പ്രതിപാദിക്കുന്നില്ല. സർ, മണ്ഡൽ കമ്മിഷന്റെ ശുപാർശകൾ ഇൻഡ്യയൊട്ടാകെ നടപ്പിലാക്കുന്ന സന്ദർഭത്തിലാണ് ബഹുമാനപ്പെട്ട സുപ്രീംകോടതിതന്നെ ദേശീയതലത്തിൽ ഒരു പിന്നോക്ക കമ്മീഷനും എല്ലാ സംസ്ഥാനങ്ങളിലും പിന്നോക്കവിഭാഗത്തെ കണ്ടെത്തുന്നതിന് ഒരു കമ്മീഷൻ രൂപീകരിക്കണമെന്ന് ആവശ്യപ്പെട്ടത് പല സംസ്ഥാനങ്ങളിലും ഇത് കോർട്ടലക്ഷ്യം വരെ എത്തിയാണ് ഈ കമ്മീഷൻ ഉണ്ടാക്കപ്പെട്ടത്. ദേശീയ കമ്മീഷൻ ഉണ്ടാക്കിയതിന്റെ ചുവടുപിടിച്ചാണ് കേരളത്തിലും ഈ കമ്മീഷൻ 1993-ൽ ഉണ്ടാക്കിയത്. സർ, ആ കമ്മീഷൻ ഉണ്ടാക്കിയ അവസരത്തിൽ അന്നത്തെ ഗവൺമെന്റ് വിപുലമായ അധികാരങ്ങളും അതുപോലെതന്നെ സ്റ്റാറ്റസും ഈ കമ്മീഷന് കൊടുത്തിരുന്നു. ആ ആക്ടിൽ തന്നെ അത് വിശദമായി സൂചിപ്പിച്ചിരുന്നു. A Chairperson who is or has been a Judge of the Supreme or of a High Court; അതുപോലെ Social Scientist രണ്ട് മറ്റ് മെമ്പർമാർ അതുപോലെ ഒരു ഫുൾടൈം മെമ്പർ-സെക്രട്ടറി in the rank of a Secretary or Special Secretary to Government പിന്നീട് ഒരു ഉത്തരവു വഴി ഇവരുടെ സ്റ്റാറ്റസ് വർദ്ധിപ്പിച്ചു, ചെയർമാന്റേത് സുപ്രീം കോടതി ജഡ്ജിയുടേയും അംഗങ്ങളുടേത് ഹൈക്കോടതി ജഡ്ജിയുടേതുമാക്കി മാറ്റി. അന്ന് അവരോട് ആവശ്യപ്പെട്ട പ്രധാനപ്പെട്ട വിഷയങ്ങൾ - The Commisson shall examine requests for inclusion of any class of citizens as a backward class in the lists and hear complaints of over-inclusion or underinclusion of any backward class in such lists and tender such advice to the Government as it deems appropriate. ഇവയാണ് വളരെ പ്രധാനമായിട്ടുള്ള ഒരു ചുമതലയായി ഈ കമ്മീഷനെ ഏൽപ്പിച്ചത്. സർ, ഗവൺമെന്റ് ഭേദഗതിയുടെ ഉദ്ദേശകാര്യങ്ങളിൽ പറഞ്ഞിരിക്കുന്നത് എന്താണ് ?

LIBRARY ARCHIVES Kerala Legislative Assembly

ഈ കമ്മീഷൻ ഇപ്പോൾ പാർട്ട്ടൈം കമ്മീഷനായി മാറ്റുക, അതിനുമുൻപ് നിങ്ങൾ ഒരു കാര്യം ചെയ്തു, ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ആദ്യം ചെയ്തത് എന്താണ്? നിങ്ങൾ ചെയ്തത് കമ്മീഷന്റെ സ്റ്റാറ്റസ് കുറച്ചു, അല്ലേ? സുപ്രീം കോടതി ജഡ്ജിയുടെ പദവിയുണ്ടായിരുന്ന ചെയർമാന്റേത് ഹൈക്കോടതി ജഡ്ജിയുടേതാക്കി, അംഗങ്ങളുടേത് ചീഫ് സെക്രട്ടറിയ്ക്ക് താഴെ, പലരുടേയും കാർ തിരിച്ചെടുത്തു, 1993-ൽ ഉണ്ടാക്കപ്പെട്ട കമ്മീഷന് നിലവിൽ അവർക്കുണ്ടായിരുന്ന ആനുകൂല്യങ്ങളും അവകാശങ്ങളും, സ്റ്റാറ്റസും ഈ ഗവൺമെന്റ് പിൻവലിച്ചു. അന്നുവരെ ഹൈക്കോടതി ജഡ്ജിയുടെ പദവിയിൽ കാറിൽ നടന്ന കമ്മീഷൻ അംഗങ്ങൾ പെരുവഴിയിൽ ആയി. അതാണ് ഈ ഗവൺമെന്റ് ആദ്യം ചെയ്തത്. അവരുടെ കാർപോലും ഇല്ലാതാക്കി, അവരുടെ സ്റ്റാറ്റസ് കുറച്ചു, ഇപ്പോൾ നിങ്ങൾ വീണ്ടും ആ കമ്മീഷനെ ഒരു നോക്കുകുത്തിയാക്കി മാറ്റാൻ പോകുകയാണ്. പുതിയ ഭേദഗതി വഴി ഒരു പദവിയും അവർക്കില്ല. പാർട്ട്ടൈം ആയിട്ടുള്ള ഒരു കമ്മീഷനാക്കി മാറ്റാൻ പോകുന്നു. ഇത് ശരിയാണോ ?

ശ്രീ. കെ. ബാബു : ഈ കമ്മീഷൻ അംഗങ്ങളെ പെരുവഴിയിൽ ആക്കിയ കാര്യം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു. പിന്നോക്കസമുദായങ്ങളെത്തന്നെ പെരുവഴിയിലാക്കുന്ന നയമാണ് ഈ ഗവൺമെന്റിന്റെ രഹസ്യ അജൻഡയിലുള്ളത് എന്ന വിവരം അങ്ങേയ്ക്കറിയാമോ ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : തീർച്ചയായിട്ടും അതിലേക്ക് ഞാൻ വരികയാണ്. ഈ സർക്കാർ ഹിഡൻ അജൻഡ ഓരോന്നായി പുറത്തുകൊണ്ടുവരികയാണ്. പന്നോക്കവിഭാഗങ്ങളോടുള്ള ഈ ഗവൺമെന്റിന്റെ നയത്തിന്റെ ഏറ്റവും വലിയ പ്രതീകമായിട്ടാണ് ഞാൻ ഇന്നത്തെ ഈ അമന്റ്മെന്റിനെ കാണുന്നത്, അതുകൊണ്ടാണ് ഞാൻ ആദ്യം പറഞ്ഞത്, അത് മന്ത്രി രാധാകൃഷ്ണൻ തന്നെ കൊണ്ടുവന്നല്ലോ എന്ന്.

ശ്രീ. സി. പി. ബാലൻ വൈദ്യർ : പിന്നോക്ക സമുദായത്തെ സംബന്ധിച്ച് കോൺഗ്രസിന്റെ ഭാഗത്ത്നിന്ന് അങ്ങയെപ്പോലുള്ളവർ സംസാരിക്കുന്നുത് കേൾക്കുന്നത് വിചിത്രമായി തോന്നുന്നു. എന്താണ് കാരണമെന്ന് ചോദിച്ചാൽ, ഇൻഡ്യാരാജ്യം നിങ്ങൾ ഭരിച്ച ഒരു കാലത്തും പിന്നോക്കക്കാർക്ക് വേണ്ടി സംവരണം ഏർപ്പെടുത്തിയില്ല. 1977 വരെ ഏർപ്പെടുത്തിയില്ല. 1977 -ൽ ശ്രീ.മൊറാർജി ദേശായിയാണ് മണ്ഡൽ കമ്മിഷനെ വച്ചത്, മണ്ഡൽ കമ്മിഷൻ റിപ്പോർട്ട് ഇന്ദിരാഗാന്ധിയുടെ ഗവൺമെന്റിന്റെ കൈയിൽ കിട്ടി, അവർ അത് നടപ്പിലാക്കിയില്ല. രാജീവ്ഗാന്ധി 5 കൊല്ലം ഭരിച്ചപ്പോഴും നടപ്പിലാക്കിയില്ല, പിന്നെ ശ്രീ. വി. പി. സിംഗ് ഗവൺമെന്റ് വന്നപ്പോഴാണ് നടപ്പിലാക്കിയത്. ഞങ്ങളെല്ലാം അതിന് പിൻതുണകൊടുത്തവരാ. അങ്ങനെ പിന്നോക്കക്കാരെ ചരിത്രത്തിൽ ഒരിക്കലും സഹായിക്കാത്ത നിങ്ങളുടെ ഭാഗത്ത്നിന്ന് ബാബുവിന്റെ ഈ ചോദ്യവും ഈ തരത്തിലുള്ള പ്രസംഗവും നടത്തുന്നത് അഭിസാരികയെ കുറിച്ച് പറയുംപോലെയല്ലേ.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ബഹുമാനപ്പെട്ട വൈദ്യർക്ക് ഇന്ന് ഈ സഭയിൽ നിന്ന് പ്രസംഗിക്കാനുള്ള അവസരം കിട്ടിയതുപോലും കോൺഗ്രസ്സിന്റെ

LIBRARY ARCHIVES Kerala Legislative Assembly

നേട്ടമല്ലേ, കോൺഗ്രസ് കൊണ്ടുവന്ന ഭരണഘടനയുടെ സംവരണാനുകൂല്യത്തെപ്പറ്റി ഈ നിയമസഭയിൽ വന്ന് പ്രസംഗിക്കുന്ന അങ്ങ് തന്നെയാണ് കോൺഗ്രസ് ഒന്നും ചെയ്യുന്നില്ലാ എന്ന് പറഞ്ഞത്. ഇൻഡ്യൻ ഭരണഘടന എഴുതിയുണ്ടാക്കിയ ഡോക്ടർ അംബേദ്ക്കറുടെ കാര്യം പലപ്പോഴും പറയാറുണ്ടല്ലോ. ഡോക്ടർ അംബേദ്കർ നിയമമന്ത്രി ആകുമ്പോൾ അദ്ദേഹം കോൺഗ്രസ് ആയിരുന്നില്ല. പക്ഷേ അദ്ദേഹത്തെ ഇൻഡ്യയുടെ നിയമമന്ത്രി ആക്കിയത് ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ നേതാവ് പ്രധാനമന്ത്രി പണ്ഡിറ്റ് നെഹ്റു ആണ്.

ശ്രീ. നാലകത്ത് സൂപ്പി : സർ, ഇടത്പക്ഷ കമ്മ്യൂണിസ്റ്റ് പാർട്ടി ഭരിക്കുന്ന പശ്ചിമബംഗാളിൽ സംസ്ഥാന സർവ്വീസ് നിയമനങ്ങളിൽ പിന്നോക്ക വിഭാഗങ്ങൾക്ക് സംവരണം ഈ സുപ്രീം കോടതി ജഡ്ജ്മെന്റ് വരുന്നതുവരെ ഉണ്ടായിരുന്നില്ല എന്ന കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ , അത് ഞങ്ങൾ പത്രങ്ങളിൽ വായിച്ചിട്ടുണ്ട്. 1957-ൽ ഭരണപരിഷ്കാരകമ്മീഷൻ ചെയർമാനായി അന്നത്തെ മുഖ്യമന്ത്രി സഖാവ് ഇ.എം.എസ്. ഇരുന്ന കാലത്തല്ലേ ഈ സംവരണം വേണമെന്നുള്ള വാദം കൊണ്ടുവന്നത്. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. പിന്നോക്കവിഭാഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താനുള്ള 29 അപേക്ഷകൾ കമ്മീഷൻ നാളിതുവരെ പരിഗണിക്കുകയുണ്ടായി. കമ്മീഷന്റെ ചെലുവുകൾക്കായി ഓരോ വർഷവും ഏകദേശം 40 ലക്ഷം രൂപ വിനിയോഗിച്ച് വരുന്നു. ജോലി ഭാരവുമായി താരതമ്യപ്പെടുത്തുമ്പോൾ ചെലവ് കൂടുതലായതിനാൽ ഇപ്പോൾ ഉള്ളതുപോലുള്ള വിപുലമായ ഒരു സംവിധാനം ആവശ്യമില്ല എന്ന് തീരുമാനിക്കുകയുണ്ടായി. 40 ലക്ഷം രൂപ വിലപിടിപ്പുള്ള ബെൻസ് കാറിൽ സഞ്ചരിക്കുന്ന ഒരു മുഖ്യമന്ത്രി ഭരിക്കുന്ന ഒരു സംസ്ഥാനത്ത് പിന്നോക്കവിഭാഗ കമ്മീഷന് വേണ്ടി 40 ലക്ഷം രൂപ മുടക്കുന്നത് വലിയ പാതകമാണോ ? ഇതാണോ നിങ്ങളുടെ ചെലവുചുരുക്കൽ ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ , ചെലവ് ചുരുക്കുന്നതിനേക്കാളൊക്കെ പ്രധാനമാണ് നമ്മുടെ നിയമസഭയുടെ മുൻപിൽ വന്നിരിക്കുന്നതും അങ്ങ് നിരാകരണപ്രമേയം അവതരിപ്പിച്ചിരിക്കുന്നതുമായ ഈ നിയമം സുപ്രീം കോടതിയുടെ ഡയറക്ഷന് വിരുദ്ധവും ഭരണഘടനാബഞ്ചിന്റെ തീരുമാനങ്ങൾക്ക് വിരുദ്ധവും ഒരു ഫുൾ ടൈം കമ്മീഷനെ വേണമെന്നുള്ള തീരുമാനങ്ങൾ ഉൾപ്പെടെയുള്ള സംസ്ഥാനഗവൺമെന്റ് സുപ്രീം കോടതിക്ക് കൊടുത്ത കമ്മിറ്റ്മെന്റിന് എതിരായിട്ടുള്ള ഒരു നിയമമാണ് ഇന്നിവിടെ വന്നിട്ടുള്ളത് എന്നുള്ളതല്ലേ വളരെ പ്രധാനമായിട്ടുള്ളത്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, അങ്ങ് പറഞ്ഞത് വളരെ പ്രധാനമാണ്. അതിലേക്ക് വരാൻ പോവുകയായിരുന്നു. ഇന്ന് അതിനെക്കുറിച്ച് ചില പത്രങ്ങളിൽ എഴുതിയിട്ടുണ്ട്. സുപ്രീം കോടതിക്ക് കേരള സംസ്ഥാന ഗവൺമെന്റ് കൊടുത്ത ഉറപ്പ് തന്നെ ഒരു ഫുൾ ടൈം കമ്മീഷനെ ഇവിടെ ഉണ്ടാകും എന്നാണ്. നിങ്ങൾ ഇപ്പോൾ അത് പാർട്ട് ടൈം ആക്കി മാറ്റിയിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ചെലവ് ചുരുക്കുന്നതിന്റെ പേരിൽ ഈ കമ്മീഷനെ നോക്കുകുത്തി ആക്കുന്നത് ശരിയല്ല. അവിടെ നിങ്ങളുടെ സമീപനത്തിന്റെ പ്രശ്നമാണ്. എന്തെല്ലാം ദുർവ്യയം നടക്കുന്നു ഈ സംസ്ഥാനത്ത്, ഒന്ന്, ഒന്നരകോടി രൂപയുടെ കാറുകൾ വാങ്ങിയ ഗവൺമെന്റ് അല്ലേ; ഒരു ഒറ്റ കാറിന് തന്നെയാണ് 40 ലക്ഷം രൂപ മുഖ്യമന്ത്രിക്ക്. എനിക്ക് അതിൽ എതിർപ്പൊന്നുമില്ല, അദ്ദേഹത്തിന്റെ പ്രായമനുസരിച്ച് നല്ല കാറുകൾ വേണം. അപ്പോൾ അതിനുപോലും നിങ്ങൾക്ക് യാതൊരു മടിയുമില്ല, മൊബൈൽ ഫോൺ കിട്ടിയത് മന്ത്രിമാർക്ക് നല്ലതാണ്. എം.എൽ.എ.മാർക്കും തരേണ്ടതാണ്. എന്റെ അഭിപ്രായം എം. എൽ. എ. മാർക്കും വേണ്ടതാണ്. അങ്ങനെ നമ്മുടെ നാട് പുരോഗമിക്കുമ്പോൾ, ലോകം പുരോഗമിക്കുമ്പോൾ കുറെ ചെലവൊക്കെയുണ്ടാകും. പക്ഷേ ഇവിടെ പിന്നോക്കക്കാരന്റെ കാര്യത്തിൽ മാത്രം ഈ ചെലവുചുരുക്കൽ എനിക്ക് മനസ്സിലാകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോയി : സർ, ബഹുമാനപ്പെട്ട ഡൊമിനിക് ഇവിടെ പറഞ്ഞു പിന്നോക്ക വിഭാഗത്തെ അവഗണിച്ച കാര്യം. കേരളത്തിൽ ഒരു പിന്നോക്ക വിഭാഗക്കാരനെ മുഖ്യമന്ത്രിയാക്കാൻ മാർക്സിസ്റ്റ് പാർട്ടി ഒരിക്കലും തയ്യാറായിട്ടില്ല എന്നുള്ള കാര്യം അങ്ങേക്ക് അറിയാമോ ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, അതിന്റെ തെളിവാണല്ലോ, ശ്രീമതി ഗൗരിയമ്മ ഇപ്പുറത്തിരിക്കുന്നത്. 1987-ൽ ശ്രീ. പി.ജെ. ഫ്രാൻസിസിനെതിരായി ശ്രീമതി ഗൗരിയമ്മ മൽസരിച്ചപ്പോൾ എന്താണ് പറഞ്ഞതെന്നറിയാമോ? ഇതാ ഒരു പിന്നോക്കക്കാരി മുഖ്യമന്ത്രിക്ക് സമയമായി എന്ന് പറഞ്ഞാണ് വക്കീലിനെ തോൽപ്പിച്ചത്. "കേരം തിങ്ങും കേരള നാട്ടിൽ, കെ. ആർ. ഗൗരി നാട് ഭരിക്കും". അതായിരുന്നു 1987-ലെ മുദ്രാവാക്യം അങ്ങനെയാണ് വക്കീല് അവിടെ തോറ്റത്. പക്ഷേ ഗൗരിയമ്മ ജയിച്ചു വന്നപ്പോൾ സാക്ഷാൽ നായനാർ വീണ്ടും മുഖ്യമന്ത്രിയായി. പിന്നോക്കക്കാരനോട് നിങ്ങളുടെ സമീപനം അതുതന്നെയാണ്. ശ്രീ. പി. ഗംഗാധരൻ 1967-ൽ, ഞാൻ ഇപ്പോൾ പ്രതിനിധാനം ചെയ്യുന്ന പള്ളുരുത്തിയിൽ ജയിച്ച ആളാണ്. വീണ്ടും 1970-ൽ അദ്ദേഹം ഇവിടെ നിന്ന് ജയിക്കുമായിരുന്നു. പക്ഷേ അന്ന് ഗംഗാധരന് സീറ്റ് കൊടുത്തില്ല. ശ്രീ. ഗംഗാധരനെ തോൽക്കുമെന്നുറപ്പുള്ള പറവൂരിൽ മൽസരിപ്പിച്ചു. ഗംഗാധരൻ അവിടെ തോറ്റു ; എന്താ കാര്യം? ഗംഗാധരൻ എസ്.എൻ.ഡി.പി. യിലേക്ക് പോയി സ്വാധീനം ഉണ്ടാക്കി എന്ന ഒറ്റ വാശികൊണ്ട്, പിന്നീട് ഗംഗാധരൻ ഈ നിയമസഭ കണ്ടിട്ടില്ല. നിങ്ങളെന്നും പ്രത്യേകിച്ച് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിക്ക് , പിന്നോക്കക്കാർക്ക് വേണ്ടി സംസാരിക്കുകയും അവസരം കിട്ടുമ്പോൾ അവരെ ചവിട്ടിതാഴ്ത്തുകയും ചെയ്യുന്ന ഒരു സമീപനമാണുള്ളത്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് നിങ്ങളുടെ സമീപനമാണ് പ്രശ്നമെന്ന്. ഇവിടെ പല സമുദായങ്ങളേയും പിന്നോക്ക സമുദായങ്ങളായി അംഗീകരിക്കണം.

ശ്രീ. സി. പി. ബാലൻ വൈദ്യർ : സർ, അവസരം കിട്ടുമ്പോഴെല്ലാം പിന്നോക്കക്കാരെ ഞങ്ങൾ അവഗണിക്കുകയാണന്നാണല്ലോ അങ്ങ് പറഞ്ഞത്. കേരളത്തിൽ പിന്നോക്കക്കാർക്ക് ആദ്യമായി സംവരണം ഏർപ്പെടുത്തിയത്

1957-ലെ ഇ.എം.എസ്.-ന്റെ ഗവൺമെന്റ് ആയിരുന്നു എന്നും..... (ബഹളം).....ശ്രീ. സൂപ്പി, അങ്ങ് ലീഗിന്റെ അഭിപ്രായമല്ലേ പറയുന്നത്. സൂപ്പി ഏതോ ലോകത്താണ്. 1958-ൽ ഇറക്കിയ സബോർഡിനേറ്റ് സർവ്വീസ് റൂൾസ് അനുസരിച്ചാണ് ഇന്നും കേരളത്തിൽ സംവരണവ്യവസ്ഥ നിലനിൽക്കുന്നത് എന്ന വസ്തുത അങ്ങേയ്ക്ക് നിഷേധിക്കാൻ കഴിയുമോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, തിരു-കൊച്ചിയിൽ നിലവിലിരുന്ന സംവരണം കേരളം വന്നപ്പോൾ, കേരളം മലബാർ ഭാഗത്തേയ്ക്കുകൂടി നീട്ടിയതാണ്. തിരു-കൊച്ചിയിൽ സി. കേശവന്റെ കോൺഗ്രസ് ഭരണ കാലത്താണ് സംവരണം കൊണ്ടു വന്നത്, ഈഴവ സമുദായത്തിന് കോൺഗ്രസ്സ് ഭരണകാലത്താണ് തിരു-കൊച്ചിയിൽ ഔപചാരികമായി ഈഴവ സമുദായത്തിന് സംവരണം കൊടുത്തത്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ബഹുമാനപ്പെട്ട ശ്രീ. ആർ. ബാലകൃഷ്ണപിള്ള പറഞ്ഞതാണ് ശരി. വൈദ്യരേ, വൈദ്യർ മലബാറുകാരനല്ലേ, തിരുവിതാംകൂറിൽ നിരവധി സമരങ്ങളുടെ ഫലമായിട്ടാണ് സംവരണം കിട്ടിയത്.

ശ്രീ. ടി. എം. ജേക്കബ് : സർ, ഈ ബാലൻ വൈദ്യർ ഇങ്ങനെ ഓർമ്മയില്ലാതെ പല കാര്യങ്ങളും വിളിച്ചു പറയും. ശ്രീ. ഡൊമിനിക് അതൊന്നും ശ്രദ്ധിക്കാതെ അങ്ങ് പറഞ്ഞാൽ മതി.

ശ്രീ. കെ. ബാബു : സർ, സംവരണത്തെ സംബന്ധിച്ച് ശ്രീ. ബാലൻ വൈദ്യർക്കുള്ള ധാരണ പോലെതന്നെയാണ് വൈദ്യത്തെക്കുറിച്ച് അദ്ദേഹത്തിനുള്ള ധാരണ എന്നറിയാമോ ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, അത് പലപ്പോഴും അവർതന്നെ പറയുന്നതാണല്ലേ? ഈ സംവരണം കേരളത്തിൽ 1956-ൽ അല്ല വന്നത്. തിരു-കൊച്ചിയിൽ അത് എത്രയോ വർഷങ്ങൾക്ക് മുൻപ് ഉണ്ടായി. തിരുവിതാംകൂറിൽ വളരെ മുൻപ് ഉണ്ടായിരുന്നു. അത് മലബാറിലേക്ക് കൂടി എക്സ്റ്റന്റ് ചെയ്തു എന്നേയുള്ളൂ. അത് ചെയ്യാൻ ബാദ്ധ്യസ്ഥരാണല്ലോ. കേരളത്തിലെ ആദ്യത്തെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് എന്ന നിലയ്ക്ക് അങ്ങോട്ടേയ്ക്ക് കൂടെ അത് എക്സ്റ്റന്റ് ചെയ്തു. അതല്ലേ ചെയ്തിട്ടുള്ളൂ. നിരവധി സമുദായങ്ങളുടെ അപേക്ഷകൾ കിടക്കുന്നില്ലേ ഈ കമ്മീഷനിൽ. ഉദാഹരണം കുഡുംബി സമുദായം. സാമ്പത്തികമായും സാമൂഹികമായും വളരെ പിന്നോക്കം നിൽക്കുന്ന സമുദായമാണ്. അതുപോലെതന്നെ മറ്റു പല സമുദായങ്ങളുമുണ്ട്. അതൊക്കെ ഉൾപ്പെടുത്താൻ ഈ ഗവൺമെന്റ് ഈ കമ്മീഷനെ സമ്മതിച്ചിട്ടുണ്ടോ ? ഈ അംഗങ്ങളുടെ കാലാവധി കഴിഞ്ഞിട്ട് നാളെത്രയായി. നിങ്ങൾ മന:പൂർവ്വം അത് ഫില്ല് ചെയ്യാതിരിക്കുകയല്ലേ? മനഃപ്പൂർവ്വം ഉള്ള വേക്കൻസികൾ പോലും ഫില്ല് ചെയ്യാതെ സുപ്രീം കോടതി വിധിക്ക് എതിരായി പോലും നിങ്ങൾ ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഈ ഭേദഗതിനിയമം ആർക്കു വേണ്ടിയാണ് എന്ന് ഇവിടെ വ്യക്തമാക്കാൻ ഞാൻ ആവശ്യപ്പെടുകയാണ്. അതു പോലെത്തന്നെ ഈ കമ്മീഷനോട് മറ്റൊരു കാര്യം പറഞ്ഞിരുന്നു. കേരളത്തിലെ പൊതു മേഖലാസ്ഥാപനങ്ങളിൽ പിന്നോക്ക വിഭാഗങ്ങൾക്ക് അർഹമായ പ്രാതിനിധ്യം കിട്ടിയിട്ടുണ്ടോ ? അത് നോക്കാൻകൂടി കമ്മീഷനോട്

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യപ്പെട്ടിരുന്നോ ? അങ്ങനെ നിരവധി ജോലികൾ അതും വളരെ പ്രധാനപ്പെട്ട ഒരു വിഭാഗത്തിന്റെ, പിന്നോക്ക വിഭാഗങ്ങളുടെ ആനുകൂല്യത്തിന്റെ പ്രശ്നത്തെക്കുറിച്ച് പഠിക്കാൻ ഉദ്ദേശിച്ചിട്ടുള്ള ഒരു സ്റ്റാറ്റ്യൂട്ടറി Quasi ജുഡീഷ്യൽ ആയിട്ടുള്ള ഒരു കമ്മിറ്റി ആയിരുന്നു. അങ്ങനെയുള്ള ഒരു കമ്മിറ്റിയെ നിങ്ങൾ നോക്കുകുത്തിയാക്കി മാറ്റി ഒരു ചെയർമാനെ മാത്രം വെച്ചു. രണ്ട് മെമ്പർമാർ പാർട്ട് ടൈം . മറ്റേതെങ്കിലും ഡിപ്പാർട്ട്മെന്റിൽ ജോലി ചെയ്യുന്ന ഒരു സെക്രട്ടറിയെ അതിന്റെ പാർട്ട് ടൈം സെക്രട്ടറി ആക്കി മാറ്റുന്ന ഈ സംവിധാനം ശരിയല്ല. അതുകൊണ്ട് ഈ അമന്റ്മെന്റ് ഒരിക്കലും ഭരണ ഘടനാപരമായി നിലനിൽക്കുകയില്ലാ എന്ന് മാത്രമല്ല നാളെ ആരെങ്കിലും ഇതിനെപ്പറ്റി സുപ്രീം കോടതിയിൽ ചോദ്യം ചെയ്താൽ ചീഫ് സെക്രട്ടറി വീണ്ടും കോർട്ട് അലക്ഷ്യത്തിലേക്ക് പോകുന്ന, പയ്യാവൂർ മോഡലിൽ കോടതിയിലേക്ക് പോകുന്ന സ്ഥിതി എത്തിച്ചേരും എന്നതുകൊണ്ട് തന്നെ ഇന്നത്തെ ഓർഡിനൻസിനെ നിരാകരിക്കണം എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ഫ്രാൻസിസ് : സർ, ഞാൻ ഈ നിരാകരണപ്രമേയത്തെ പിന്താങ്ങുകയാണ്. ഇങ്ങനെയാരു ഓർഡിനൻസ് ഇറക്കുന്നതിന് എന്താണ് സാഹചര്യമുണ്ടായത് ? അങ്ങ് തന്ന സ്റ്റേറ്റുമെന്റിൽ അതിനെപ്പറ്റി യാതൊന്നും പറയുന്നില്ല. എന്തിനുവേണ്ടിയാണ് ഒരു നിയമസഭ ഫെബ്രുവരിയിൽ കൂടാനിരിക്കുമ്പോൾ അതിന് മുൻപായി ഒരു ഓർഡിനൻസ് ഇറക്കിയത്. ഞാൻ വായിച്ചുനോക്കിയിട്ട് ഈ സ്റ്റേറ്റുമെന്റിനകത്ത് ഒന്നും കാണുന്നില്ല. എന്താണ് അത്യാവശ്യം? എന്തിനുവേണ്ടിയാണ് ഈ കമ്മീഷനെ ഒരു പാർട്ട്ടൈം കമ്മിഷനാക്കുന്നത്? ഒരു ഓർഡിനൻസ് ഇറക്കുന്നതിന് മുൻപ് ഇവിടത്തെ ക്യാബിനറ്റ് അതിനെപ്പറ്റി ചർച്ച ചെയ്തിട്ടുണ്ടോ? വകുപ്പുമന്ത്രി ചർച്ച നടത്തിയോ ? ഇവിടെ ഇടതുപക്ഷ ഏകോപന സമിതിയുണ്ടല്ലോ ? ആ സമിതി ചർച്ച ചെയ്തിട്ടുണ്ടോ ? ഒരു ഇച്ഛാശക്തിയുള്ള മന്ത്രിസഭയായിരുന്നുവെങ്കിൽ ഇത്തരത്തിലൊരു ബിൽ അവതരിപ്പിക്കുകയില്ലായിരുന്നു. ഇതിന്റെ ഉദ്ദേശ കാരണത്തിൽ പറഞ്ഞിരിക്കുന്നതെന്താണ്? കമ്മീഷന്റെ ചെലവുകൾക്കായി ഓരോ വർഷവും ഏകദേശം 40 ലക്ഷം രൂപ വിനിയോഗിച്ചുവരുന്നുവെന്നും ജോലി ഭാരവുമായി താരതമ്യപ്പെടുത്തുമ്പോൾ ചെലവ് കൂടുതലായതിനാൽ ഇപ്പോഴുള്ളത് പോലുള്ള വിപുലമായ ഒരു സംവിധാനം ആവശ്യമില്ലെന്ന് തീരുമാനിക്കുകയുണ്ടായി എന്നാണ്. ഇതിന് കാരണമെന്താണ്? ഇവിടെ കെടുകാര്യസ്ഥത കൊണ്ട് ഭരണത്തിൽ ഖജനാവ് കാലിയായിരിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. രാഘവൻ)

മിസ്മാനേജുമെന്റ്കൊണ്ട് ഖജനാവ് കാലിയായിരിക്കുന്നു. അപ്പോൾ ഇനി ശേഷിച്ച കാലം ഭരിക്കുന്നതിന് പിടിച്ചുനിൽക്കാനുള്ള മാർഗ്ഗങ്ങളെന്താണെന്ന് ആലോചിച്ചപ്പോൾ, ഇവിടുത്തെ ബ്യൂറോക്രസി പറഞ്ഞു, സുപ്രീംകോടതിയുടെ തീരുമാനമുണ്ടെങ്കിലും ഒരു ഫുൾ ടൈം കമ്മിഷനാകാതെ പാർട്ട്ടൈം കമ്മിഷനാക്കിയാൽ കുറെ രൂപ ലാഭപ്പെടുത്താമെന്നുള്ള ഒരൊറ്റ കാരണമല്ലേയുള്ളൂ ? പ്രധാന ആക്ടിനെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടോ? എന്തിനാണ്

കമ്മിഷനെയുണ്ടാക്കിയത്? കമ്മിഷന്റെ ചുമതല 9-ാം വകുപ്പിൽ പറയുന്നു. അതിൽ പറയുന്നത് അംഗീകൃത പിന്നോക്ക വിഭാഗത്തിലുൾപ്പെടുത്തിയിട്ടുള്ള ബാക്ക്‌വേഡ് ക്ളാസുകളെപ്പറ്റി, അവർ ഉൾപ്പെടുത്തിയിട്ടുള്ളത് തെറ്റാണെന്നുള്ള ഒരു പരാതിയുണ്ടെങ്കിൽ, അതിനെപ്പറ്റി അന്വേഷിച്ച് സർക്കാരിന് ശുപാർശ ചെയ്യണം . രണ്ടാമത്തെ ചുമതലയെന്താണ്? രണ്ടാമത്തെ ചുമതല ആ അംഗീകൃത ലിസ്റ്റിൽ പിന്നോക്ക സമുദായങ്ങളെ ഉൾപ്പെടുത്താനുള്ള റിക്വസ്റ്റിനെ, അത് അന്വേഷിച്ച് സർക്കാരിന് ശുപാർശ ചെയ്യണം. ഈ രണ്ട് ചുമതലകൾ കമ്മിഷനെക്കൊണ്ട് നിർവ്വഹിപ്പിച്ചിട്ടില്ലെന്നല്ലേ ഉദ്ദേശ കാരണത്തിൽ വ്യക്തമാക്കുന്നത്. രണ്ടാമത്തെ പാരഗ്രാഫിൽ പറയുന്നത് പിന്നോക്ക വിഭാഗങ്ങളുടെ പട്ടികയിലുൾപ്പെടുത്താനുള്ള 29 അപേക്ഷകൾ നാളിതുവരെ കമ്മീഷൻ പരിഗണിക്കുകയുണ്ടായി. എന്നിട്ട് എന്തായി ? അവരെ ചേർത്തോ ? പിന്നെ എന്താണ് പറയുന്നത് ? പിന്നോക്ക വിഭാഗങ്ങളെ സംബന്ധിച്ച പട്ടിക വിപുലപ്പെടുത്താൻ ഏറെ സാദ്ധ്യതയുള്ള സംസ്ഥാനങ്ങളിൽപ്പോലും അത്തരം വിപുലമായ ഒരു സംവിധാനം നിലവിലില്ല. അപ്പോൾ ആ ചുമതല പോലും 40 ലക്ഷം രൂപ പ്രതിവർഷം ചെലവാക്കപ്പെടുന്ന കമ്മീഷൻ നിർവ്വഹിച്ചിട്ടില്ല. അത് മാത്രമാണോ? പുതിയ വിഭാഗങ്ങളെ പിന്നോക്ക സമുദായങ്ങളുടെ പട്ടികയിലുൾപ്പെടുത്താനുള്ള ശ്രമമുണ്ടോ ? അതൊന്നും എടുത്തില്ല. അതിൽ പറയുന്നുണ്ട്, പട്ടികയിലെ ഒരു വിഭാഗം പിന്നോക്ക വിഭാഗമല്ലാതായി തീർന്നിട്ടില്ലെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളതിനാൽ പട്ടികയിൽ കൂടുതലായി ഉൾപ്പെടുത്തിയതുസംബന്ധിച്ച പരാതിയിൻമേൽ കമ്മിഷൻ അന്വേഷണം നടത്തുന്നില്ല. മൂലആക്ടിലെ 9-ാം വകുപ്പനുസരിച്ചുള്ള ചുമതല കമ്മീഷൻ നിർവ്വഹിക്കുന്നില്ലെന്ന് ഇതിൽ പറയുന്നുണ്ട്. പിന്നെ എന്തിനാണ് കമ്മീഷൻ നിലനിർത്തുന്നത് ? ഈ കമ്മീഷനെ നോക്കുകുത്തിയാക്കിനിറുത്തുന്നത് എന്തിനാണ് ? ബഹുമാനപ്പെട്ട ബാലൻ വൈദ്യർ പറഞ്ഞു, ഞങ്ങളാണ് ഇവിടെ സംവരണം കൊടുക്കുന്നതെന്ന്. ആരുടേയും ഔദാര്യമായി കിട്ടിയതല്ല സംവരണം. തിരുവിതാംകൂറിൽ 1936 മുതൽ ഏർപ്പെടുത്തിയതാണ് സംവരണം. നിവർത്തന പ്രസ്ഥാനത്തിലൂടെ വന്നു ചേർന്നതാണ്. സമരങ്ങൾ കൊണ്ട് പിടിച്ചെടുത്തതാണ്. കൊച്ചിയിലും സംവരണം നേരത്തെ ഏർപ്പെടുത്തിയതാണ്. ഈ സംവരണാവകാശത്തെ സംരക്ഷിക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ തയ്യാറാകുന്നില്ല.

ശ്രീ. സി. പി. ബാലൻ വൈദ്യർ : സർ, അങ്ങ് സംവരണം ആരുടെയും ഔദാര്യമല്ല, അവകാശമാണ് എന്ന് പറഞ്ഞല്ലോ. മഹാനായ ജവഹർലാൽ നെഹ്റു മുതൽ മൊറാർജിദേശായി വരെ ഇൻഡ്യാരാജ്യം ഭരിച്ച മഹാന്മാരായ കോൺഗ്രസ് നേതാക്കന്മാർക്ക് ന്യൂനപക്ഷ വിഭാഗങ്ങൾക്ക് കേന്ദ്ര സർവ്വീസിൽ സംവരണം കൊടുക്കാൻ എന്തുകൊണ്ടാണ് നടപടിയെടുക്കാൻ കഴിയാതിരുന്നത് ? അങ്ങയുടെ പാർട്ടി അതിനുവേണ്ടി വല്ലതും ചെയ്തോ ? കോൺഗ്രസിനെ പുറത്താക്കിയതിനുശേഷമല്ലേ നടപടി വന്നത് ?

ശ്രീ. പി. ജെ. ഫ്രാൻസിസ് : സർ, നിങ്ങൾക്ക് ഇരുട്ടുകൊണ്ട് ഓട്ടയടക്കാനായിട്ടുള്ള പരിപാടികളായിരുന്നു. കുരുടൻ ആനയെ കണ്ട

LIBRARY ARCHIVES Kerala Legislative Assembly

രീതിയിലാണ് നിങ്ങൾ ഇതെല്ലാം കാണുന്നത്. ഇവിടുത്തെ ഭരണഘടനാ സംവിധാനത്തെപ്പറ്റിയൊക്കെ പറഞ്ഞല്ലോ, അംബേദ്കർ അത് എങ്ങനെ കൊണ്ടുവന്നെന്ന് പറഞ്ഞില്ലേ ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, സാമൂഹികമായ പിന്നോക്കത്തിന്റെ അടിസ്ഥാനത്തിൽ ഭരണഘടനയിൽ 50 ശതമാനം സംവരണമേർപ്പെടുത്താമെന്ന വ്യവസ്ഥ ഇൻഡ്യയിൽ കൊണ്ടുവന്നത് കോൺഗ്രസല്ലേ ? അതല്ലേ വളരെ പ്രധാനപ്പെട്ട കാര്യം ? ഇൻഡ്യയിലെ സംസ്ഥാന ഗവൺമെന്റുകൾ ഭരണഘടനാപരമായ വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് കേരളമുൾപ്പെടെയുള്ള ഇൻഡ്യയിലെ സംസ്ഥാനങ്ങളിൽ പിന്നോക്കക്കാർക്ക് ആനുകൂല്യം കൊടുത്തത്.

ശ്രീ. പി. ജെ. ഫ്രാൻസിസ് : സർ, ഇപ്പോൾ ഈ നിയമം കൊണ്ടുവന്നത് ആരാണ്? ബഹുമാനപ്പെട്ട നരസിംഹറാവു പ്രധാനമന്ത്രിയായിരുന്ന കാലത്ത് പിന്നോക്ക വിഭാഗങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി കൊണ്ടുവന്നതാണ്. നിങ്ങൾ എപ്പോഴും പറയുമല്ലോ ശ്രീനാരായണഗുരു ഉഴുതിട്ട മണ്ണിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഇവിടെ കൃഷിയിറക്കിയതുകൊണ്ടാണ് വേര് ഉണ്ടായതെന്ന്, ശരിയാണ്. ശ്രീനാരായണഗുരുവിന്റെ നവോത്ഥാന പ്രസ്ഥാനം കൊണ്ട് അവശതയനുഭവിക്കുന്ന സമുദായങ്ങളെ ഉദ്ധരിക്കാൻ കഴിഞ്ഞു. അതിനെ മുതലെടുക്കാൻ നിങ്ങൾ ശ്രമം നടത്തി. നിങ്ങൾ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളെ വളർത്താൻ ശ്രമിച്ചത് അതുകൊണ്ടാണ്. ഇടതുപക്ഷം ഭരിക്കുന്ന സർക്കാർ ഈ ഭേദഗതി കൊണ്ടുവന്നപ്പോൾ ഈഴവാദി സമുദായങ്ങൾക്ക് ഈ ഭേദഗതികൊണ്ട് എന്തെങ്കിലും ഗുണമുണ്ടാക്കാനുള്ള ശ്രമം നടത്തിയോ ? ഈ ഭേദഗതികൊണ്ട് ആർക്കാണ് ഗുണമുണ്ടാകുന്നത് ? നിങ്ങളുടെ സർക്കാരിന് കുറെ പണം ലാഭിക്കാൻ കഴിയും. ഒരു ഫുൾടൈം കമ്മിഷനെ പാർട്ട്ടൈമാക്കി. അത് സുപ്രീംകോടതി വിധിക്കെതിരായിട്ടാണ് ചെയ്യുന്നത്. സുപ്രീംകോടതി വിധിക്കെതിരായിട്ട് ചെയ്യാൻ ശ്രമിക്കുമ്പോൾ പിന്നോക്ക വിഭാഗങ്ങൾക്ക് എന്തെങ്കിലും നേട്ടം കൊടുക്കാൻ നിങ്ങൾ തയ്യാറുണ്ടോ ? നിങ്ങൾ തയ്യാറില്ല. അങ്ങനെയുണ്ടായിരുന്നുവെങ്കിൽ മൂലനിയമത്തിലെ 9-ാം വകുപ്പിൽ നിങ്ങൾ ഒരു ഭേദഗതി നിർദ്ദേശിക്കുമായിരുന്നു. ബഹുമാനപ്പെട്ട ഗൗരിയമ്മയുടെ തെരഞ്ഞെടുപ്പിനെപ്പറ്റി ഇവിടെ സൂചിപ്പിച്ചില്ലേ ? 1987-ലെ തെരഞ്ഞെടുപ്പിൽ ശ്രീമതി ഗൗരിയമ്മക്കെതിരായാണ് ഞാൻ മൽസരിച്ചത്. ആ തെരഞ്ഞെടുപ്പിൽ പത്രത്തിൽ വാർത്താപ്രധാന്യം കിട്ടിയതിന് കാരണമെന്താണെന്നറിയാമോ ? 'കേരം തിങ്ങും കേരള നാട്ടിൽ കെ.ആർ.ഗൗരി ഭരിച്ചീടുമെന്ന്' പറഞ്ഞു. അപ്പോൾ നിയുക്ത മുഖ്യമന്ത്രിയാണെന്നുള്ള പ്രചരണം കാസർകോഡു മുതൽ പാറശ്ശാലവരെ അഴിച്ചുവിട്ടു. എന്നിട്ടോ ? ശ്രീമതി ഗൗരിയമ്മ ജയിച്ചു, ഞാൻ തോറ്റു. ഇടതുപക്ഷ ജനാധിപത്യമുന്നണി ജയിച്ചു, അവർ അധികാരത്തിൽ വന്നു. ബഹുമാനപ്പെട്ട ഗൗരിയമ്മയെ നിങ്ങൾക്ക് മുഖ്യമന്ത്രിയാക്കാൻ കഴിഞ്ഞോ ? ആർ. ശങ്കറിനെ മുഖ്യമന്ത്രിയാക്കിയ പാരമ്പര്യമാണ് ഞങ്ങൾക്കുള്ളത്. സി. കേശവനെ മുഖ്യമന്ത്രിയാക്കിയ പാരമ്പര്യമാണ് ഞങ്ങൾക്കുള്ളത്. അംബേദ്ക്കറിനെ ഭരണഘടനാസമിതിയിലേക്ക് കൊണ്ടുവന്ന പാരമ്പര്യമാണ് ഞങ്ങൾക്കുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു : ബഹുമാനപ്പെട്ട ഫ്രാൻസിസ് 1987-ലെ മുഖ്യമന്ത്രിയുടെ സ്ഥാനത്തിന്റെ കാര്യമാണ് ഇവിടെ പറഞ്ഞത്. ഈ തവണ തെരഞ്ഞെടുപ്പിന്റെ അവസാനഘട്ടത്തിൽ ബഹുമാനപ്പെട്ട ഇ.എം.എസ് കേരളത്തിൽ ഒരു വനിതാ മുഖ്യമന്ത്രി എന്ന് പ്രസ്താവനയിറക്കുകയും പിന്നീട് ശ്രീമതി സുശീലാഗോപാലനെ മാറ്റിനിറുത്തി നിയമസഭാംഗമല്ലാത്ത ബഹുമാനപ്പെട്ട നായനാരെ മുഖ്യമന്ത്രിയാക്കുകയും ചെയ്ത പാർട്ടിയാണ് മാർക്സിസ്റ്റ് പാർട്ടിയെന്നുള്ള വിവരം ഓർക്കുന്നുണ്ടോ ?

ശ്രീ. പി. ജെ. ഫ്രാൻസിസ് : സർ, തീർച്ചയായിട്ടും ഓർക്കുന്നുണ്ട്. കാരണം ശ്രീമതി സുശീലാ ഗോപാലൻ ഞാൻ നിന്ന നിയോജകമണ്ഡലത്തിലെ വോട്ടറാണ്. അവിടുത്തെ ജനങ്ങളൊക്കെ പ്രതീക്ഷിച്ചു, ശ്രീമതി സുശീലാ ഗോപാലൻ മുഖ്യമന്ത്രിയാകുമെന്ന്. പക്ഷേ അതിന് പാരവയ്ക്കാൻ നിങ്ങളെപ്പോലെ വിദഗ്ധർ വേറെ ആരുമില്ല. അതുകൊണ്ടാണ് രാഷ്ട്രീയ പ്രവർത്തനം അവസാനിപ്പിച്ച് വിശ്രമ ജീവിതത്തിന് പോയ ശ്രീമാൻ നായനാരെ നിയമസഭാംഗമല്ലാത്ത ആളെ കൊണ്ട് വന്ന് പിന്നെയും മുഖ്യമന്ത്രിയാക്കിയത്.

ശ്രീ. സി. പി. ബാലൻ വൈദ്യർ : സർ, അങ്ങ് ഗൗരിയമ്മയെപ്പറ്റി എടുത്തെടുത്ത് പറയുന്നുണ്ട്. ഗൗരിയമ്മയെ മാനസികമായി പീഡിപ്പിക്കുക എന്നുള്ളത് കോൺഗ്രസ്സിന്റെ നയമാണോ എന്ന് എനിക്കറിയില്ല. ഞങ്ങളുടെ പാർട്ടി കോൺഗ്രസ് പോലെയല്ല. ഗൗരിയമ്മയെപ്പറ്റി പറയുന്നതെല്ലാം ഗൗരിയമ്മ കേട്ടില്ലേ. ഗൗരിയമ്മയെ ഇങ്ങനെ മാനസികമായി വിഷമിപ്പിക്കുന്നത് അവരാണ്. കോൺഗ്രസ് മുഖ്യമന്ത്രികസേരയ്ക്ക് വേണ്ടി കുതികാൽ വെട്ട് പ്രവർത്തനം നടത്തിയതുപോലെയല്ല ഞങ്ങളുടെ പാർട്ടി.

ശ്രീ. പി. ജെ. ഫ്രാൻസിസ് : ഗൗരിയമ്മ മാർക്സിസ്റ്റ് പാർട്ടി പീഡിപ്പിച്ചാലും, അരൂരിലെയല്ല, ആലപ്പുഴയിലെയല്ല കേരളത്തിലെ ജനങ്ങൾ അതിന് സമ്മതിക്കില്ലെന്ന് തെളിഞ്ഞില്ലേ. എന്നുമാത്രമല്ല, 1987-ലും 1981-ലും 1996-ലും അവിടുത്തെ ജനങ്ങൾ ഗൗരിയമ്മയെ ജയിപ്പിച്ചു. ഇനിയും ജയിപ്പിക്കും. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഗൗരിയമ്മയെ ഉപയോഗിച്ചുകൊണ്ടുണ്ടാക്കിയ നേട്ടത്തെ മറന്നുകൊണ്ട് അവരെ പീഡിപ്പിക്കാൻ ശ്രമിച്ചാൽ ജനങ്ങൾ അതിന് മറുപടി പറയും. നിങ്ങളുടെ പ്രസ്ഥാനത്തിന് സ്മരണയില്ല, നന്ദിയില്ല. നിങ്ങൾ ഇപ്പോഴും ഞങ്ങളെ എതിർക്കുകയാണ്. പാർലമെന്റിൽ ഇപ്പോൾ നിങ്ങൾക്ക് 33 അംഗങ്ങളുണ്ട്. 1998-ൽ നിങ്ങൾക്ക് 32 അംഗങ്ങളേ ഉണ്ടായിരുന്നുള്ളൂ. അതിനു മുൻപും 32 അംഗങ്ങളേ ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ 33 അംഗങ്ങളെ കിട്ടിയത് എങ്ങനെയാണ്. നിങ്ങൾക്കറിയാമോ ? നിങ്ങൾക്ക് ബംഗാളിൽ 1998-ൽ 24 പാർലമെന്റ് അംഗങ്ങളുണ്ടായിരുന്നു. ഇപ്രാവശ്യം എത്രയായിട്ടുണ്ടെന്ന് അറിയാമോ ? 21- ആയി കുറഞ്ഞു. 3 അംഗങ്ങളുടെ നഷ്ടമുണ്ടായി. എവിടെ നിന്നാണ് കിട്ടിയത് ? കേരളത്തിൽ നിങ്ങൾ 1977-ൽ ജനസംഘത്തിന്റെ മൂടുപടം മാറ്റിക്കൊണ്ട്, ജനതാപാർട്ടിയായിരുന്നപ്പോൾ നിങ്ങൾ സഹായിച്ചു. 1989-ൽ നിങ്ങൾ സഹായിച്ചു. 1996-ൽ പ്ലേറ്റ് മാറ്റി വച്ചു.

ശ്രീ. എൻ. ആർ. ബാലൻ : ബംഗാളിൽ ഞങ്ങൾക്ക് 3 സീറ്റ് കുറഞ്ഞതായി അങ്ങ് പറഞ്ഞല്ലോ. അത് കറക്ട്. പക്ഷേ കോൺഗ്രസ് ഭരിക്കുന്ന എല്ലാ സംസ്ഥാനങ്ങളിലും കോൺഗ്രസിനെ ജനങ്ങൾ തോൽപ്പിക്കുകയുണ്ടായിയെന്ന് അങ്ങേക്കറിയാമല്ലോ. ഡൽഹിയിൽ കോൺഗ്രസിന് എത്ര സീറ്റ് കിട്ടി ; ഗോവയിൽ എത്ര സീറ്റ് കിട്ടി എന്നുകൂടി പറയുന്നത് നല്ലതല്ലേ.

ശ്രീ. പി. ജെ. ജോയി : മാർക്സിസ്റ്റ് പാർട്ടിക്ക് ബംഗാളിൽ സീറ്റ് കുറഞ്ഞു എന്നതു മാത്രമല്ല ദേശീയ അംഗീകാരം വരെ നഷ്ടപ്പെടുത്തുന്ന സ്ഥിതിയിലായി എന്നുള്ള കാര്യം അറിയാമോ ?

ശ്രീ. പി. ജെ. ഫ്രാൻസിസ് : ഞങ്ങൾക്കും തോൽവികളുണ്ടായിട്ടുണ്ട്. കാരണം ഞങ്ങളുടെ കുറേ നേതാക്കൻമാർ അവസരവാദികളായും അധികാരത്തിനുവേണ്ടിയും പുറകേ പോകുന്നുണ്ട്. നിങ്ങൾക്കെന്തുപറ്റി? നിങ്ങൾ തകർന്നില്ലേ ? ഇപ്പോൾ 33 അംഗങ്ങൾ പാർലമെന്റിൽ ഉണ്ടായതെന്തുകൊണ്ടാണ്. നിങ്ങൾക്ക് തമിഴ്നാട്ടിൽ ഒരു സീറ്റ് കിട്ടി. ഞങ്ങളുടെ കൂടെ കൂട്ടു കൂടിയിട്ടല്ലേ. മധുരയിൽ മൽസരിച്ച നിങ്ങളുടെ സ്ഥാനാർത്ഥിയുടെ വാൾപോസ്റ്റിൽ സോണിയാ ഗാന്ധിയുടെ പടം ഉണ്ടായിരുന്നു. നിഷേധിക്കാനൊക്കുമോ ? ബീഹാറിൽ നിങ്ങൾക്കൊരു സീറ്റ് കിട്ടി. അങ്ങനെയാണ് 33 സീറ്റ് കിട്ടിയത്. ഇപ്പോൾ ബീഹാറിൽ ഞങ്ങൾ ലാലുപ്രസാദുമായി കൂട്ടു പിരിഞ്ഞപ്പോൾ നിങ്ങൾ പോയി കൂട്ടു കൂടിയല്ലോ.

ശ്രീ. പി. വിശ്വൻ : സീറ്റിന്റെ കാര്യമാണല്ലോ പറയുന്നത്. ഇന്നലത്തെ ഹിന്ദു പത്രത്തിൽ വളരെ പ്രധാനപ്പെട്ട ഒരു വാർത്തയുണ്ട്. " U.P. rubs salt into congress (I) wounds" അതിൽ പറയുകയാണ്. 7,10,000 വോട്ട് ഉണ്ടായിരുന്നു. ലക്നോയിൽ കോൺഗ്രസ് (ഐ) സ്ഥാനാർത്ഥിക്ക് കിട്ടിയ വോട്ട് 7500. ഒരു നിയമസഭാ മണ്ഡലത്തിൽ കോൺഗ്രസ് (ഐ)ക്ക് നാക്കൂർ കോൺസ്റ്റിറ്റുവൻസിയിൽ അവർക്ക് കിട്ടിയ ആകെ വോട്ട് 1200. ഈ കോൺഗ്രസ് (ഐ) യുടെ സ്ഥിതി വച്ചു കൊണ്ടാണോ അങ്ങ് ഇതിനെക്കുറിച്ച് പറയുന്നത്.

മി. ചെയർമാൻ : ഇത് ഇലക്ഷൻ അനാലിസിസ് അല്ല, ബിൽ ആണ്.

ശ്രീ. പി. ജെ. ഫ്രാൻസിസ് : കോൺഗ്രസ് ഇതിനുമുൻപും തോറ്റിട്ടുണ്ട്. ഇന്ദിരാഗാന്ധിയെ അധികാരത്തിൽ നിന്ന് തൂത്തെറിഞ്ഞു. കഥ കഴിഞ്ഞെന്ന് പറഞ്ഞു. വീണ്ടും ഇന്ദിരാഗാന്ധി വന്നു. അതുപോലെ ഇനിയും ബുദ്ധിമുട്ടുകളും പ്രയാസങ്ങളുമുണ്ട്. ഞങ്ങളുടെ പ്രവൃത്തികളുടെ ദോഷംകൊണ്ട് ഞങ്ങൾ അനുഭവിക്കും. എങ്കിൽ തന്നെയും ഇവിടെ മറ്റൊരു രാഷ്ട്രീയ പ്രസ്ഥാനം ഇൻഡ്യയെ ഒന്നായി കാണാനില്ലാത്തതുകൊണ്ട് വീണ്ടുമത് തിരിച്ചു വരും. ഞാൻ ബില്ലിലേക്ക് കടക്കുകയാണ്. നിങ്ങൾ പറഞ്ഞു ശ്രീനാരായണഗുരുവിന്റെ പ്രതിമ തകർക്കാൻ കമ്മ്യൂണിസ്റ്റുകാർക്ക് സാദ്ധ്യമല്ല എന്ന്. ആയിക്കോട്ടെ, നല്ലത്, പക്ഷേ ഈ ശ്രീനാരായണഗുരുവിനെ വിശ്വസിച്ച് വരുന്ന ഈഴവർ ഉൾപ്പെടെയുള്ള പിന്നോക്കക്കാരെ സംരക്ഷിക്കുവാൻ അവർക്ക് ഗുണം ചെയ്യുവാനായിട്ട് ഭേദഗതി കൊണ്ട് വരുവാൻ തയ്യാറായോ ? നിങ്ങൾ തയ്യാറായില്ല.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ തയ്യാറായിരുന്നുവെങ്കിൽ 9-ാം വകുപ്പിൽ ഒരു ഭേദഗതി കൊണ്ടു വരുമായിരുന്നു. പിന്നോക്കക്കാർക്ക് ഭരണഘടനയിൽ കൊടുത്തിരിക്കുന്ന അവകാശങ്ങൾ നിഷേധിക്കുന്നില്ലേ. പി.എസ്.സി.യുടെ റാങ്ക് ലിസ്റ്റിൽ വന്ന പിന്നോക്കക്കാർക്ക് ജോലി കൊടുക്കാതിരിക്കുന്ന എത്ര കേസുകൾ ഉണ്ട്. അവരുടെ നിയമനം നിഷേധിക്കുന്നു. പിന്നോക്കക്കാരുടെ സംവരണം നടപ്പിലാക്കാതിരിക്കുന്നതിന് പല പൊതുമേഖലാ സ്ഥാപനങ്ങളിലും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്നു. അങ്ങനെ ഡെപ്യൂട്ടേഷൻ നടത്തുക മാത്രമല്ല സമാശ്വാസ നിയമനം പോലും ഇവിടുത്തെ ഭരണ വർഗ്ഗത്തിലെ സംമ്പന്ന സവർണ്ണ ബ്യൂറോക്രസി നിഷേധിക്കുന്ന കഥകൾ എത്ര മാത്രമാണ്. നിങ്ങൾക്കതിനെപ്പറ്റി ബോധമുണ്ടായിരുന്നെങ്കിൽ ഈ 9-ാം വകുപ്പിൽ ഭേദഗതി വരുത്തി കമ്മീഷന് മറ്റൊരു ചുമതല കൂടി കൊടുക്കുമായിരുന്നു. പിന്നോക്ക വിഭാഗങ്ങൾക്ക് ഭരണഘടനാപരമായി അനുവദിച്ചിട്ടുള്ള സംവരണത്തെ നിഷേധിക്കുന്നതിനെപ്പറ്റി അന്വേഷിക്കുവാനും അതിന് പരിഹാരം നിർണ്ണയിക്കാനുമായിട്ടുള്ള നിയമം ഇവിടെ കൊണ്ടുവരണമായിരുന്നു. അതിനെന്തെങ്കിലും ചെയ്തോ? ചെയ്യാതെ കാശ് ലാഭത്തിനുവേണ്ടി മാത്രമാണ് ചെയ്യുന്നത്. ഇവിടെ എന്തുമാത്രം ക്രൂര വിനോദമാണ് നടക്കുന്നത് ? ഈ സമ്പന്നരും സവർണ്ണമേധാവികളുമായ ഉദ്യോഗസ്ഥൻമാർ എത്രത്തോളമാണ് പിന്നോക്ക വിഭാഗത്തെ നശിപ്പിച്ചു കൊണ്ടിരിക്കുന്നത്. അവരുടെ കൂത്താട്ടങ്ങളൊക്കെ കാണുന്നുണ്ടോ ? ഞാൻ 10-ാം കേരള നിയമസഭയുടെ പിന്നോക്ക സമുദായ ക്ഷേമ സമിതിയുടെ 7-ാമത് റിപ്പോർട്ട് വായിക്കാം. അതിൽ പറഞ്ഞിരിക്കുന്നത് സംസ്ഥാന സർക്കാർ തസ്തികകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലെ തസ്തികകളിലും ജനസംഖ്യയുടെ 60 ശതമാനത്തിലധികം വരുന്ന പിന്നോക്ക സമുദായക്കാർക്ക് ജനസംഖ്യാനുപാതികമായോ നിയമം അനുശാസിക്കുന്ന സംവരണ വ്യവസ്ഥ പ്രകാരമോ നിയമനം ലഭിച്ചിട്ടില്ലയെന്നത് ഒരു ദു:ഖസത്യമായി അവശേഷിക്കുന്നു. ഈ റിപ്പോർട്ടിൻമേൽ ഭരണപക്ഷത്തിന്റെ കണ്ണ് തുറക്കാൻ സാധിച്ചോ ? എന്നിട്ട് പിന്നീട് പറയുന്നു; 4-2-1993-ൽ നിലവിൽ വന്ന പിന്നോക്ക സമുദായ ക്ഷേമ സമിതി കുറഞ്ഞ കാലയളവിനുള്ളിൽ സംസ്ഥാന സർക്കാർ സർവ്വീസിലേയും വിവിധ പൊതു മേഖലാ സ്ഥാപനങ്ങളിലേയും സഹകരണം, ജുഡീഷ്യറി, ദേവസ്വം ബോർഡ്, വിവിധ സർവ്വകലാശാലകൾ എന്നിവിടങ്ങളിലെ നിയമനങ്ങളിൽ പിന്നോക്ക വിഭാഗപ്രാതിനിധ്യം സംബന്ധിച്ച പരിശോധന നടത്തുകയും ഇവയിലുണ്ടായിട്ടുള്ള പിന്നോക്ക സമുദായ പ്രാതിനിധ്യം പരിഹരിക്കണമെന്ന് ഗവൺമെന്റിനോട് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. നിരന്തരമായ എഴുത്തുകുത്തുകൾ നടത്തിയിട്ടും സമിതിയുടെ ശുപാർശകളിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടികളെ സംബന്ധിച്ച് മറുപടി നൽകുന്നതിന് ഗവൺമെന്റ് കാലതാമസം വരുത്താറാണ് പതിവ്. പിന്നോക്ക സമുദായത്തോട് സ്നേഹമുള്ളവരാണല്ലോ നിങ്ങൾ. അവരുടെ സംരക്ഷകരെന്ന് വീമ്പിളക്കുന്ന നിങ്ങൾക്ക് ഈ ഭേദഗതി വന്നപ്പോഴെങ്കിലും ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അവരെ ഒന്നു സഹായിക്കാൻ 9-ാം വകുപ്പിന് ഒരു ഭേദഗതി കൊണ്ടുവന്നുകൂടെ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. നാലകത്ത് സൂപ്പി : കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്ന 3-ാമത്തെ റിപ്പോർട്ടിൽ പിന്നോക്ക സമുദായങ്ങൾക്ക് ഉദ്യോഗത്തിൽ അനുവദിക്കപ്പെട്ട പ്രാതിനിധ്യം കിട്ടിയിട്ടില്ലെന്ന് വ്യക്തമാക്കിയിരുന്നു. അതോടൊപ്പം തന്നെ അവരുടെ ഒരു നിർദ്ദേശം എന്നുള്ള നിലയ്ക്ക് backlog നികത്തുന്നതിനുവേണ്ടി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തണമെന്ന് ഗവൺമെന്റിനോട് ശുപാർശ ചെയ്തിരുന്നു. അതിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് ഒന്നും ചെയ്തില്ല എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. പി. ജെ. ഫ്രാൻസിസ് : 9-ാം കേരള നിയമസഭയിലെ പിന്നോക്ക സമുദായക്ഷേമ സമിതി മാത്രമല്ല 10-ാം കേരള നിയമസഭയിലെ
12 Noon] പിന്നോക്കസമുദായ ക്ഷേമസമിതിയും ശുപാർശ ചെയ്തിട്ടുണ്ട്. നാളിതുവരെ ഈ സർക്കാർ ഒരു വിരൽപോലും അനക്കിയില്ല. 7-ാമത്തെ റിപ്പോർട്ടിൽ ; പിന്നോക്ക സമുദായക്കാരുടെ സാമൂഹ്യവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ വിവിധങ്ങളായ പ്രശ്നങ്ങളിൽമേൽ വ്യക്തികളിൽനിന്നും സംഘടനകളിൽനിന്നും ലഭിക്കുന്ന പരാതികളിൻമേൻ ഗവൺമെന്റിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയും കത്തുകൾ, ഓർമ്മക്കുറിപ്പുകൾ അർത്ഥ ഔദ്യോഗിക കത്തുകൾ ഈ അയയ്ക്കുകയും ചില അവസരങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെവിളിച്ച് തെളിവെടുപ്പ് നടത്തുകയും ചെയ്തിട്ടുണ്ട്. തെളിവെടുപ്പ് വേളയിൽ സമിതി ആവശ്യപ്പെട്ട വിവരങ്ങൾ നല്കുമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ സമിതി മുൻപാകെ ബോധിപ്പിക്കുന്നുണ്ടെങ്കിലും മിക്ക അവസരങ്ങളിലും അത് പാലിക്കപ്പെടുന്നതായി കാണുന്നില്ല. ഈ റിപ്പോർട്ടുകൾ ഇവിടെത്തെ സർക്കാർ ശ്രദ്ധിച്ചിട്ടുണ്ടോ ? ഈ റിപ്പോർട്ടിനെപ്പറ്റി ഇവിടുത്തെ ഭരണകർത്താക്കൾ ഒന്ന് ചിന്തിക്കാൻ തയ്യാറുണ്ടോ ? പി.എസ്.സി. യുടെ റാങ്ക് ലിസ്റ്റിൽ വന്ന പിന്നോക്ക സമുദായക്കാരന് ജോലി കൊടുക്കാതെ നിഷേധിക്കുന്ന എത്രയെത്ര കേസുകളാണ് വന്നിരിക്കുന്നത്. 1998-ൽ 10 -ാം കേരള നിയമസഭയിൽ പിന്നോക്ക സമുദായസമിതിയുടെ മൂന്നാമത് റിപ്പോർട്ട് വന്നു. ശ്രീമതി ശാന്തകുമാരി എന്ന ഈഴവ സ്ത്രീ സാങ്കേതിക വിദ്യാഭ്യാസവകുപ്പിൽ ഇൻസ്പെക്ടർ ഓഫ് ഇൻഡസ്ട്രിയൽ സ്കൂൾ എന്ന തസ്തികയിലേക്ക് പി.എസ്.സി. നടത്തിയ തെരഞ്ഞെടുപ്പിൽ വിജയിച്ചു. പ്രസ്തുത തസ്തികയുടെ നിയമനത്തിനായി 1998-ൽ പി.എസ്.സി. പ്രസിദ്ധപ്പെടുത്തിയ റാങ്ക് ലിസ്റ്റിൽ 3-ാമത്തെ റാങ്കുകാരിയാണ് ശ്രീമതി ശാന്തകുമാരി. സാങ്കേതിക വിദ്യാഭ്യാസവകുപ്പിൽ വരുന്ന ഒഴിവുകൾ പ്രൊമോഷനിലൂടെയും പി.എസ്.സി.യുടെ നിയമനത്തിലൂടെയുമാണ് നികത്തുന്നത്. അന്ന് രണ്ട് ഒഴിവുകളുണ്ടായി. ഒരൊഴിവ് പ്രൊമോഷനിൽ കൂടി നികത്തി. രണ്ടാമത്തെ ഒഴിവിനുവേണ്ടി പി.എസ്.സി.യോട് ശുപാർശ ചെയ്തു. പി.എസ്.സി. 15-10-1991-ൽ അപേക്ഷ സ്വീകരിച്ചു. എന്നിട്ട് 17-3-1999-ൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ഈ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് മുൻപ് കോതമംഗലത്തെ ഇൻഡസ്ട്രിയൽ സ്കൂൾ ഇൻസ്പെക്ടർ ശ്രീമതി മഹാലക്ഷ്മി സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തു. തൽഫലമായി ഒരൊഴിവു കൂടി നിലവിൽ വന്നു. ആ റാങ്ക് ലിസ്റ്റ് വന്നത്

LIBRARY ARCHIVES Kerala Legislative Assembly

17-3-19998-ൽ . റാങ്ക് ലിസ്റ്റ് വരുന്നതിനുമുൻപായി ഒരു റിട്ടയർമെന്റ് വേക്കൻസി യുണ്ടായി. അത് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തില്ല. അത്തരത്തിലുള്ള നീചമായ രീതിയിലാണ് ഇവിടത്തെ ഉദ്യോഗസ്ഥ മേധാവികൾ പിന്നോക്ക വിഭാഗത്തിന്റെ അവകാശം നഷ്ടപ്പെടുത്തുന്നത്. 9-ാം സഭയിലെ കമ്മിറ്റിയിൽ പറഞ്ഞത് ഹൈക്കോടതി സ്റ്റേയുണ്ടായിരുന്നു, അതുകൊണ്ട് അവർക്ക് കൊടുക്കുവാൻ സാധിച്ചില്ല എന്നാണ്. ആ ഡിപ്പാർട്ടുമെന്റിലെ രണ്ട് വ്യക്തികൾ ഹൈക്കോടതിയിൽ കേസ് കൊടുത്തു. അവർക്ക് പ്രൊമോഷന് അർഹതയുണ്ട്, സ്റ്റേയുണ്ടായിരുന്നുവെന്ന്, നിയമസഭാ സമിതിയുടെ മുൻപാകെ കൊടുത്ത ലറ്ററുകൾ വസ്തുതാ വിരുദ്ധമായിരുന്നു. അവർ ഒ.പി. കൊടുത്തു. ഒ.പി. നമ്പർ 10078/87, 10486/87, അതായത് പി.എസ്.സി. ഇതിന്റെ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്ന നടപടി നടത്തികൊണ്ടിരുന്ന വേളയിലിയാണ് അവർ കേസ് കൊടുത്തത്, അവർക്ക് പ്രൊമോഷൻ അംഗീകരിച്ച് കിട്ടണമെന്ന്. ആ കേസ് തള്ളുന്നതുവരെ ഈ 3-ാം റാങ്കുകാരിയായ ഈഴവ സ്ത്രീയെ നിയമിക്കാതിരുന്നു. ഒന്നാമത്തെ റാങ്കുകാരിയെ നിയമിച്ചു എന്നിട്ട് പറഞ്ഞു സ്റ്റേയുണ്ടെന്ന്, അവസാനം പിന്നോക്ക സമുദായക്ഷേമ സമിതി, ഉദ്യോഗസ്ഥൻമാരെ വിളിച്ച് വരുത്തിയപ്പോൾ അവർക്ക് റിക്കാർഡ് കൊണ്ട് സമ്മതിക്കേണ്ടിവന്നു, സ്റ്റേ ഉണ്ടായിരുന്നില്ലായെന്ന് . കമ്മിറ്റി ശുപാർശ ചെയ്തു. 1-4-1982-ൽ വന്ന വേക്കൻസി, യഥാർത്ഥത്തിൽ വേക്കൻസി വന്ന സമയത്ത് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ വന്നിട്ടുള്ള വീഴ്ചയുടെ ഫലമായി ശ്രീമതി ശാന്തകുമാരിക്ക് അർഹതപ്പെട്ട ഉയർന്ന ഉദ്യോഗം നഷ്ടമായി. തന്റേതല്ലാത്ത വീഴ്ച കൊണ്ടുമാത്രം കടുത്ത നീതിനിഷേധത്തിന് അവർ ഇരയാകുകയും ചെയ്തു. പിന്നോക്കജാതിയിൽപ്പെട്ട വിധവയായ പരാതിക്കാരിക്ക് നീതി ഉറപ്പ് വരുത്തേണ്ടത് അനിവാര്യമായതിനാൽ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ 39-ാം ചട്ടങ്ങളിൽ അധികാരങ്ങൾ ഉപയോഗിച്ച് മുൻകാല പ്രാബല്യത്തോടുകൂടി ശ്രീമതി ശാന്തകുമാരിക്ക് ഇൻഡസ്ട്രിയൽ സ്കൂളിൽ ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് അടിയന്തിരമായി നിയമനം നൽകണമെന്ന് സമിതി ശുപാർശ ചെയ്തു. ഈ ശുപാർശ നടപ്പിലാക്കിയോ ? നടപ്പിലാക്കാതിരിക്കുക മാത്രമല്ല, ആക്ഷൻ ടേക്കൺ റിപ്പോർട്ട് ചോദിച്ചപ്പോൾ ഉന്നതവിദ്യാഭ്യാസ വകുപ്പിലെ അഡീഷണൽ സെക്രട്ടറി സമിതിക്ക് എഴുതി കൊടുത്തത് എന്താണെന്ന് അറിയാമോ? അതിന്റെ പ്രസക്തഭാഗം ഞാൻ വായിക്കാം. സമിതിയുടെ ആവർത്തിച്ചുള്ള ശുപാർശയുടെ വെളിച്ചത്തിൽ ശ്രീമതി ശാന്തകുമാരിയുടെ കേസ് സർക്കാർ വീണ്ടും വിശദമായി പരിശോധിച്ചു, ശ്രീമതി ശാന്തകുമാരിക്ക് ഇൻഡസ്ട്രിയൽ സ്കൂൾ ഇൻസ്പെക്ടർ തസ്തികയിൽ നിയമനം ലഭിക്കാതിരുന്നത് തികച്ചും ഭരണപരമായ അടിയന്തിര സാഹചര്യത്തിലാണ്. എന്താണ് ഭരണപരമായ അടിയന്തിര സാഹചര്യമുണ്ടായത് ? സർക്കാർ സർവ്വീസിൽ ഇത്തരം സാഹചര്യം സ്വാഭാവികമായി ഉണ്ടാകുമെന്ന്. ശ്രീമതി ശാന്തകുമാരിക്ക് ഇൻഡസ്ട്രിയൽ സ്കൂളിൽ നിയമനം ലഭിക്കാത്ത സാഹചര്യമുണ്ടായത് വളരെ വർഷങ്ങൾക്ക് മുൻപാകെയാലും ഇത് സർക്കാർ സർവ്വീസിൽ സാധാരണമാകയാലും കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂളിലെ 39-ാം ചട്ടം നല്കുന്ന അധികാരം വിനിയോഗിച്ച്

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിക്കത്തക്ക ഒരു കേസായി സർക്കാർ കരുതുന്നില്ല. പിന്നോക്ക സമുദായങ്ങൾക്ക് പി.എസ്.സി.യിൽ റാങ്ക് വന്നു കഴിഞ്ഞാലും നിഷേധിക്കുക യെന്നുള്ളത് ഒരു സാധാരണ സർവ്വീസ് നടപടിയാണെന്ന്. മറ്റൊരു റിപ്പോർട്ട് കൂടിയുണ്ട്. ഞാൻ അത് വായിക്കുന്നില്ല. ഫയർ സർവ്വീസിലും ഒരു കേസുണ്ട്. സമിതി ശുപാർശ ചെയ്തു. ശുപാർശ ചെയ്തത് ഈ പ്രശ്നം ക്യാബിനറ്റിൽ വച്ചുകൊണ്ട് റൂൾ 39 അനുസരിച്ച് പ്രത്യേകമായി അവർക്ക് ജോലി കൊടുക്കണം. സെക്രട്ടറിമാർ ചെയ്തത് എന്താണെന്നോ, അവർ ക്യാബിനറ്റിൽ വച്ചില്ല മുഖ്യമന്ത്രിയെ കൊണ്ട് ഒപ്പിട്ടുവാങ്ങിച്ച് ആ ഫയൽ ക്ലോസ് ചെയ്തു. ആക്ഷൻ ടേക്കണിന് സമിതി വിളിച്ചുവരുത്തിയപ്പോൾ അദ്ദേഹത്തോട് ചോദിച്ചു, ക്യാബിനറ്റിൽ വയ്ക്കുന്നതിന് എന്താണ് തടസ്സം? ക്യാബിനറ്റിൽ വയ്ക്കുന്നതിന് തടസ്സമൊന്നുമില്ലായിരുന്നു, വീണ്ടും ഒരു ശുപാർശ വേണമെന്നായിരുന്നു. ഓരോ കേസിലും അവർ ഇങ്ങനെയാണ് ചെയ്യുന്നത്. ഒരു കേസ് കൂടി പറയാം. എം.പി. ഡോളി എന്നുപറയുന്ന ഒരു സ്ത്രീ സമാശ്വാസ നിയമനത്തിനുവേണ്ടി അപേക്ഷിച്ചു അവർക്ക് അപ്പനും അമ്മയുമില്ല. അവരുടെ സഹോദരിയുടെ സംരക്ഷണയിലാണ് കഴിഞ്ഞിരുന്നത്. സഹോദരി ഹെലൻ ഹെൽത്ത് ഡിപ്പാർട്ടുമെന്റിൽ ഡയറ്റീഷ്യനായിരുന്നപ്പോൾ 1992-ൽ മരിച്ചു. അതിനുമുൻപ് 1985-ൽ സെയിൽസ്ടാക്സ് ഓഫീസർ ആയിരുന്നപ്പോൾ ആക്സിഡന്റിൽ അവരുടെ ഭർത്താവ് മരിച്ചു. അവർക്ക് ഒരു കുട്ടിയേ ഉള്ളൂ. ഭർത്താവ് മരിക്കുമ്പോൾ ആ കൊച്ച് കുട്ടിക്ക് ഒരു വയസ്സ്, അമ്മ മരിക്കുമ്പോൾ ആ കുട്ടിക്ക് 8 വയസ്സ്. ആ സഹോദരി സമാശ്വാസ നിയമനത്തി നുവേണ്ടി അപേക്ഷിച്ചു, എന്തു പറഞ്ഞാണ് അവരുടെ അപേക്ഷ തള്ളിക്കളഞ്ഞ തെന്നോ, ഈ കുട്ടി പ്രായമായി കഴിഞ്ഞാൽ അമ്മയുടെ പേരിലുള്ള ജോലി ആവശ്യപ്പെട്ടാൽ നിഷേധിക്കുവാൻ പറ്റില്ലയെന്ന് പറഞ്ഞാണ്. എത്ര നീചമായ അവസ്ഥയാണ്, അപ്പനും അമ്മയും മരിച്ചു, അപ്പന്റെ പേരിലും അമ്മയുടെ പേരിലും ജോലി കിട്ടാം, പക്ഷേ ഉദ്യോഗസ്ഥർ പറഞ്ഞത് ആ കുട്ടി മേജർ ആകുമ്പോൾ അമ്മയുടെ പേരിൽ ജോലി ചോദിക്കും, അതുകൊണ്ട് കൊടുക്കാൻ പറ്റില്ല എന്നാണ്. തെളിവെടുപ്പ് വേളയിൽ ഉദ്യോഗസ്ഥർ പറഞ്ഞു ജി.ഒ.പി. നമ്പർ. 7/95. പി. ആന്റ് എ. ആർ. ഡി. ഡേറ്റഡ് 30-3-1995, ആ ഓർഡറിന്റെ ആദ്യം പറയുന്നത് As per the Government Order read as first paper above, Government have introduced a scheme to provide employment assistance to the dependents of Government servants who die-in-harness. The intention of the scheme was to provide expeditious relief to the immediate family of the deceased Government servant who will suffer in the absence of such relief. അടിയന്തിരമായി സഹായം കൊടുക്കണം, ആ കുടുംബത്തിന് നഷ്ടം, വന്നു, വരവില്ല, 8 വയസ്സായ കുട്ടിയെ സംരക്ഷിക്കേണ്ടേ? ആ കുട്ടിയുടെ രക്ഷാകർതൃത്വം ഡോളി ഏറ്റിരിക്കുകയാണ്, എന്നിട്ട് കൊടുത്തില്ല, ഇത് ചോദിച്ചപ്പോൾ പി ആന്റ് എ.ആർ.ഡി.യുടെ സെക്രട്ടറി പറഞ്ഞു, അത് ശരിയാണ്, കൊടുക്കില്ല, പെറ്റീഷൻ കമ്മിറ്റിയുടെ ശുപാർശ കൂടി ഈ ഓർഡറിൽ പറയുന്നു The Petitions Committee of the State Legislature have also recommended that in the event of the death

LIBRARY ARCHIVES Kerala Legislative Assembly

of a Government Servant while in service, one of his dependents should invariably be given appointment without any pre-conditions. ഇത്രയും വ്യക്തമായി പറഞ്ഞില്ലേ, ഏതെങ്കിലും ഒരവകാശിക്ക് യാതൊരു നിബന്ധനയും കൂടാതെ ജോലി കൊടുക്കണമോ ? ഈ കുഞ്ഞ് വളരണ്ടേ ? ആ കുഞ്ഞ് വളരണമെങ്കിൽ ആ സ്ത്രീക്ക് കൊടുക്കണ്ടേ ? ഇതൊക്കെയായിട്ടും അവസാനം ആ ഉദ്യോഗസ്ഥൻ കൊടുക്കുകയില്ല എന്നാണ് പറഞ്ഞത്, എത്ര നീചമായ നടപടികൾ, നീചമായ രീതിയിൽ പിന്നോക്ക സമുദായത്തിന്റെ അവകാശങ്ങൾ നിഷേധിക്കുന്നു. പി.എസ്.സി റാങ്ക് ലിസ്റ്റിൽ കിട്ടുന്ന അവകാശങ്ങൾ കൊടുക്കാതിരിക്കുക, ഡെപ്യൂട്ടേഷനിലൂടെ പിന്നോക്കക്കാരുടെ സംവരണം നശിപ്പിക്കുക, സമാശ്വാസ നിയമനത്തെപ്പോലും തകർക്കുക. ഇതിനൊക്കെ പരിഹാരമുണ്ടാക്കാൻ ശ്രമിക്കാതെ സർക്കാർ ഇറക്കിയ ഈ ഓർഡിനൻസിനെ നിരാകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. വി. കെ. ചന്ദ്രൻ : സർ, "2000-ത്തിലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-3-2000 വരെ സർക്കുലേറ്റ് ചെയ്യണമെന്ന" ഭേഭഗതി ഞാൻ അവതരിപ്പിക്കുന്നു. നിയമത്തെ കുറ്റമറ്റതാക്കുന്നതിനുവേണ്ടി കേരള സംസ്ഥാനം എന്നും പുതിയ സമീപനങ്ങളാണ് സ്വീകരിച്ചു വന്നിട്ടുള്ളത്. അപ്പുറത്ത് ഇരിക്കുന്ന ആളുകൾ ചില കാര്യങ്ങൾ ചൂണ്ടിക്കാണിച്ചു. അവർ പിന്നോക്ക വിഭാഗങ്ങളുടെ കാര്യങ്ങളെ സംബന്ധിച്ചും അവരുടെ സംവരണത്തെ സംബന്ധിച്ചും പറയുമ്പോൾ ഏതാണ്ട് അഭിസാരികയുടെ ചാരിത്ര്യപ്രസംഗം പോലെയാണ് തോന്നുന്നത്. പിന്നോക്ക വിഭാഗങ്ങളെ സംരക്ഷിക്കുന്നതിനും അവരെ സമൂഹത്തിന്റെ ഉന്നതിയിലേക്ക് കൈപിടിച്ച് ഉയർത്തിക്കൊണ്ടുവരുന്നതിനും വേണ്ടി ഇൻഡ്യാ രാജ്യത്ത്, വിശിഷ്യ കേരള സംസ്ഥാനത്ത് ആരാണ് പ്രവർത്തിച്ചതെന്ന് ഈ കേരളീയ സമൂഹത്തിനറിയാം. ഇതിൽ അടിസ്ഥാന പരമായ ഒരു സമീപനം ഉണ്ടായിട്ടുണ്ട്. കേരളത്തിൽ 1957-ൽ അധികാരത്തിൽ വന്ന സഖാവ് ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റാണ് 25 സമുദായങ്ങൾക്ക് കെ.എസ്.എസ്.ആർ. പ്രകാരം സംവരണം നടപ്പിലാക്കിയത്. അതുപോലെ 1957-ൽ അധികാരത്തിൽ വന്ന ഗവൺമെന്റ്, പ്രൊഫ. ജോസഫ് മുണ്ടശ്ശേരി കൊണ്ടുവന്ന വിദ്യാഭ്യാസ ബില്ലിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് തയ്യാറാക്കി, ആ റാങ്ക് ലിസ്റ്റിലുള്ള ആളുകളെ ആയിരിക്കണം അദ്ധ്യാപകരായി നിയമിക്കേണ്ടതെന്ന് പറഞ്ഞിരുന്നു. അങ്ങനെ കൊണ്ടുവന്ന നിയമത്തെ, ആ ഗവൺമെന്റിനെ അട്ടിമറിച്ചു വിമോചന സമരം സംഘടിപ്പിച്ച് ഇല്ലായ്മ ചെയ്യുവാൻവേണ്ടി പരിശ്രമിച്ച് വിമോചന സമരത്തിലെ ആളുകളാണ് ഇന്ന് പിന്നോക്കക്കാരുടെ കാര്യം പറയുന്നത്. ആ നിയമം അതേ രൂപത്തിൽ നടപ്പിലാക്കപ്പെട്ടിരുന്നെങ്കിൽ കേരള സംസ്ഥാനത്ത് ലക്ഷക്കണക്കിന് പിന്നോക്ക ജനവിഭാഗങ്ങളിൽപ്പെടുന്ന ആളുകൾ അദ്ധ്യാപകരായി വരുമായിരുന്നു. ആ നിയമത്തെ ഇല്ലായ്മ ചെയ്യുവാൻ പരിശ്രമിച്ചതിന്റെ ഭാഗമായിട്ടല്ലേ പിന്നോക്ക വിഭാഗത്തിൽപ്പെട്ട പതിനായിരക്കണക്കിന്, ലക്ഷക്കണക്കിന് ആളുകൾക്ക് ജോലി നിഷേധിക്കപ്പെട്ടത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോയി : അങ്ങ് ഇവിടെ പറഞ്ഞു 1957- ലെ ഗവൺമെന്റ് ഈ നിയമം കേരളത്തിൽ കൊണ്ടുവന്നു എന്ന്. കേരളത്തിൽ തിരുവിതാംകൂറിൽ ഉണ്ടായി, അതിനുശേഷം കൊച്ചിയിൽ വന്നു, പിന്നെ തിരുകൊച്ചിയിലും മലബാറുമായിട്ടുള്ള സംയോജനം വന്നപ്പോൾ, കേരള സംസ്ഥാനം രൂപംകൊണ്ടപ്പോൾ സ്വാഭാവികമായി ആ നിയമം കേരളം മുഴുവൻ നടപ്പാക്കി എന്നല്ലേയുള്ളൂ. അതല്ലാതെ പുതിയതായി എന്താണ് ചെയ്തത് ?

ശ്രീ. വി. കെ. ചന്ദ്രൻ : ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട് 1957-ൽ കേരളത്തിലെ മുഖ്യമന്ത്രിയായിട്ടാണ് അധികാരത്തിൽ വന്നത്. തിരുവിതാംകൂറും കൊച്ചിയും മലബാറും കേരളത്തിന്റെ ഭാഗമാണ്. മലബാറും കേരളത്തിന്റെ ഭാഗമാണ് എന്നതുകൊണ്ട് സംസ്ഥാന വ്യാപകമായി വർദ്ധിപ്പിക്കുകയാണ് ചെയ്തത്.

ശ്രീമതി കെ. ആർ. ഗൗരിയമ്മ : അന്നും റിസർവേഷനുണ്ട്. അതിൽ ഈഴവരും തീയ്യരും ഉണ്ട്.

ശ്രീ. വി. കെ. ചന്ദ്രൻ : ശ്രീമതി കെ.ആർ. ഗൗരിയമ്മ പറഞ്ഞത് ശരിയാണ്. ആ ജനവിഭാഗത്തെ കൊണ്ടുവന്നത് ശ്രീമതി കെ. ആർ. ഗൗരിയമ്മ ഉൾപ്പെടെയുള്ള 1957-ലെ ഗവൺമെന്റാണ്. അതേ ഞാൻ പറഞ്ഞുള്ളൂ.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : നിങ്ങളുടെ ഗവൺമെന്റ് അല്ല. സ്വാതന്ത്ര്യത്തിനുമുൻപുതന്നെ സംവരണം ഇവിടെ നിലനിൽക്കുന്നുണ്ട്. നിങ്ങളുടെ ഗവൺമെന്റാണ് ഇവിടെ സംവരണം കൊണ്ടുവന്നത് എന്ന വ്യാഖ്യാനം ചരിത്രപരമായി തെറ്റാണ്.

ശ്രീ. ടി. കെ. ബാലൻ : വസ്തുതകളെ സംബന്ധിച്ച് തെറ്റിദ്ധാരണ ഉണ്ടാക്കാവുന്ന ചില കാര്യങ്ങളുണ്ട്. യഥാർത്ഥത്തിൽ തിരുവിതാംകൂർ കൊച്ചിയിൽ ഈഴവർ എന്നുപറയപ്പെടുന്നവർക്ക് മുൻപുതന്നെ സംവരണമുണ്ട്. പക്ഷേ മലബാർ പഴയ കോമ്പസിൽ മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന കാലഘട്ടത്തിൽ രാജാജി അടക്കം അവിടെ മുഖ്യമന്ത്രി ആയിരുന്ന കാലഘട്ടത്തിൽ അവിടെയുള്ള ആളുകളുടെ പ്രധാനപ്പെട്ട ആവശ്യം അവിടത്തെ തീയ്യരെ പിന്നോക്കമാക്കണം എന്നതാണ്. അങ്ങനെയുള്ള തീയ്യരെ പിന്നോക്കമാക്കി വന്നിട്ടുള്ളത് വലിയൊരു വിഭാഗം ആളുകളാണ് മലബാർ ഭാഗത്ത്. കോൺഗ്രസ് മദിരാശി ഭരിച്ചിരുന്ന കാലത്ത് അവരെ പിന്നോക്കമാക്കിയില്ല. ബഹുമാനപ്പെട്ട വി.കെ.ചന്ദ്രൻ പറഞ്ഞതുപോലെ 1957-നുശേഷം ആണ് ആ വിഭാഗത്തെ പിന്നോക്കമാക്കിയത്.

ശ്രീ. വി. കെ. ചന്ദ്രൻ : ഇവിടെ രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം സാമൂഹ്യ, രാഷ്ട്രീയ, സാമ്പത്തിക രംഗത്ത് അത്ഭുതകരമായ നേട്ടമാണുണ്ടായത്. ആ നേട്ടത്തിന്റെ ഭാഗമായിട്ട് ഇൻഡ്യയിലും കേരളത്തിലുമൊക്കെ ചെറിയ വിധത്തിൽ നേട്ടം ഉണ്ടായിട്ടുണ്ട്. ആ നേട്ടങ്ങളിൽ ഇൻഡ്യയിലെ മറ്റ് ഏത് സംസ്ഥാനങ്ങളെ അപേക്ഷിച്ചും വളരെ വലിയ സമ്പന്നവിഭാഗമായി വളർന്നു വന്നത് കേരള സംസ്ഥാനമാണ്. കേരള സംസ്ഥാനത്തിൽ ഫ്യൂഡൽ ഏകാധിപത്യത്തിന്റെ അടിവേര് അറുത്തത് 1957-ലെ ഗവൺമെന്റാണ്. 1957-ൽ അധികാരത്തിൽവന്ന ഗവൺമെൻറ് കൊണ്ടുവന്ന ഭൂപരിഷ്ക്കരണ നിയമം ഒരു

LIBRARY ARCHIVES Kerala Legislative Assembly

നൂറ്റാണ്ടുകാലം അടിച്ചമർത്തപ്പെട്ട ജനവിഭാഗത്തെ കൈപിടിച്ചുയർത്തികൊണ്ടു വരുന്നതിനുവേണ്ടി പരിശ്രമം നടത്തി. അത് നടത്തുമ്പോൾതന്നെ ഒരു ജനവിഭാഗത്തിന്റെ മൊത്തം മോചനം ലഭിച്ചു എന്ന് അതിന് അർത്ഥമില്ല. ഒരു ജനവിഭാഗം അപ്പോഴും സംവരണത്തിന്റെ ആനുകൂല്യങ്ങൾ ഉപയോഗിച്ച് പരമ്പരാഗതമായ തങ്ങളുടെ ആധിപത്യം ഊട്ടി ഉറപ്പിക്കുകയാണ് ചെയ്തത്. അടിസ്ഥാനപരമായ ഒരു സമീപനം ഇടതുപക്ഷ പാർട്ടികൾ, കമ്മ്യൂണിസ്റ്റു പാർട്ടികൾ കൈക്കൊള്ളുന്നുണ്ട്.

ശ്രീ. ജോണി നെല്ലൂർ : അങ്ങ് ദുർബല ജനവിഭാഗങ്ങളുടെ താല്പര്യത്തെക്കുറിച്ച് വളരെ വാചാലമായി സംസാരിക്കുകയാണ്. മതപരിവർത്തനം നടത്തി എന്നുള്ള ഒറ്റക്കാരണത്താൽ വളരെ ദുർബല ജനവിഭാഗങ്ങളായി കഴിയുന്ന ദളിത് ക്രൈസ്തവർ എന്നൊരു വിഭാഗം കേരളത്തിൽ വളരെ കൂടുതലുണ്ട്. അവർക്കുകൂടി ഈ പട്ടികവർഗ്ഗത്തിന്റെ ആനുകൂല്യങ്ങൾ കൊടുത്ത് ആ വർഗ്ഗത്തിലേക്ക് ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് അങ്ങയുടെ പാർട്ടിക്കും അങ്ങേയ്ക്കുമുള്ള അഭിപ്രായം എന്താണ് ?

ശ്രീ. വി. കെ. ചന്ദ്രൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിലേക്ക് ഞാൻ വരികയാണ്. ബഹുമാനപ്പെട്ട മെമ്പർ പറയുന്ന സ്ഥിതിയിലേക്ക് ഇപ്പോൾ അങ്ങ് ചിന്തിക്കുന്നത് കേരളത്തിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം വളർന്നുവന്നതിന്റെ ഭാഗമായതുകൊണ്ടാണ്. അങ്ങേക്ക് അറിയാമോ, കേരള സംസ്ഥാനത്ത് 'ദൃഷ്ടിയിൽപ്പെട്ടാൽപ്പോലും ദോഷമുള്ള ആളുകൾ താമസിച്ചിരുന്നു'. പട്ടിക്കുപോലും നടക്കുവാൻ അനുവാദം ഉണ്ടായിരുന്ന വഴിയിലൂടെ പോലും പാവപ്പെട്ട പിന്നോക്ക വിഭാഗത്തിൽപ്പെട്ട ദളിത് വിഭാഗത്തിലെ ആളുകൾക്ക് നടക്കുവാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല. വടക്കൻ മലബാറിൽ ഒരാളുടെ മകളെ കല്യാണം കഴിച്ച് കൊടുക്കണമെങ്കിൽ ജന്മിയുടെ അനുവാദവും മറ്റും വേണമായിരുന്നു. ഈ സാഹചര്യം നിലനിന്നിരുന്നത് നമ്മുടെ കേരള സംസ്ഥാനത്താണ്. അത്തരത്തിലുള്ള ഒരു ജനവിഭാഗത്തെ സംരക്ഷിച്ചുകൊണ്ടു വരുന്നതിനുവേണ്ടി കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും ഇടത്പക്ഷ പ്രസ്ഥാനവും വഹിച്ച പങ്ക് വളരെ വലുതാണ്.

ശ്രീ. പാലോട് രവി : അങ്ങ് കേരള നിയമസഭയിൽ നിന്ന് സംസാരിക്കുമ്പോൾ ഇ.എം.എസ്സിന്റെ ഗവൺമെന്റിന്റെ കാലത്ത് പിന്നോക്ക വിഭാഗത്തിനു വേണ്ടി നടന്ന പരിഷ്ക്കാരങ്ങളെക്കുറിച്ച് പറഞ്ഞു. കേരള കൗമുദി പത്രാധിപർ കെ. സുകുമാരൻ ഇ.എം.എസ്സിനെ ഇരുത്തിക്കൊണ്ട് കുളത്തൂർവച്ച് ചരിത്രപ്രസിദ്ധമായ ഒരു പ്രസംഗം നടത്തിയിട്ടുണ്ട്. യഥാർത്ഥത്തിൽ കേരളത്തിലെ, വളരെ മോശമായ ഒരു വാക്കാണ് അദ്ദേഹം അവിടെ ഉപയോഗിച്ചത്. ഇത് അങ്ങേക്ക് അറിയാമോ? അവർക്കുള്ള സംവരണം, അവർക്കുള്ള അവകാശങ്ങൾ എടുത്തുകളയുവാൻ ഇ.എം.എസ്. നേതൃത്വം നൽകിയ കമ്മീഷൻ റിപ്പോർട്ടിൽ ശുപാർശ വന്നു എന്നുപറഞ്ഞുകൊണ്ടാണ് അന്ന് കെ. സുകുമാരൻ പ്രസംഗിച്ചത്. അത് അങ്ങേക്ക് അറിയാമോ ? വളരെ സുപ്രസിദ്ധമായ കെ. സുകുമാരന്റെ പ്രസംഗം.

ശ്രീ. വി. കെ. ചന്ദ്രൻ : കമ്മ്യൂണിസ്റ്റ് പാർട്ടിക്കുള്ള നിലപാട് വളരെ വ്യക്തമാണ്, തെളിഞ്ഞ മാനംപോലെ കമ്മ്യൂണിസ്റ്റ് പാർട്ടി ഇൻഡ്യാ രാജ്യത്ത്

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽ അത് നടപ്പിലാക്കിയിട്ടുണ്ട്, നയം വ്യക്തമാക്കിയിട്ടുണ്ട്. ഞാൻ പറഞ്ഞുവന്നത്, ഇവിടെ ഏതെങ്കിലും പത്രത്തിന്റെ കാര്യങ്ങളെ പിടിച്ചുകൊണ്ടല്ല. ഇവിടെ പിന്നോക്ക ജനവിഭാഗങ്ങൾക്ക് അക്ഷരം പഠിക്കുവാനുള്ള അവകാശം ഉണ്ടായിരുന്നോ ; ബഹുമാനപ്പെട്ട കെ.ആർ.ഗൗരിയമ്മക്ക് അറിയാം. ചാതുർ വർണ്ണ്യത്തിൽ ശൂദ്രൻ അക്ഷരം പഠിച്ചാൽ, ശൂദ്രൻ അക്ഷരം കേട്ടാൽ അവന്റെ ചെവിയിൽ ഈയം ഉരുക്കി ഒഴിക്കണമെന്ന നിബന്ധന ഉണ്ടായിരുന്നു. അക്ഷരം പഠിക്കുവാൻ ശൂദ്രൻ തയ്യാറായിക്കഴിഞ്ഞാൽ അവന്റെ നാക്ക് പിഴുതെടുക്കണമെന്ന് നിബന്ധനയുണ്ടായിരുന്നു. ആ സാഹചര്യത്തിൽനിന്ന് ഇൻഡ്യക്ക് ആകെ മാതൃകയായിക്കൊണ്ട് കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും വിദ്യ അഭ്യസിക്കുവാനുള്ള സൗകര്യവും അനുവാദവും കൊടുത്തത് കേരളത്തിലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റാണ് അല്ലേ ; അതിൽ തർക്കമില്ലല്ലോ.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. ഇസ്ഹാക് കുരിക്കൾ)

ശ്രീമതി കെ. ആർ.ഗൗരിയമ്മ : അത് തെറ്റായ കാര്യമാണ്. തെറ്റ് പറഞ്ഞ്.....

ശ്രീ. വി. കെ. ചന്ദ്രൻ : അതിൽ ബഹുമാനപ്പെട്ട ഗൗരിയമ്മക്കും ബന്ധമുണ്ട്. 100 ശതമാനം സാക്ഷരത കൈവരിക്കപ്പെട്ട സംസ്ഥാനമാണ് കേരളം. എന്തുകൊണ്ട്, ഇൻഡ്യാരാജ്യത്ത് 25 സംസ്ഥാനങ്ങളിൽ ഒരു സംസ്ഥാനത്തിനും ഈ നിലപാടിലേക്ക് എത്താൻ കഴിഞ്ഞില്ല ? 45 കൊല്ലക്കാലം കോൺഗ്രസ് രാജ്യം ഭരിച്ചില്ലേ ? അവിടെ കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വന്നില്ലെന്നതു കൊണ്ട് തന്നെയാണ് ആ സംസ്ഥാനങ്ങളിൽ 100 ശതമാനം സാക്ഷരത കൈവരിക്കാൻ കഴിയാത്തത്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : നിങ്ങളുടെ പാർട്ടി കൊല്ലങ്ങളായി ഭരിക്കുന്ന പശ്ചിമ ബംഗാളിൽ ഞാൻ മനസ്സിലാക്കിയത്, സ്റ്റേറ്റ് സർവ്വീസിൽ പിന്നോക്കവിഭാഗങ്ങൾക്ക് (എസ്.സി/എസ്.ടി-ക്ക് അല്ല) ഇപ്പോഴും സംവരണമില്ല എന്നാണ്. നിങ്ങളുടെ പാർട്ടിയുടെ വളർച്ചയാണ് ഇതിന് പിന്നിൽ എന്നത് വസ്തുതയായിരുന്നുവെങ്കിൽ കേരളത്തിലെ പോലെ എന്തുകൊണ്ടാണ് ബംഗാളിൽ സംവരണമില്ലാത്തത് ?

ശ്രീ. ടി. കെ. ബാലൻ : ഈ പ്രശ്നം ഏതാനും നിമിഷങ്ങൾക്ക് മുൻപ് ശ്രീ. നാലകത്ത് സൂപ്പി ഉന്നയിച്ചു. ബംഗാളിലെ ഒരൊറ്റ രാഷ്ട്രീയപ്രസ്ഥാനവും ഇത്തരത്തിൽ ബാക്ക്വേർഡ് റിസർവേഷനെ സംബന്ധിച്ച്, ബഹുമാനപ്പെട്ട ഇ. ടി. മുഹമ്മദ് ബഷീറിന്റെ പാർട്ടി, ഐ.യു.എം.എൽ.-ന് അവിടെ യൂണിയൻ ഉണ്ടോ എന്നെനിക്കറിയില്ല. ഉണ്ടെങ്കിൽ അവരടക്കം ഒരൊറ്റ പ്രതിപക്ഷ കക്ഷിയോ ഭരണകക്ഷിയോ ഇത്രയും കാലമായി അവിടത്തെ രാഷ്ട്രീയ സാമൂഹ്യ സാഹചര്യത്തിനനുസരിച്ച് ബാക്കുവേർഡിലെ റിസർവേഷൻ ഒരു പ്രശ്നമാക്കി കൊണ്ടുവന്നില്ല. അത് തന്നെയാണ് പ്രശ്നം.

ശ്രീ. വി. കെ. ചന്ദ്രൻ : ഓരോ സംസ്ഥാനത്തും രാഷ്ട്രീയവും ഭൗതികവുമായ ഒട്ടനവധി സാഹചര്യങ്ങളുണ്ട്. ആ സാഹചര്യത്തിനനുസരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

അവിടെ വളർന്നുവന്ന പുരോഗമനപ്രസ്ഥാനങ്ങൾ, ഇടതുപക്ഷപ്രസ്ഥാനങ്ങൾ അതിന്റെ സ്വാധീനത്തിനും, ശേഷിക്കുമ്മനുസരിച്ച് ഇവിടെ മാറ്റമുണ്ടാക്കിയിട്ടുണ്ട്. അതാണ് ഞാൻ പറഞ്ഞത് , കേരളത്തിൽ.....

ശ്രീ. ജോൺ ഫെർണാണ്ടസ് : ഈഴവസമുദായത്തിന് 14 ശതമാനം സംവരണമുണ്ടായിരുന്നത് 12 ശതമാനമായിട്ട് വെട്ടിച്ചുരുക്കിയത് അന്ന് എസ്.എൻ.ഡി.പി. യോഗത്തിന്റെ പ്രസിഡന്റായിരുന്ന എം.കെ. രാഘവൻ വക്കീൽ ഈ സംസ്ഥാനത്തെ തൊഴിൽവകുപ്പു കൈകാര്യം ചെയ്ത സന്ദർഭത്തിലായിരുന്നുവെന്ന് അങ്ങേയ്ക്കറിയാമോ ?

ശ്രീ. പി. വിശ്വൻ : സർ, പിന്നോക്കക്കാരോടുള്ള സമീപനത്തിന് ഒരു വർഗ്ഗ താൽപ്പര്യത്തിന്റെ സമീപനമുണ്ട് എന്നതാണ് വസ്തുത. ഈ രാജ്യത്ത് തൊഴിലെടുക്കുന്നവർ, മഹാഭൂരിപക്ഷം വരുന്നവർ പിന്നോക്കക്കാരാണ്. വർഗ്ഗ സമീപനമാണ് വിഷയം. ഉദാഹരണത്തിന് ശ്രീമതി മായാവതി ഭരിച്ച യു.പി.യിൽ ഒരിഞ്ചു ഭൂമിപോലും പാവപ്പെട്ട പിന്നോക്കകാർക്ക് മരിച്ചുകഴിഞ്ഞാൽ അവരുടെ ശവമടക്കാൻ കൊടുക്കാനുള്ള ഭൂപരിഷ്ക്കാരമില്ല. അത് വർഗ്ഗ താൽപ്പര്യത്തിന്റെ സമീപനമാണ് ; അല്ലാതെ ആരാണ് തലപ്പത്തിരിക്കുന്നത് എന്നുള്ളതല്ല. ശ്രീമതി. മായാവതിയുടെ വർഗ്ഗതാൽപ്പര്യം യഥാർത്ഥത്തിൽ പാവപ്പെട്ടവർക്ക് അനുകൂലമല്ല. ശ്രീ. കാൻഷിറാമും ശ്രീമതി മായാവതിയും ഗാന്ധിജിയെക്കുറിച്ച് പറഞ്ഞത് എന്താണെന്നറിയാമോ ? "Gandhi represented the Brahamanical order led by Manu, Sankaracharya and Tulsidas" എന്നാണ്. യഥാർത്ഥത്തിൽ ഗാന്ധിജിയെവരെ കാൻഷിറാമും മായാവതിയും ആക്ഷേപിക്കുകയാണ്. അതൊരു വർഗ്ഗതാൽപ്പര്യത്തിന്റെ സമീപനമാണ്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിൽ സംവരണമുൾപ്പെടെയുള്ള കാര്യങ്ങൾ ഒരേപോലെയാണ് കൈകാര്യം ചെയ്യേണ്ടത് എന്നത് സംബന്ധിച്ച് ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ എം.എൽ.എമാർ വാദിക്കുകയുണ്ടായി. അത് അടിസ്ഥാനപരമായി തെറ്റാണ്. ഓരോ സംസ്ഥാനത്തിന്റെയും പ്രത്യേകതകൂടി കണക്കിലെടുത്തുകൊണ്ട് മാത്രമേ ഓരോ സംസ്ഥാനത്തിലും മുദ്രാവാക്യങ്ങളും മറ്റും, ഉയർന്നുവന്നിട്ടുള്ളൂ. അതിനെ അടിസ്ഥാനപ്പെടുത്തിയാണ് നിയമനിർമ്മാണമുണ്ടായിട്ടുള്ളത്. ബംഗാളിന്റെ സ്ഥിതിയും കേരളത്തിന്റെ സ്ഥിതിയും തമ്മിൽ ഒരുപാട് വ്യത്യാസമുണ്ട്. ബംഗാളിലെ കാർഷികപരിഷ്ക്കാരവും കേരളത്തിലെ കാർഷിക പരിഷ്ക്കാരവും തമ്മിൽ തട്ടിച്ചുനോക്കിയാൽ കേരളത്തിലെ കാർഷിക പരിഷ്ക്കാരത്തിന്റെ ഒപ്പം നിൽക്കുന്ന ഒരു ഇൻഡ്യൻ സംസ്ഥാനം കേരളമല്ലാതെ വേറെയില്ല. അങ്ങനെ കാർഷികമേഖലയുൾപ്പെടെ ഈ രീതിയിലേക്ക് വന്നതിന്റെ പ്രത്യേകത കാണാതെ എല്ലാ സംസ്ഥാനത്തിനും ബാധകമായ ഒന്നാണ് സംവരണ മുൾപ്പെടെയുള്ള കാര്യങ്ങളെന്ന് വാദിക്കുന്നത് തെറ്റായ രീതിയിലുള്ള വ്യാഖ്യാനിക്കലാണ്.

ശ്രീ. വി. കെ. ചന്ദ്രൻ : അങ്ങ് പറഞ്ഞത് ശരിയാണ്. കോൺഗ്രസ് എന്നും അദ്ധ്വാനിക്കുന്നവന്റെ അവകാശത്തിനുവേണ്ടി പോരാടുന്നവരെ വഴി തെറ്റിക്കാനും. അവരുടെ അവകാശങ്ങളെ ചവിട്ടിമെതിക്കാനുമാണ്

LIBRARY ARCHIVES Kerala Legislative Assembly

നിലകൊണ്ടിട്ടുള്ളത്. പിന്നോക്കവിഭാഗങ്ങളെ സംരക്ഷിക്കുന്നതിനു വേണ്ടി ഇൻഡ്യാ രാജ്യത്ത് ഒരു നിയമമുണ്ട്. എനിക്ക് മുൻപ് സംസാരിച്ച ശ്രീ. ഡൊമിനിക് പ്രസന്റേഷൻ പറഞ്ഞത്, ദേശീയ കമ്മീഷന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് ഒരു കമ്മീഷൻ വന്നതെന്നാണ്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഇൻഡ്യയുടെ പ്രധാനമന്ത്രി ആയ സമയത്ത് ഒരു കമ്മീഷനെ തീരുമാനിച്ചിരുന്നു. ആ കമ്മീഷന്റെ റിപ്പോർട്ട് 1956-ൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന് നൽകി. ആ റിപ്പോർട്ട് നൽകിയിട്ട് എന്തു നടപടി അതിനു മുകളിൽ കോൺഗ്രസ് എടുത്തു ? ആ റിപ്പോർട്ട് എന്ത് ചെയ്തു ? ഈ രാജ്യത്ത് പാവപ്പെട്ട ജനവിഭാഗങ്ങൾ ഇല്ലാഞ്ഞിട്ടായിരുന്നോ ? വളരെ വ്യക്തമായി ഡോ. കലേക്കർ റിപ്പോർട്ട് കൊടുത്തിട്ട്. ആ റിപ്പോർട്ട് വെളിച്ചം കാണാതെ പോയി. കോൺഗ്രസ് പാവപ്പെട്ട ജനവിഭാഗങ്ങളെ സംരക്ഷിക്കാൻ ചെറുവിരൽ അനക്കിയിരുന്നെങ്കിൽ, പത്തു-നാൽപ്പത്തിമൂന്ന് കൊല്ലങ്ങൾക്ക് മുൻപ് ആ റിപ്പോർട്ട് പരിഗണിച്ചിരുന്നുവെങ്കിൽ ഈ രാജ്യത്തെ ഇന്നത്തെ സാഹചര്യത്തിന് എത്രയോ മാറ്റം വരുമായിരുന്നു. പക്ഷേ പീന്നിട് ജനതാ പാർട്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് 1979-ൽ അധികാരത്തിൽ വന്നപ്പോൾ മൊറാർജി ദേശായി വീണ്ടും ഒരു കമ്മീഷനെ വച്ചു. ആ കമ്മീഷന്റെ റിപ്പോർട്ട് 1980-ൽ ശ്രീമതി ഇന്ദിരാഗാന്ധി ഇൻഡ്യയുടെ പ്രധാനമന്ത്രിയായ സമയത്ത് ലഭിച്ചു. അന്ന് ഇന്ദിരാഗാന്ധി ഇൻഡ്യയുടെ പ്രധാനമന്ത്രി ആയിട്ടു പോലും ആ കമ്മീഷൻ റിപ്പോർട്ട് വെളിച്ചം കണ്ടില്ല. യാതൊരു നടപടിയും എടുത്തില്ല. പിന്നീട് 1989-ൽ വി.പി. സിംഗിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ഇൻഡ്യയിൽ അധികാരത്തിൽ വന്നപ്പോഴാണ് ആ റിപ്പോർട്ട് വെളിച്ചം കണ്ടത്. 1990 ആഗസ്റ്റ് മാസം 13-ാം തീയതി 27 ശതമാനം സംവരണം പിന്നോക്കക്കാർക്ക് നടപ്പിലാക്കിക്കൊണ്ട് ആ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചപ്പോൾ ആ സംവരണത്തെ അട്ടിമറിക്കുന്നതിനുവേണ്ടി വടക്കേ ഇൻഡ്യയിൽ കോൺഗ്രസ്സും ബി.ജെ.പി.-യും കൈകോർത്തുപിടിച്ചുകൊണ്ട് ആ ഗവൺമെന്റിനെതിരെ നീക്കങ്ങൾ ആരംഭിക്കുകയാണ് ചെയ്തത്; അവിശ്വാസപ്രമേയം കൊണ്ടു വരികയാണ് ചെയ്തത്. അന്ന് രാജീവ് ഗാന്ധി പ്രതിപക്ഷനേതാവായിരുന്നു. അന്ന് ആ ഗവൺമെന്റ് അട്ടിമറിക്കപ്പെടുകയാണുണ്ടായത്. അന്ന് എന്തെല്ലാം കലാപങ്ങളാണ് രാജ്യത്ത് ഉയർത്തിക്കൊണ്ടുവരാൻ വേണ്ടി അവർ പരിശ്രമിച്ചത്. 1990-ൽ സംവരണ വിരുദ്ധർ സുപ്രീംകോടതിയിൽ പോയി. അതിന്റെ ഭാഗമായി 1991-ൽ ശ്രീ. നരസിംഹറാവു ആ നിയമത്തെ കശാപ്പുചെയ്തുകൊണ്ട് ഒരു പുതിയ നിയമം കൊണ്ടുവന്നു. 1991 സെപ്റ്റംബർ മാസം 15-ാം തീയതി ആ നിയമത്തിൽ മാറ്റം വരുത്തി ശ്രീ. നരസിംഹറാവു പുതിയ ഉത്തരവിറക്കി. 27 ശതമാനം സംവരണം പിന്നോക്കക്കാരിൽ പാവപ്പെട്ടവർക്ക് നൽകേണ്ടതില്ലായെന്നും അങ്ങനെ അവരുടെ എണ്ണം വേണ്ടത്ര ഇല്ലെങ്കിൽ മറ്റുള്ളവരെ നിയമിക്കാമെന്നും നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ടാണ് 1991 സെപ്റ്റംബർ മാസം 25-ാം തീയതി ഇൻഡ്യയുടെ പ്രധാനമന്ത്രിയായിരുന്ന ശ്രീ. നരസിംഹറാവു നിയമം കൊണ്ടുവന്നത്. 1992 നവംബർ മാസം 16-ാം തീയതിയാണ് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധി. ആ സുപ്രീംകോടതി വിധി 1990-ൽ ശ്രീ. വി.പി. സിംഗ് കൊണ്ടുവന്ന സംവരണ നിയമത്തെ

LIBRARY ARCHIVES Kerala Legislative Assembly

അംഗീകരിക്കുകയായിരുന്നു. അതിൽ സംവരണം അംഗീകരിച്ച് ഭരണഘടന 16(4) വിഭാവനം ചെയ്യുന്ന പിന്നോക്കങ്ങളിലെ മേൽത്തട്ടുകാരെ ഒഴിവാക്കാനും ഈ കാര്യങ്ങൾ വെളിപ്പെടുത്തുന്നതിനുവേണ്ടി കേന്ദ്രഗവൺമെന്റിന് നാലുമാസവും സംസ്ഥാനഗവൺമെന്റുകൾക്ക് ആറുമാസവും സമയം കൊടുത്തു. കേരളത്തിൽ അന്ന് ഐക്യജനാധിപത്യമുന്നണിയാണ് ഭരിക്കുന്നത്. മൂന്ന് വർഷം കഴിഞ്ഞിട്ടും കേരളസംസ്ഥാനത്തിന് അത് തീരുമാനിച്ചു കൊടുക്കാൻ കഴിഞ്ഞോ? കഴിഞ്ഞില്ല. കഴിഞ്ഞില്ല എന്നുമാത്രമല്ല, ഏറ്റവും അവസാനം ചീഫ് സെക്രട്ടറിക്ക് എതിരെ contempt of court- ന് കേസ് വരുമെന്നുവന്ന സാഹചര്യത്തിലാണ് കേരളാ അസംബ്ലിയിൽ ഒരുനിയമം കൊണ്ടുവരാൻവേണ്ടി ചില നീക്കങ്ങൾ ആരംഭിച്ചത്. ഇതിൽ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റു പാർട്ടിയുടെ നയം വളരെ വ്യക്തമായിട്ട് ഇൻഡ്യാരാജ്യത്ത് പ്രചരിപ്പിട്ടുണ്ടെന്നും കേരള സംസ്ഥാനത്തിന് യാതൊരു തർക്കവുമില്ലാത്താണെന്നും പറഞ്ഞിട്ടുണ്ട്. സംവരണകാര്യത്തിൽ നേരത്തേ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ജോണി നെല്ലൂർ പറയുകയുണ്ടായി. ഇ.എം.എസ്. സമ്പന്ന വിഭാഗക്കാരെ ഉൾപ്പെടുത്തണമെന്ന് പറഞ്ഞുവെന്ന്. ഇതിൽ എന്താണ് ശരി? ആടിനെ പിടിച്ച് പട്ടിയാക്കുക, അതിനെ പേപ്പട്ടിയാക്കുക, പിന്നീട് അതിനെ തല്ലിക്കൊല്ലുക ; ഈ സമീപനമല്ലേ നിങ്ങൾ സ്വീകരിച്ചുവരുന്നത് ? ഇതിൽ കമ്മ്യൂണിസ്റ്റുപാർട്ടി പിന്നോക്കക്കാരുടെ മേൽത്തട്ടിനെ സംബന്ധിച്ച് വളരെ കൃത്യമായി പറഞ്ഞിട്ടുണ്ട്.....(ബഹളം). സി.പി.എം.ന്റെ നയമാണ് ഞാൻ പറഞ്ഞത്. ഇതിൽ സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക്, പാവപ്പെട്ട ആളുകൾക്ക് ആദ്യം സംവരണാനുകൂല്യം കൊടുക്കണം, അതിന് മേൽത്തട്ടുകാരെ അതിൽ നിന്നും മാറ്റി നിർത്തണം. ആ പിന്നോക്കക്കാരിൽ അതിനർഹതയുളളവരില്ലെങ്കിൽ പിന്നോക്കക്കാരിൽ മാറ്റിനിർത്തപ്പെട്ട ആളുകൾക്ക് കൊടുക്കണം. അതോടൊപ്പം തന്നെ ഉയർന്ന ജാതിയിൽ ജനിച്ചുപോയി എന്നതുകൊണ്ട് ജീവിക്കാൻ മാർഗ്ഗമില്ലാതെ ഉഴലുന്ന ഒരു ജനവിഭാഗമുണ്ട്. ആ ജനവിഭാഗത്തിന് 10 ശതമാനം സംവരണം കൊടുക്കണമെന്നാണ് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ (മാർക്സിസ്റ്റ്) പറഞ്ഞത്. ആ നയം ഇവിടെ അർത്ഥശങ്കയ്ക്കിടയില്ലാതെ വെളിവാക്കപ്പെടുകയാണ്. ഈ ബില്ലിനെ സംബന്ധിച്ച ഒരുകാര്യം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഈ നിയമത്തിൽ ചെറിയൊരു കാര്യം പറയാനുളളത് , ഈ നിയമം കൊണ്ടു വന്നതിനുശേഷം കുറെ പത്രങ്ങളിൽ ചില വാർത്തകൾ വന്നിരുന്നു. 6-11-1997-ൽ ഇൻഡ്യൻ എക്സ്പ്രസ്സിൽ ഒരു വാർത്ത വരികയുണ്ടായി. അതിൽ ഇതിന്റെ ഘടന ചെയർമാനും, നാല് മെമ്പർമാരും, സെക്രട്ടറി ഉൾപ്പെടെ, ഫുൾടൈം ആണ്. ഈ ഭേദഗതി നിയമത്തിൽ ഒരു ചെയർമാനും മൂന്ന് മെമ്പർമാരും സെക്രട്ടറി ഉൾപ്പെടെ എന്നാണ് പറയുന്നത്. അതിൽ സെക്രട്ടറി എക്സ് ഒഫിഷ്യോ മെമ്പറാണെന്നും പയുന്നുണ്ട്. അങ്ങനെ വരുമ്പോൾ, ഗവൺമെന്റിന് സെക്രട്ടറി എക്സ് ഒഫിഷ്യോ ആകുമ്പോൾ വലിയ സാമ്പത്തിക കാര്യങ്ങളും ബാധ്യതകളും വരുന്നില്ല. ഇവിടെ കമ്മിഷനാണെങ്കിൽ കുറെയേറെ പ്രവർത്തന ചുമതല വഹിക്കേണ്ടതുണ്ട്. അതുകൊണ്ട് ഈ കമ്മീഷൻ പാർട്ട് ടൈം എന്നത് അത് ഫുൾടൈം ആക്കി മാറ്റാനാവശ്യമായ നടപടി ഉണ്ടാകമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുളളത്. അതോടൊപ്പംതന്നെ ഈ കമ്മീഷനിൽ ചെയർമാനായിട്ട് ഹൈക്കോടതിയിലെ അല്ലെങ്കിൽ സുപ്രീംകോടതിയിലെ സിറ്റിംഗ് ജഡ്ജിയോ

LIBRARY ARCHIVES Kerala Legislative Assembly

റിട്ടയേർഡ് ജഡ്ജിയോ എന്നാണ് പറയുന്നത്. ഇപ്പോൾ ഈ കമ്മീഷന്റെ ചെയർമാന്റെ കാലാവധി കഴിഞ്ഞു. നമുക്ക് യഥാസമയം അതിന്റെ ചെയർമാനെ നിയമിക്കാൻ കഴിഞ്ഞിട്ടില്ല. ഒട്ടനവധി കമ്മീഷനുകൾ ഇപ്പോൾ നമ്മുടെ സംസ്ഥാനത്തുണ്ട്. അതുകൊണ്ട് യഥാസമയം നമുക്ക് ഇത്തരത്തിൽ ആളുകളെ കിട്ടാത്ത സ്ഥിതിയുണ്ട്. അതോടൊപ്പം ജഡ്ജിയാകാൻ സാധ്യതയുള്ള ഒരാളെക്കൂടി ഇതിലുൾപ്പെടുത്താൻ കഴിയുന്ന ഒരു നിർദ്ദേശം കൂടി ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. പി. രാഘവൻ : സർ, 2000-ലെ കേരളസംസ്ഥാന പിന്നോക്ക വിഭാഗകമ്മീഷൻ (ഭേദഗതി) ബിൽ ഒരു സെലക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഇവിടെ ഈ ബില്ലിനെ സംബന്ധിച്ച് ഒന്നുരണ്ട് കാര്യങ്ങൾ എനിക്ക് പറയാനുള്ളത് ബഹുമാനപ്പെട്ട വി.കെ. ചന്ദ്രൻ പറഞ്ഞതുതന്നെയാണ്. ഇതിൽ ഇപ്പോൾ പാർട്ട് ടൈം മെമ്പർമാരായിട്ടുള്ള മെമ്പർമാരെ ഫുൾടൈം ആക്കണം, കാരണം അവരുടെ ജോലി എത്രയെന്നുള്ളത് മാത്രമല്ല, ഇതൊരു പ്രധാനപ്പെട്ട ജോലിയായിട്ടുവരണമെന്നുള്ളതാണ്. അതോടൊപ്പം ചെലവിനെ സംബന്ധിച്ച് വളരെയധികം പരാതികൾ ഇവിടെയുണ്ട്. 40 ലക്ഷം രൂപ ഒരുവർഷത്തിൽ വരുമെന്നുള്ളത് സംബന്ധിച്ച് കാര്യങ്ങളുണ്ട്. അതൊക്കെ എങ്ങനെ ചുരുക്കാൻ സാധിക്കുമെന്നുള്ളത് ആലോചിച്ച് ചെയ്യേണ്ട പ്രശ്നങ്ങളാണ്. ഏത് കമ്മിറ്റിയായാലും അനാവശ്യചെലവുകളൊക്കെ ഒഴിവാക്കേണ്ടതാണ്. കേരളം പോലുള്ള ചെറിയൊരു സംസ്ഥാനത്തിനകത്ത് ഇതുപോലൊരു ചെറിയ കമ്മിഷനുതന്നെ 40 ലക്ഷം രൂപ ശമ്പളം കൊടുക്കാനൊക്കെ വരുന്ന ചെലവ് ചുരുക്കാൻ നോക്കണം. അതിന് ബെൻസ് കാറിന്റെയും മറ്റും കാര്യം പറഞ്ഞിട്ട് കാര്യമില്ല. ഇത് ഒരാളെ കുത്തി കൊന്നതുകൊണ്ട് ബാക്കിയെല്ലാം കൊലപാതകമുണ്ടാക്കാമെന്നൊക്കെ ശ്രീ. ഡൊമിനിക്ക് പ്രസന്റേഷൻ പറയാൻ പാടില്ല എന്ന എന്റെ അഭിപ്രായമാണ് ഞാൻ പറയുന്നത്, ഇത് എന്റെ അഭിപ്രായമാണ്, നിങ്ങളുടെ അഭിപ്രായമല്ല.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. ആന്റണി രാജു)

അതുകൊണ്ട് അത് ശരിയല്ലെന്നാണ് ഞാൻ പറയുന്നത്. മുൻമന്ത്രിസഭയിൽ ഉണ്ടായിരുന്ന കുറെ ആളുകൾ കട്ടിട്ടുണ്ട്. അതുകൊണ്ട് ഇപ്പോഴും കക്കുകയാണെന്ന് ഞങ്ങൾ പറഞ്ഞാൽ അത് ശരിയാണോ? ഞങ്ങൾ കക്കാൻ പാടില്ല എന്നാണ് പറഞ്ഞത്. മുൻ മന്ത്രിസഭയിൽ ഉണ്ടായിരുന്നവർ കട്ടിട്ടുണ്ടെങ്കിൽ ആ കളവ് നിർത്തിക്കൊണ്ട് ഇനി കക്കാൻ പാടില്ലായെന്നാണ് ഞങ്ങൾ പറയുന്നത്. അതുകൊണ്ട് ആ ചെലവടക്കം ചുരുക്കേണ്ടതാണ്, അല്ലാതെ വെറുതെ അല്ലല്ലോ ?.....(ബഹളം)..... ബഹുമാനപ്പെട്ട ജോണി നെല്ലൂരിന് ഇതുമാത്രമേ അറിയുകയുള്ളൂ, അതാണ് ബുദ്ധിമുട്ട്. ഞാൻ പറഞ്ഞത് ആരായാലും കക്കാൻ പാടില്ലായെന്നാണ്. മറ്റൊന്ന് , ചെയർമാന്റെ നിയമനം സംബന്ധിച്ച് പറയാനുള്ളത്, സുപ്രീം കോടതിയിലോ ഹൈക്കോടതിയിലോ ജഡ്ജിയായിരിക്കുന്ന ആളോ ജഡ്ജിയായിരുന്ന ആളോ എന്നാണ്. റിട്ടയേർഡ് ജഡ്ജിയോ അല്ലെങ്കിൽ നിലവിലുള്ള ജഡ്ജിയോ എന്നാണ്. അതിൽ ഒരു ഭേദഗതി

LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് പറയാനുള്ളത് ജഡ്ജിയാകാൻ തത്തുല്യമായ യോഗ്യതയുള്ള ഒരാൾ എന്നാക്കണമെന്നാണ് എന്താണ് കാരണമെന്നറിയാമോ ? നിർബന്ധമില്ല. ആകണമെന്നല്ല ഞാൻ പറഞ്ഞത്, ജഡ്ജിമാരെ കിട്ടാനുള്ള പ്രയാസം കൊണ്ടാണ് പറഞ്ഞത്. റിട്ടയേർഡ് ജഡ്ജിയെ സംബന്ധിച്ച് നിങ്ങൾതന്നെ എതിരാണ്. ഇപ്പോൾത്തന്നെ കൊല്ലത്ത് നിയമിച്ച കമ്മിഷനിൽ റിട്ടയേർഡ് ജഡ്ജിയെ നിയമിക്കുന്നതിൽ നിങ്ങൾ എതിരാണല്ലോ? ഞാൻ പറയുന്നത് ഒരു ജഡ്ജിയാകാൻ യോഗ്യതയുള്ള, എന്നുപറഞ്ഞാൽ ഒരു ജഡ്ജിയാകാനുള്ള യോഗ്യതയെ സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്, അങ്ങനെ യോഗ്യതയുള്ള ഒരാളാകാം എന്നുള്ള ഭേദഗതിയാണ്. അത് ഇതിന്റെ വകുപ്പുതിരിച്ചുള്ള ചർച്ചയിൽ പറയാൻ പറ്റുന്ന കാര്യമാണ്. അങ്ങനെയാണെങ്കിൽ നമുക്ക് ഈ പരാതികൾ കുറച്ച് ഒഴിവാക്കാൻ സാധിക്കും. ജഡ്ജിമാരുടെ സേവനം കിട്ടാനുള്ള പ്രയാസം കൊണ്ടാണ് ഇത് പറയുന്നത്, വേറെ ഉദ്ദേശമൊന്നും ഇതിലില്ല. ഞങ്ങളെ ആരെയും ജഡ്ജിയാക്കാൻ വേണ്ടിയല്ല ; ഇതിന്റെ ചെയർമാനാകണമെന്നില്ല. അങ്ങനെയാകണമെങ്കിൽ അത് പച്ചയായിട്ട് പറഞ്ഞാൽ പോരേ ? നിങ്ങളുടെ ഒരു ശുപാർശയും കൂടിയുണ്ടെങ്കിൽ വളരെ മര്യാദയ്ക്ക് അത് നടക്കും, അതിനൊന്നും മോശമായി പറയാൻ സാധ്യതയില്ലല്ലോ. അതുകൊണ്ട് ആ പരാതി നമുക്ക് പൊതുവേ ഒഴിവാക്കാൻ വേണ്ടി ഞാൻ പറഞ്ഞുവെന്നേയുള്ളൂ. പിന്നോക്ക ജാതിയെ സംബന്ധിച്ച് പറയുമ്പോൾ ഒരു കാര്യം മനസ്സിലാക്കണം. റിസർവേഷനാണ് എല്ലാത്തിനും മറുമരുന്ന്. സംവരണമുണ്ടെങ്കിൽ എല്ലാ പ്രശ്നങ്ങളും തീർന്നു. അതുകൊണ്ടാണ് പല ജാതിക്കാരും ഞങ്ങളെക്കൂടി റിസർവേഷനിൽ പെടുത്തണമെന്ന ഡിമാന്റുമായി വന്നുകൊണ്ടിരിക്കുന്നത്. എന്തുകൊണ്ട് നമ്മുടെ ഭരണഘടനയിൽ ഇങ്ങനെ ഒരു വകുപ്പു കൂടി വേണ്ടി വന്നു ? അതാണ് പ്രശ്നം. അന്ന് ഭരണഘടന ശില്പികൾ മനസ്സിലാക്കിയത് 10 കൊല്ലം കൊണ്ട് ഈ പ്രശ്നം പരിഹരിക്കണമെന്നാണ്. 10 കൊല്ലം കൊണ്ട് നമുക്ക് അത് പരിഹരിക്കണമെങ്കിൽ സാമ്പത്തികമായും സാമൂഹികമായുമുള്ള പിന്നോക്കാവസ്ഥ പരിഹരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗത്തിലാണല്ലോ ഭരണഘടനാപരമായി റിസർവേഷൻ വേണ്ടത്. 10 വർഷം കൊണ്ട് പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട പിന്നോക്ക വിഭാഗത്തെ മുന്നോക്കത്തിൽ എത്തിക്കാൻ സാധിക്കണമെങ്കിൽ അവർക്ക് മുഴുവനും വിദ്യാഭ്യാസം, തൊഴിൽ, ഭൂമി, പാർപ്പിടം ഇവയെല്ലാം കൊടുത്തുകൊണ്ട്, സമ്പത്തിലുള്ള അവരുടെ പങ്കാളിത്തം കൂടി വർദ്ധിപ്പിച്ചുകൊണ്ട് മുന്നോക്ക ജാതിക്കാർ അനുഭവിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ലഭിക്കണമെന്നുള്ളതാണ്. പട്ടികജാതി/പട്ടികവർഗ്ഗത്തെ പിടിച്ച് നായരാക്കുക എന്നല്ല ഞാൻ പറഞ്ഞതിനർത്ഥം. ആ നിലയിലുള്ള ഒരു സമ്പദ് ഘടന ഇൻഡ്യാ രാജ്യത്ത് വരണമെന്നാണ് നമ്മുടെ ഭരണഘടനാ വിദഗദ്ധന്മാർ ആഗ്രഹിക്കുന്നത്. ആ നിലയിലേയ്ക്ക് നമുക്ക് എത്താൻ സാധിച്ചോ ? ഇല്ല, സാധിച്ചിട്ടില്ല. നമ്മുടെ രാജ്യത്തിന്റെ സമ്പത്തിന്റെ മഹാഭൂരിപക്ഷവും, ഏകദേശം 85 ശതമാനവും ഇന്ന് കൈയടക്കി വച്ചിരിക്കുന്നത് ഇൻഡ്യയിലെ 15 ശതമാനം മുതലാളിമാരും കർഷക ഭൂവുടമകളുമാണ്. ആ ജന്മിത്വം അവസാനിപ്പിച്ച് കൃഷിഭൂമി കൃഷിക്കാരന് കൊടുത്ത് അവരെ ആ നിലയിലേക്ക് എത്തിക്കാൻ സാധിക്കണം. കർഷകത്തൊഴിലാളികൾക്ക് ഭൂമി കൊടുക്കാതെ

LIBRARY ARCHIVES Kerala Legislative Assembly

കണ്ട് നമ്മുടെ പിന്നോക്കാവസ്ഥ പരിഹരിക്കുവാൻ സാധിക്കുമോ? നമ്മുടെ രാജ്യത്തിലെ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് മുഴുവനും നമ്മൾ ഉദ്യോഗം കൊടുത്തുവെന്ന് കരുതുക; അവരുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ സാധിക്കുമോ ? ഇന്നത്തെ നിലയിൽ അത് സാധ്യമല്ല. തൊഴിലില്ലായ്മ രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. എന്തുകൊണ്ട് ഈ കാതലായ പ്രശ്നം ബഹുമാനപ്പെട്ട മെമ്പർ കാണുന്നില്ല. ഇൻഡ്യയിലെ പിന്നോക്ക ജാതിയിൽപ്പെട്ട, പിന്നോക്ക വിഭാഗത്തിൽപ്പെട്ട മുഴുവൻ ആളുകൾക്കും റിസർവേഷൻ വേണമെന്ന ആശയം തന്നെ വരുന്നത് 1935-ൽ സൈമൺ കമ്മിഷൻ ഇൻഡ്യ സന്ദർശിച്ച അവസരത്തിലാണ്. ആ സമയത്താണ് ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി ഈ ആശയം വരുന്നത്. ആ ആശയങ്ങളിൽ നിന്നും ഇവിടെ വന്ന ചർച്ചകളുടെയൊക്കെ ഫലമായിട്ടാണ് പിന്നീട് റിസർവേഷൻ കേരളത്തിൽ വന്നിട്ടുള്ളത്. ഇവിടെ 1957-ൽ അധികാരത്തിൽ വന്ന ഗവൺമെന്റ് അതിൽ നിന്നും ഒരടി കൂടി മുൻപോട്ട് പോയി അത് നടപ്പിലാക്കിയിട്ടുണ്ട്. പഴയ കാലത്തെ ഒന്നും പൂർണ്ണമായി നിരാകരിച്ചുകൊണ്ടല്ല ഞങ്ങൾ അംഗീകരിക്കുന്നത്. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായിട്ടാണ്. അതിനകത്തെ കാതലായ പ്രശ്നം കേരളത്തിൽത്തന്നെ 1957-ൽ അധികാരത്തിൽ വന്ന ഗവൺമെന്റ് പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുവേണ്ടിയാണ് അന്ന് ജന്മിത്വം അവസാനിപ്പിക്കണമെന്ന നിയമം കൊണ്ടുവന്നത്. അങ്ങനെ ജന്മിത്വം അവസാനിപ്പിച്ച് പാവപ്പെട്ടവർക്ക് ഭൂമി കൊടുക്കാനാവശ്യമായ ആദ്യത്തെ നിയമം വന്നത് കേരളത്തിലാണ്. നിങ്ങൾക്ക് ഇതിൽ താല്പര്യമുണ്ടായിരുന്നുവെങ്കിൽ 1957-ൽ ഗവൺമെന്റ് കൊണ്ടുവന്ന ആ നിയമത്തെ നിങ്ങൾ അംഗീകരിക്കുമായിരുന്നു. നിങ്ങളത് ചെയ്തില്ലല്ലോ അന്ന് എന്താണ് ചെയ്തത്? പിന്നോക്ക ജാതിക്കാരോട് നിങ്ങൾക്ക് സ്നേഹമുണ്ടായിരുന്നുവെങ്കിൽ ഒരേ വ്യക്തിയുടെ കൈയിൽ ആയിരക്കണക്കിന് ഏക്കർ ഭൂമി കൈവശം വയ്ക്കുന്നത് തടഞ്ഞു, അത് എടുത്ത് പാവപ്പെട്ട പിന്നോക്കജാതിക്കാരെ സഹായിക്കാൻ മുന്നോട്ട് വരുമായിരുന്നു. പാവപ്പെട്ട പിന്നോക്കജാതിക്കാരൻ, ഈഴവനായാലും ചാലിയനായാലും പട്ടികജാതി/പട്ടികവർഗ്ഗക്കാരൻ മരിച്ചാൽ മറവ് ചെയ്യാൻ ആറടി മണ്ണുപോലും ഇല്ലാത്ത നമ്മുടെ രാജ്യത്ത് അവന് 10 സെന്റ് ഭൂമി കൊടുക്കുവാനുള്ള നിയമമുണ്ടാക്കിയപ്പോൾ ആരാണ് അതിനെ എതിർത്തത് ? ഇന്നുവരെ ഇന്ത്യാരാജ്യത്ത്, ഏതെങ്കിലുമൊരു സംസ്ഥാനത്ത് ജന്മിത്തം അവസാനിപ്പിക്കണമെന്ന നിയമം കൊണ്ടുവരണമെന്ന് കോൺഗ്രസ്സ് പറഞ്ഞിട്ടുണ്ടോ ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഇന്ന് കോടതികളിലുപയോഗിക്കുന്ന ഭൂനിയമം, സമ്പൂർണ്ണ നിയമം പാസ്സാക്കിയത് 1964-ൽ കേരള നിയമസഭയിൽ അന്നത്തെ റവന്യൂ വകുപ്പുമന്ത്രിയായിരുന്ന പി.ടി. ചാക്കോയാണ്. ആ നിയമത്തിലുള്ള അമെന്റുമെന്റാണ് പിന്നീട് വന്നത് മുഴുവൻ. ഒടുവിൽ ആ നിയമം പാസ്സാക്കിയത് കോൺഗ്രസ്സ് ഭരിക്കുന്ന കാലത്താണ്.

ശ്രീ. പി. രാഘവൻ : ശ്രീ. ബാലകൃഷ്ണപിള്ളേ സത്യത്തെ വളച്ചൊടിച്ചാൽ അത് നടക്കില്ല. 1957-ലെ ഗവൺമെന്റ് കൊണ്ടുവന്ന ഭൂപരിഷ്ക്കരണ

LIBRARY ARCHIVES Kerala Legislative Assembly

നിയമത്തെ പരാജയപ്പെടുത്തിയ ശേഷം കേരളത്തിൽ വളരെ ശക്തിയായി കർഷകത്തൊഴിലാളികൾ വന്നതുകൊണ്ട് നിർബന്ധിക്കപ്പെട്ട ഒരു നിയമം 1960-ൽ വന്ന ഗവൺമെന്റ് കൊണ്ടുവന്നു. എങ്ങനെയാണെന്നറിയാമോ ? ആ നിയമത്തിന്റെ ആനുകൂല്യം പൂർണ്ണമായും നിഷേധിച്ചുകൊണ്ട് ഭൂപരിധി എടുത്ത് കളഞ്ഞുകൊണ്ടാണ് 1964-ലെ ഗവൺമെന്റ് ആ നിയമം കൊണ്ടുവന്നത്. ആ ഭൂപരിധി എടുത്ത് കളഞ്ഞ് 1964-ൽ കൊണ്ടു വന്ന നിയമത്തിനകത്ത് ഭേദഗതി കൊണ്ട് വന്നപ്പോൾ നിങ്ങൾ എന്താണ് പറഞ്ഞത് ? ആ ഭേദഗതി കൊണ്ടുവന്നപ്പോൾ അന്ന് ശ്രീ. കെ. കരുണാകരൻ പ്രസംഗിച്ചത് അപ്പംപോലെ വാർത്തെടുത്ത നിയമം നിയമസഭാ മന്ദിരത്ത് ഇടിത്തീ വീഴ്ത്തട്ടെ എന്നാണ്. ഓർമ്മയുണ്ടോ കുപ്രസിദ്ധമായ ആ പ്രസംഗം. ആ നിയമം കൊണ്ടു വന്ന ഗവൺമെന്റിനെ നിങ്ങൾ എന്തു ചെയ്തുവെന്ന് നിങ്ങൾക്കും നമുക്കുമറിയാം. എന്നിട്ട് അവസാനം കേരളത്തിലെ കൃഷിക്കാരും കർഷകത്തൊഴിലാളികളും നടത്തിയ, നിരണം ബേബിയെപ്പോലെയുള്ള ആളുകൾ, ശ്രീ. ബാലകൃഷ്ണപിള്ള മനസ്സിലാക്കേണ്ടതാണ്, പാളത്തൊപ്പിയും വച്ചുകൊടുത്ത് നടത്തിയ, കർഷകത്തൊഴിലാളികൾക്കെതിരായി നടത്തിയ കുപ്രസിദ്ധമായ സമരം കേരളത്തിലെ ജനങ്ങൾ മറന്നിട്ടില്ല. അന്ന് ജന്മിമാർക്കും മാടമ്പിമാർക്കും വേണ്ടി കുപ്രചരണം നടത്തിയ കോൺഗ്രസ്സുകൾ ഈ നിയമം പാസ്സാക്കിയപ്പോൾ അതിന്റെ അച്ഛൻ ഞാനാണെന്നു പറയുന്ന ഏറ്റവും വൃത്തികെട്ട നിലപാടാണ് ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്. ഇപ്പോൾ പറയുന്നു ഞങ്ങളാണ് ഈ നിയമം പാസ്സാക്കിയത് എന്ന്. എട്ടുകാലി മമ്മൂഞ്ഞിന്റെ വേഷം കെട്ടാൻ ലജ്ജ വേണം. കാർഷിക നിയമം നിങ്ങളാണോ കൊണ്ട് വന്നത് ? കേരളത്തിലെ കൃഷിക്കാർ നടത്തിയ സമരം, എത്ര ആയിരം ആളുകളെ നിങ്ങൾ അടിച്ച് ചതച്ചിട്ടുണ്ട്? കൃഷി ഭൂമി കൃഷിക്കാർക്കുകൊടുക്കുന്ന ആ നിയമം കൊണ്ടുവരികയും പാട്ടമില്ലാതാക്കുന്ന നിയമം കൊണ്ടുവരികയും ചെയ്തില്ലേ? ഇത് ചെയ്തത് ഇ.എം.എസ്.ന്റെ ഗവൺമെന്റല്ലേ ?

<u>ശ്രീ. സി. കെ. രാജേന്ദ്രൻ</u> : 1957-ലെ ഗവൺമെന്റ് കൊണ്ടു വന്ന നിയമത്തെ ഭേദഗതി ചെയ്ത് പിന്നീട് കൊണ്ടുവന്ന നിയമത്തിന്റെ പഴുതുപയോഗിച്ച് ഒരു ലക്ഷത്തി ഇരുപത്തിഎണ്ണായിരം ഹെക്ടർ ഭൂമി ജന്മിമാർക്ക് തിരിച്ച് പിടിക്കാൻ പഴുതുണ്ടാക്കിക്കൊടുക്കുകയായിരുന്നു പി.ടി. ചാക്കോയുടെ നിയമം കൊണ്ടുണ്ടായതെന്നറിയാമോ ?

<u>ശ്രീ. പി. രാഘവൻ</u> : മെമ്പർ പറഞ്ഞത് ശരിയാണ്. ഏത് ഗവൺമെന്റാണ് ഇത് കൊണ്ടുവന്നതെന്ന് ശ്രീമതി ഗൗരിയമ്മ പറയട്ടെ, ശ്രീമതി ഗൗരിയമ്മയ്ക്ക് എതിരായി അന്ന് നിങ്ങൾ വിളിച്ച ആ മുദ്രാവാക്യമുണ്ടല്ലോ, ഗൗരിയമ്മ കൂറുമാറിയാലും ആ മുദ്രാവാക്യം ഇന്നും നിയമസഭാമന്ദിരത്തിന്റെ നാലു ചുമരുകൾക്കുള്ളിലും അലയടിക്കുന്നുണ്ട്. ഗൗരിയമ്മ കൂറു മാറിയത് വേറെ കാര്യത്തിനാണ്. ഇപ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേർക്ക് കലിതുള്ളുന്നത് വേറെ കാര്യത്തിനാണ്. അതൊന്നും ഞാൻ പറയുന്നില്ല.

<u>ശ്രീമതി കെ. ആർ. ഗൗരിയമ്മ</u>: സർ, കൂറു മാറിയതല്ല എന്നെ കളഞ്ഞതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാഘവൻ : ഗൗരിയമ്മയ്ക്ക് ഇപ്പോഴും കമ്മ്യൂണിസ്റ്റ് പാർട്ടിയോടു സ്നേഹമുണ്ട്. ഗൗരിയമ്മ ചെയ്ത നല്ല കാര്യങ്ങൾ ഇപ്പോഴും ഞാൻ സ്മരിക്കുന്നു. ഗൗരിയമ്മ കേരളത്തിലെ ജനങ്ങളുടെ കൃഷിക്കാരന്റെ മനസ്സിൽ എന്നും എന്നും പച്ചപിടിച്ച് നിൽക്കുന്ന, യുവത്വം ഇടിച്ച് നിൽക്കുന്ന ഒരു സ്ത്രീയാണ്. ഇന്നത്തെ ഈ ജീർണ്ണാവസ്ഥയിലേക്ക് ഗൗരിയമ്മയെ തള്ളിവിട്ടത് ഞങ്ങളല്ലല്ലോ . ശ്രീ. ബാലകൃഷ്ണപിള്ളയോടു കൂട്ടു പിടിച്ചാൽ ഗൗരിയമ്മ എവിടെ ചെന്നെത്തുമെന്ന് ഞങ്ങൾക്കറിയാം.

ശ്രീ. കെ. ബാബു : കേരളത്തിൽ ഭൂപരിഷ്ക്കരണനിയമം നടപ്പാക്കിയതിന്റെ അവകാശവാദമാണല്ലേ, അങ്ങ് ഉന്നയിച്ചിരിക്കുന്നത്. 1970-ൽ അധികാരത്തിൽ വന്ന അച്യുതമേനോൻ സർക്കാരിന്റെ കാലത്താണ് കേരളത്തിൽ 10 സെന്റ് ഭൂമി കുടികിടപ്പുകാർക്ക് കൊടുക്കാനുള്ള നിയമമുണ്ടായത്. നിങ്ങൾ ആ നിയമത്തെ അട്ടിമറിക്കാൻ മിച്ചഭൂമിയിൽ കൊടി കുത്തി സമരം നടത്തിക്കൊണ്ടിരിക്കുകയായിരുന്നുവെന്ന് അങ്ങേയ്ക്കറിയാമോ ?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : 1969-ൽ അന്നുണ്ടായിരുന്ന ഗവൺമെന്റ് മാറുന്നതിനുമുൻപു തന്നെ കാർഷിക ഭൂപരിഷ്ക്കരണ ഭേദഗതി നിയമം പാസ്സാക്കിയതിനുശേഷമാണ് ആ ഗവൺമെന്റ് അധികാരത്തിൽ നിന്നുപോയത്. നിങ്ങളെല്ലാം കൂടി ചേർന്നില്ലാതാക്കിയതാണ്. അത് മറച്ച് വച്ചിട്ട് വെറുതെ 1970-ൽ ഞങ്ങൾ എന്തോ ചെയ്തുവെന്നു പറഞ്ഞാൽ എങ്ങനെ ശരിയാകും.

ശ്രീ. പി. രാഘവൻ : 1969 ഒക്ടോബർ മാസം 24-ാം തീയതി ഗവൺമെന്റ് രാജി വയ്ക്കുന്നതിനു മുൻപ് ആ 18-ാം തീയതി ബില്ല് നിയമസഭ പാസ്സാക്കിയിരുന്നു.

ശ്രീ. പാലോട് രവി : ഈ സഭ പാസ്സാക്കിയ നിയമത്തിന്റെ പ്രത്യേകത യെക്കുറിച്ചാണ് പറയുന്നത്. കേരളത്തിലെ ജന്മിമാർ കുടികിടപ്പാവകാശം എല്ലാ കോടതികളിലും ചോദ്യം ചെയ്തുകൊണ്ടിരുന്ന കാലഘട്ടത്തിൽ, നമ്മുടെ നിയമസഭ പാസ്സാക്കിയ നിയമം ഇൻഡ്യൻ ഭരണഘടനയിൽ 9-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയത് ഇന്ദിരാഗാന്ധിയുടെ ഗവൺമെന്റാണ്. അത് നിങ്ങൾ വിസ്മരിക്കരുത്.

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : അത് ഭരണപരമായ കാര്യമാണ്. ഷെഡ്യൂളിൽ ഉൾപ്പെടുത്തിയത് പാസ്സാക്കിയതല്ലല്ലോ ? ഇൻഡ്യയിലെവിടെയെങ്കിലും പാസ്സാക്കിയിട്ടുണ്ടോ ?

ശ്രീ. പി. രാഘവൻ : ശ്രീ. പാലോട് രവി മനസ്സിലാക്കേണ്ട ഒരു കാര്യം ഇന്ദിരാഗാന്ധി കേരളാ മുഖ്യമന്ത്രിയായിരുന്നില്ല. ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്നു. കേരളത്തിലെ അഞ്ച് ലക്ഷത്തോളം വരുന്ന കർഷകത്തൊഴിലാളികൾ ശക്തമായ പോരാട്ടം നടത്തിയപ്പോൾ, കേരളത്തിൽ നിന്നും ആയിരക്കണക്കിന് ടെലഗ്രാമുകൾ ഇന്ദിരാഗാന്ധിക്ക് ലഭിച്ചപ്പോഴാണ് അന്നുതന്നെ ഇൻഡ്യൻ പ്രസിഡന്റ് ഇതിൽ ഒപ്പ് വച്ച് തന്നത്. 1960-ലേതു മാതിരി വിമോചന സമരം നടത്തി ഈ ബില്ലിനെ പിച്ചിച്ചീന്താനുള്ള ശ്രമം നടത്തിയപ്പോൾ 1970 ജനുവരി

LIBRARY ARCHIVES Kerala Legislative Assembly

മാസം 1-ാം തീയതി എന്ന ഒരു ദിവസമുണ്ടെങ്കിൽ ഈ ബില്ലിലെ വകുപ്പ് മുഴുവൻ പൂർണ്ണമായും കേരളത്തിനകത്ത് നടപ്പിലാക്കിയെന്ന് പ്രഖ്യാപിക്കുമെന്ന് ആലപ്പുഴയിലെ പതിനായിരക്കണക്കിന്, ലക്ഷക്കണക്കിന് വരുന്ന ആളുകളുടെ ആഹ്വാനം കേട്ടപ്പോൾ നിങ്ങൾക്ക് മുട്ടു മടക്കേണ്ടി വന്നു. അല്ലാതെ നിങ്ങൾക്ക് ജന്മിയോട് സ്നേഹമില്ലാത്തതുകൊണ്ടല്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് : ബഹുമാനപ്പെട്ട ശ്രീ. ഗോവിന്ദൻ മാസ്റ്റർ ഒരു കാര്യം ചോദിച്ചു, എവിടെയെങ്കിലും കോൺഗ്രസ്സ് നടപ്പാക്കിയോയെന്ന് . ഞങ്ങൾ നടപ്പാക്കി, ഞാൻ ആ സ്റ്റേറ്റിസിന്റെ പേര് പറയാം. കർണ്ണാടക, ആന്ധ്ര, മഹാരാഷ്ട്ര, മധ്യപ്രദേശ്, ഹരിയാന, പഞ്ചാബ്. ഒരൊറ്റ കാര്യം, വ്യത്യാസമുണ്ട്, വ്യത്യാസമെന്തെന്ന് വച്ചാൽ നേരത്തെ ശ്രീ. ഗോവിന്ദൻ മാസ്റ്റർ പറഞ്ഞതു പോലെ ഓരോ സ്റ്റേറ്റിന്റെയും പ്രത്യേക സാഹചര്യം കണക്കിലെടുത്തുകൊണ്ടാണ്. വെസ്റ്റ് ബംഗാൾ ഇപ്പോഴും ഷെയർ ക്രോപ്പിംഗ് സിസ്റ്റമാണ്. ഇതിൽ ഏറ്റവും പരിഷ്കൃതമായ നിയമം ദേവരാജ് അരശ് പാസ്സാക്കിയ കർണ്ണാടകത്തിലെ നിയമമാണ് എന്നുള്ള കാര്യം അങ്ങേക്ക് അറിയുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : ജന്മിത്വം അവസാനിപ്പിച്ചുകൊണ്ട് കാർഷിക പരിഷ്ക്കാര നിയമം കേരളത്തിൽ പാസ്സാക്കിയ ബില്ല് പോലെ കോൺഗ്രസ് ഭരിച്ചിട്ടുള്ള ഇൻഡ്യയിലെ ഒരൊറ്റ സംസ്ഥാനത്തും നടപ്പാക്കിയിട്ടില്ല.

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) : സുപ്രീം കോടതി വിധിയനുസരിച്ചാണ് നരസിംഹറാവുവിന്റെ കയ്യിലുള്ള മിച്ച ഭൂമി വിട്ടുകൊടുക്കേണ്ടി വന്നത്, അറിയാമോ ?

ശ്രീ. സി. പി. ബാലൻ വൈദ്യർ : കാർഷിക പരിഷ്ക്കാര നിയമത്തെ കുറിച്ച് പറയുമ്പോൾ വളരെ പ്രധാനമായ ഒരു കാര്യം, 1959-ൽ കാർഷിക പരിഷ്ക്കാര നിയമം ചർച്ച ചെയ്തപ്പോഴുള്ള സഭയിലെ എല്ലാ റിക്കാർഡ്സും ലൈബ്രറിയിൽ ഉണ്ട്. 1969-ലെ റിക്കാർഡ്സും ഉണ്ട്. 1963-ൽ ശ്രീ. പി.ടി.ചാക്കോ കൊണ്ടു വന്നപ്പോൾ ചർച്ച ചെയ്ത റിക്കാർഡ്സും ഉണ്ട്. അന്ന് ജന്മിക്ക് നെല്ല് മാത്രം പാട്ടം കൊടുത്താൽ പോര നെല്ല് മെതിച്ചെടുക്കുന്ന വൈക്കോൽ കൂടി പാട്ടം കൊടുക്കണമെന്ന ഭേദഗതി അവതരിപ്പിച്ച് മുഴുവൻ കോൺഗ്രസ് എം.എൽ.എ.മാരും അതിന് വോട്ട് ചെയ്തവരാണ്. ഈ പാരമ്പര്യമാണ് കോൺഗ്രസ്സിനുള്ളത്. സഭാരേഖകൾ എടുത്ത് പരിശോധിച്ചാൽ മനസ്സിലാകും. അതാണ് കോൺഗ്രസ് ചെയ്തത്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : ഇൻഡ്യയിൽ ഭൂ പ്രഭുത്വം അവസാനിപ്പിച്ച ഒരൊറ്റ സംസ്ഥാനവുമില്ല. ജന്മിത്ത ഭൂപ്രഭുത്വം അവസാനിപ്പിക്കാൻ കഴിഞ്ഞ ഒരേയൊരു സംസ്ഥാനം മാത്രമേ ഇൻഡ്യയിലുള്ളൂ. അത് കേരളമാണ്. ആ ജന്മിത്തഭൂപ്രഭുത്വം അവസാനിപ്പിക്കാൻപോലും ഇൻഡ്യയിലെ കോൺഗ്രസ് ഭരണത്തിന്റെ ഭാഗമായി സംസ്ഥാനത്തിന് സാധിച്ചിട്ടില്ല. അത് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാഘവൻ : കേരളത്തിലെ കമ്മ്യൂണിസ്റ്റുകാർ നടത്തിയ സമരത്തിന്റെ ഫലമായി ഇന്ന് ജന്മത്വം അവസാനിപ്പിക്കാൻ സാധിച്ചപ്പോൾ, നിങ്ങളെല്ലാം അതിനെ അംഗികരിക്കുന്ന സ്ഥിതിയിലേക്ക് എത്തിക്കാൻ സാധിച്ചത് കേരളത്തിലെ ജനങ്ങളുടേയും കൃഷിക്കാരുടേയും നേട്ടമാണ് എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതാണ് ഞാൻ പറഞ്ഞത്. പിന്നോക്ക വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് തലചായ്ക്കാൻ ഇടം കിട്ടുന്ന ഒരു നിയമം കൊണ്ടുവന്നത് മഹാ ഭൂരിപക്ഷം വരുന്ന പിന്നോക്കക്കാരെ ഉദ്ധരിപ്പിക്കാൻ വേണ്ടിയാണെന്ന് ഇവിടെ പറഞ്ഞു, നിങ്ങൾ മിച്ച ഭൂമിയിൽ കൊടി നാട്ടിയില്ലേ ? എന്തിനാണ് കൊടി നാട്ടിയത് ? 10 സെന്റ് ഭൂമി പോലും ഇല്ലാത്ത കേരളത്തിലെ കർഷകത്തൊഴിലാളികൾക്ക് 10 സെന്റ് ഭൂമി കിട്ടാൻ വേണ്ടിയാണ്. നിങ്ങൾ ആ സമരത്തെയാണ് ഗോപാല വിപ്ലവം എന്ന് പറഞ്ഞ് അധിക്ഷേപിച്ചത്. 10 ലക്ഷം കർഷകത്തൊഴിലാളികൾ സമരം നടത്തി ; 10സെന്റ് ഭൂമിക്കുവേണ്ടി സമരം നടത്തി. പതിനായിരക്കണക്കിന് ആളുകളെ ജയിലിലടച്ചു. ആ സമരം ഐതിഹാസികമായ സമരമായി മാറിയപ്പോൾ കേരളത്തിലെ കർഷകത്തൊഴിലാളികൾക്ക്, ഭൂമിയില്ലാത്തവർക്ക് 10 സെന്റ് ഭൂമി കിട്ടുന്ന ഒരു സ്ഥിതി വിശേഷമുണ്ടായി. അതുകൊണ്ടാണ് ഭൂമി കിട്ടിയതും എന്തുകൊണ്ട് കോൺഗ്രസ്സിന് ഭൂരിപക്ഷമുള്ള യു.പി. യിലും ബീഹാറിലും ഒറീസയിലും ഈ കർഷക പരിഷ്കൃത നിയമം കൊണ്ടുവരാൻ സാധിച്ചില്ല ? ശ്രീമതി ഇന്ദിരാഗാന്ധിയും നെഹ്റുവുമൊക്കെ ജനിച്ച, ജീവിച്ച യു.പി. യിൽ ഇന്ന് ഹരിജനങ്ങൾക്ക് റോഡിലൂടെ നടക്കാൻ കഴിയില്ല. അവർ റോഡിലൂടെ നടന്നാൽ അവരെ ശരിപ്പെടുത്തിക്കളയും. നിയമത്തേയും സമരത്തേയും അധിക്ഷേപിച്ചിട്ട് ഇപ്പോൾ പറയുകയാണ് ഞങ്ങൾ ഇതിന്റെ ആശാൻമാരാണെന്ന്. നിങ്ങൾ എന്തിനെയെല്ലാമാണ് ആദ്യം എതിർത്തത് ? നിങ്ങൾ ജനകീയാസൂത്രണത്തെ എതിർത്തു. അവസാനം അതിൽ ഒന്നിച്ച് കൂടാൻ തുടങ്ങി. ഇപ്പോൾ മാനവീയത്തെ എതിർക്കുന്നു. അവസാനം നിങ്ങൾ അവിടെയും എത്തുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കർഷകത്തൊഴിലാളി പെൻഷൻ കൊണ്ടു വന്നപ്പോൾ നിങ്ങൾ എതിർത്തില്ലേ ? കേരളത്തിലെ മഹാ ഭൂരിപക്ഷം വരുന്ന പിന്നോക്ക ജാതിക്കാർക്ക് ഒരു നേരത്തെ പച്ചവെള്ളം കുടിക്കാൻ ആവശ്യമായ കാശ് 1980-ൽ ശ്രീ. നായനാർ ഗവൺമെന്റ് കൊണ്ടു വന്നപ്പോൾ ശ്രീ. കരുണാകരൻ പറഞ്ഞത് കർഷകത്തൊഴിലാളികൾക്ക് കാശ് കൊടുത്താൽ കള്ള് കുടിച്ച് കളയുമെന്നാണ്. അറുപത് വയസ്സ് കഴിഞ്ഞശേഷം ആ കാശ് കൊടുക്കുന്നത് ഉല്പാദനക്ഷമമല്ലെന്ന് പറഞ്ഞ് അധിക്ഷേപിച്ച നിങ്ങൾ ഇപ്പോൾ പറയുന്നത് കർഷകത്തൊഴിലാളി പെൻഷൻ ഞങ്ങളാണ് കൊണ്ടുവന്നത് എന്ന നിലയിലാണ്. ജനകീയാസൂത്രണം കൊണ്ടുവന്നപ്പോൾ നിങ്ങൾ ആദ്യം എതിർത്തു. പിന്നെ പറഞ്ഞു ഞങ്ങൾ അതിന്റെ ആശാൻമാരാണെന്ന്. അപ്പോൾ കേവലം റിസർവേഷൻ കൊണ്ടുമാത്രം ആ പ്രശ്നം പരിഹരിക്കാൻ കഴിയില്ല. ഞങ്ങൾ ഇപ്പോഴും പറയുന്നത് അത് തന്നെയാണ്. ഭൂപരിഷ്ക്കരണനിയമം കൊണ്ടുവരണം. ഇൻഡ്യയിൽ പതിനായിരക്കണക്കിന് ഭൂമി കൈവശം വയ്ക്കുന്ന ഈ മഹാരാജാക്കൻമാരുടേയും പ്രമാണിമാരുടേയും കയ്യിൽ നിന്നും ആ ഭൂമി മുഴുവൻ പിടിച്ചെടുത്ത് ഇൻഡ്യയിലെ മഹാഭൂരിപക്ഷം വരുന്ന

കർഷകത്തൊഴിലാളികൾക്കും അതുപോലെ തന്നെ കൃഷിക്കാർക്കും കൊടുക്കണം. കോൺഗ്രസ്സുകാർ 45 കൊല്ലക്കാലം ഭരിച്ചു. ഇൻഡ്യയിലെ 3 ലക്ഷം കുടുംബങ്ങൾ ഇന്നും ജനിക്കുന്നതും ജീവിക്കുന്നതും മരിക്കുന്നതും തെരുവിലാണ്. കേരളത്തിലെ മന്ത്രി ശ്രീമാൻ രാധാകൃഷ്ണൻ പറഞ്ഞു. 2001 ആകുമ്പോൾ കേരളത്തിൽ വീടില്ലാത്ത ഒരു പട്ടികജാതിക്കാരനും ഒരു പട്ടികവർഗ്ഗക്കാരനും കാണുകയില്ലായെന്ന്. 45 കൊല്ലമായിട്ട് കോൺഗ്രസ് അത് പറഞ്ഞോ. അതാണ് രാധാകൃഷ്ണൻ. അതാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയെന്ന് പറയുന്നത്. ഇവിടെ വീടില്ലാത്ത പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും മുഴുവൻ വീട് വച്ച് കൊടുക്കാൻ പോവുകയാണ്. മുഴുവൻ ആളുകൾക്കും വിദ്യാഭ്യാസം കൊടുക്കാൻ പോവുകയാണ്. ഇതൊക്കെ നടപ്പിലാക്കുമ്പോൾ ജനങ്ങളൊക്കെ അതിന്റെ പിന്നാലെയാണെന്ന് പറയുമ്പോൾ അത് ഞമ്മന്റെയാണെന്ന് എട്ടു കാലി മമ്മൂഞ്ഞിന്റെ ന്യായം നിങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. അതു കൊണ്ടാണ് കമ്മ്യൂണിസ്റ്റ് പാർട്ടി പറയുന്നത് റിസർവേഷൻ കുറച്ച് കൊല്ലം കൂടി നീട്ടണമെന്ന്. നിങ്ങൾക്ക് ആ ലക്ഷ്യം നേടാൻ ഇനിയും സാധിച്ചിട്ടില്ല. ആ ലക്ഷ്യത്തിലേക്ക് എത്താൻ സാമ്പത്തികമായിട്ടുള്ള രംഗത്ത്, സാമൂഹികമായിട്ടുള്ള രംഗത്ത്, കാർഷികമായിട്ടുള്ള രംഗത്ത് എല്ലാം മാറ്റം ഉണ്ടാക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടാണ് ഞങ്ങൾ ഈ നിലയിൽ ഇതിനെ കാണുന്നത്. അതിനുകൂടി ആവശ്യമായിട്ടുള്ള നിയമങ്ങൾ നമ്മുടെ രാജ്യത്ത് വന്നാൽ മാത്രമേ ഈ പട്ടികജാതിക്കാരന്റേയും പട്ടികവർഗ്ഗക്കാരന്റേയും പിന്നോക്കകാരന്റേയും പിന്നോക്കാവസ്ഥ പരിഹരിച്ച് അവരെ കൂടി സാമ്പത്തികമായും സാമൂഹ്യമായും വിദ്യാഭ്യാസപരമായും മുന്നോട്ട് എത്തിക്കാൻ സാധിക്കുകയുള്ളൂ എന്നതാണ് ഞങ്ങളുടെ പാർട്ടിയുടെ നയം എന്നുമാത്രം വ്യക്തമാക്കിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. നാലകത്ത് സൂപ്പി</u>: സർ, ഞാൻ ഈ ഗവൺമെൻറ് കൊണ്ടുവന്ന ഭേദഗതി ബില്ലിനെ ശക്തമായി എതിർക്കുകയാണ്. ഒന്നാമതായി ഇതിൽ ഒരു നിയമപ്രശ്നം ഉന്നയിക്കുകയുണ്ടായി. അവകാശലംഘനത്തിന് വരെ സ്കോപ്പുള്ള ഒരു ബില്ലാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ളത് എന്നാണ് എനിക്കിവിടെ സൂചിപ്പിക്കാനുള്ളത്. പിന്നോക്ക വിഭാഗ കമ്മീഷൻ ഇവിടെ രൂപീകരിച്ചത് സുപ്രീം കോടതിയുടെ 16-11-1998 എ.ഐ.ആർ. 477-ലെ പാരാ 123 ഡയറക്ഷൻ അനുസരിച്ചാണ്. ആ ഡയറക്ഷൻ എന്നു പറയുന്നത് ഒരു പെർമനന്റ് മെക്കാനിസമാണ്. എല്ലാ സ്റ്റേറ്റ്സിലുമുള്ള അതാതു വിഭാഗത്തിലെ പിന്നോക്ക വിഭാഗങ്ങൾ ആരാണെന്ന് കണ്ടെത്തുകയും മതിയായ പ്രാതിനിധ്യം കിട്ടി അവർ മുന്നോക്കമായിട്ടുണ്ടെങ്കിൽ അവരെ ഒഴിവാക്കാനും അതു പോലെ തന്നെ പുതുതായി പിന്നോക്ക വിഭാഗങ്ങളിൽ ഉൾപ്പെടുത്തേണ്ടതുണ്ടെങ്കിൽ ആ സബ് ക്ലാസുകളെ ഇൻക്ലൂസ് ചെയ്യുന്നതിനും തെളിവെടുപ്പ് നടത്തി അവരെ ഉൾപ്പെടുത്തണമെന്നുള്ള നിർദ്ദേശമാണ്. ഇതൊരു പെർമനന്റ് മെക്കാനിസമാണ്.

അതിൽ പറയുന്ന ഒരു കാര്യം സുപ്രീം കോടതി ജഡ്ജ്മെന്റിന്റെ ഭാഗമായി ക്രീമിലെയർ നടപ്പാക്കുന്നതിനുവേണ്ടി നിശ്ചയിച്ച പ്രസാദ്
[P.M.] കമ്മിഷൻഎന്ന ഒരു എക്സ്പർട്ട് കമ്മിറ്റി റിപ്പോർട്ടിൽ പറയുന്ന ഒരു കാര്യം കൂടി ഞാൻ വായിക്കാം. On the basis of the exclusion

LIBRARY ARCHIVES Kerala Legislative Assembly

should not mearly be economic unless ofcourse the economic advancement is so high that it necessarily means social advancement. എക്കണോമിക്ക് അഡ്വാൻസ്മെന്റ് മാത്രമല്ല സോഷ്യൽ അഡ്വാൻസ്മെന്റ് നോക്കിയാണ് ക്രീമിലെയർ കാണക്കാക്കേണ്ടത്.

1992 മാർച്ച് 30-ാം തീയതിയിലെ 'ഇന്ത്യാ ടുഡേയിൽ' റിപ്പോർട്ട് ചെയ്ത് വന്നതാണ്. ഞാൻ ഇത് ഉദ്ധരിക്കാൻ കാരണം ഈ സോഷ്യൽ അഡ്വാൻസ്മെന്റ് ആന്റ് എക്കണോമിക്ക് അഡ്വാൻസ്മെന്റ് എന്താണെന്ന് തീരുമാനിക്കാനുള്ള സംവിധാനത്തെക്കുറിച്ച് സുപ്രീം കോടതി പറഞ്ഞിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു സംവിധാനമാണ് പിന്നോക്ക വിഭാഗങ്ങളെ കാറ്റഗറിയിൽ ഉൾപ്പെടുത്തുകയും ഒഴിവാക്കുകയും. അതിനെ സംബന്ധിച്ചിടത്തോളം അതിൽ ചില വ്യവസ്ഥകൾ പറഞ്ഞിട്ടുണ്ട്. ഫംങ്ഷൻസൊന്നും സമയമില്ലാത്തതുകൊണ്ട് ഞാൻ വായിക്കുന്നില്ല. അത് അതാത് കാലത്ത്, മൂന്ന് കൊല്ലത്തിനുള്ളിൽ ഇതിനെ സംബന്ധിച്ചിടത്തോളം ഇവാല്യൂവേഷൻ നടത്തണമെന്നുള്ളതാണ്. ഈ കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയതിനുശേഷം ഇവാല്യൂവേഷൻ നടത്തി ആരെയൊക്കെയാണ് ഉൾപ്പെടുത്തേണ്ടത്, ആരെയൊക്കെയാണ് ഒഴിവാക്കേണ്ടത് എന്നതിനെ സംബന്ധിച്ച് സുപ്രീംകോടതിയുടെ സ്പെസിഫിക് ഡയറക്ഷൻ ഉണ്ട്. ആ ഡയറക്ഷൻ നിലനിൽക്കെതന്നെ 1993-ൽ പാസാക്കിയ നമ്മുടെ നിയമത്തിന് വിരുദ്ധമായി പിന്നീട് ഗവൺമെന്റ് രണ്ട് ജി.ഒ.കൾ പുറത്തിറക്കിയിട്ടുണ്ട്. ആ ജി.ഒ. പ്രകാരം അന്നത്തെ കമ്മിഷന്റെ അധികാരങ്ങളെ വെട്ടിക്കുറച്ചു. 27-5-1998 നും, 29-5-1998-നും ഉദ്യോഗസ്ഥൻമാരെയടക്കം ഒഴിവാക്കി. പെർമനന്റ് ടെമ്പററിയാക്കി, അതുപോലെ സെക്രട്ടറിയുടെ സ്ഥാനത്ത് പെർമനന്റ് സെക്രട്ടറി ഒരു ഗവൺമെന്റ്. ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥൻ പാർട്ട് ടൈം സെക്രട്ടറി എന്ന നിലയ്ക്കായി. മെമ്പർ-സെക്രട്ടറി ഇല്ല. അതിലും വലിയ ഒരു കാര്യം, ഈ ബിൽ കൊണ്ടുവരുന്ന സമയത്ത് ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ടായിരുന്നു. അത് എന്താണെന്ന് വച്ചാൽ 1993-ലെ മൂലനിയമത്തിൽ, Construction of the Kerala State Commission for backward classess ഇതിൽ, Sub Clause (4) - ൽ Term of office and conditions of service of Chairperson and Members:-

(2) A Member may, be writing under his hand addressed to the Government, resign from the office of Chairperson or , as the case may be, of Member at any time. ഒഴിവ് വരുന്ന സമയം, അങ്ങനെ ഒഴിവുവരുന്ന സ്ഥാനം മൂന്ന് മാസത്തിനകം ഫിൽ ചെയ്യണമെന്നാണ്. ഇതുവരെ ആ സ്ഥാനം ഫിൽ ചെയ്തിട്ടില്ല. ഇപ്പോൾ ചെയർമാൻമാർ പോയി. ഇപ്പോൾ നിലവിൽ ശ്രീ.പത്മനാഭൻ, റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി കമ്മീഷൻ ചെയർമാനാണ്. രണ്ട് മെമ്പർമാരുടെ ഒഴിവുണ്ട്. സുബ്ബയ്യ എന്നുപറയുന്ന ഗവൺമെന്റ് സെക്രട്ടറി മെമ്പർ-സെക്രട്ടറിയായിട്ട് നിൽക്കുന്നുണ്ട്. ഈ രണ്ട് ഒഴിവുകൾ നികത്താൻ ഇതുവരെ ഗവൺമെന്റ് തയ്യാറായിട്ടില്ല. അത് നികത്തേണ്ടതായിട്ടുണ്ട്. ക്ലാസ് (4) സബ് ക്ലാസ് (iv) വച്ചുകൊണ്ട് മൂന്നുമാസത്തിനകം ഒഴിവുള്ള തസ്തികകൾ

LIBRARY ARCHIVES Kerala Legislative Assembly

നികത്തണം എന്നുണ്ട്. ഞാൻ അത് വായിക്കുന്നില്ല, അതും ഗവൺമെന്റ് ശ്രദ്ധിച്ചിട്ടില്ല. ഇവിടെ അധികാരങ്ങൾ വെട്ടിക്കുറയ്ക്കുന്നു. സാമ്പത്തിക ബുദ്ധിമുട്ട് പരിഹരിക്കാൻ എന്നാണ് പറയുന്നത്. 25 ലക്ഷമാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്, 40 ലക്ഷം വരെ ബാദ്ധ്യത വരും എന്ന് ഇതിന്റെ ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇത് വൈരുദ്ധ്യമാണെന്നാണ് ആ കാര്യത്തെക്കുറിച്ച് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഗവൺമെന്റിന് മുൻപാകെ ഈ കമ്മീഷൻ ഇതിനകം കൊടുത്ത റിപ്പോർട്ടുകളെ സംബന്ധിച്ചിടത്തോളം അന്വേഷിച്ചപ്പോൾ മനസ്സിലാക്കാൻ സാധിച്ചത്, 18 റിപ്പോർട്ടുകൾ കൊടുത്തു. 18 റിപ്പോർട്ടിൽ 16 റിപ്പോർട്ടുകളും ഗവൺമെന്റ് അംഗീകരിച്ചു. ജോസഫ് കമ്മീഷൻ തെളിവെടുപ്പ് നടത്തിയ സമയത്ത് മുസ്ലീങ്ങളടക്കം, വേലൻ തുടങ്ങിയ സമുദായങ്ങളടക്കം സബ് ക്ലാസിൽ നിന്നും ഒഴിവായിരുന്നു. അത്തരം ശുപാർശകൾ 16 എണ്ണം ഗവൺമെന്റ് അംഗീകരിച്ചു. ബാക്കി രണ്ടെണ്ണം ഇപ്പോൾ ഗവൺമെന്റ് അംഗീകരിച്ചിട്ടില്ല, തീരുമാനം എടുത്തിട്ടില്ല. ഇനിയും ഏതാനും സബ് ക്ലാസുകൾ ഉൾപ്പെടുത്തണമെന്ന് അദ്ദേഹം റിപ്പോർട്ട് കൊടുത്തിട്ടുണ്ട്. പ്രധാനപ്പെട്ട ഒരു ചോദ്യം ഈ കമ്മീഷന് Inclusion and Exclusion - ഈ രണ്ട് ജോലി മാത്രം കൊടുത്താൽ മതിയോ, അതല്ലെങ്കിൽ പിന്നോക്ക സമുദായങ്ങളുമായി, ബന്ധപ്പെട്ടുകൊണ്ട് ഇവിടെ പ്രതിപാദിച്ചപോലെ തന്നെ സർവ്വീസിൽ, പ്രാതിനിധ്യത്തെ സംബന്ധിച്ചിടത്തോളം ആ അധികാരം കൂടി കമ്മീഷന് കൊടുക്കണോ എന്ന് ഗവൺമെന്റ് ആലോചിച്ചതാണ്, ഈ ഗവൺമെന്റും ആലോചിച്ചതാണ്. നിലവിൽ ഇന്നത്തെ കമ്മീഷന് ഈ അധികാരം കൊടുത്തില്ല.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

അതേസമയം ഈ കമ്മീഷൻ ഒരുപാട് കണക്കുകൾ ശേഖരിച്ച് വച്ചിട്ടുണ്ട്. ജോസഫ് കമ്മീഷൻ തെളിവെടുത്ത സമയത്ത് ഈ കണക്കുകളൊന്നും ജോസഫ് കമ്മീഷൻ വാങ്ങിയിട്ടില്ല. ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളിൽ നിന്ന് ഈ ബാക്ക്വേർഡ് കമ്മീഷൻ ചില രേഖകൾ വാങ്ങി സൂക്ഷിച്ചുവച്ചത് എന്തുകൊണ്ട് പ്രസിദ്ധപ്പെടുത്തിയില്ല?. അത് ഇന്ന് നിശ്ചയിച്ച നരേന്ദ്രൻ കമ്മീഷന് കൈമാറാനോ, അല്ലാതെ വച്ചുകൊണ്ട് പ്രസിദ്ധപ്പെടുത്താനോ ഗവൺമെന്റ് തയ്യാറാകണം എന്നുകൂടി ഞാൻ സൂചിപ്പിക്കുകയാണ്. പബ്ലിക് സർവ്വീസ് കമ്മീഷന്റെ കാര്യങ്ങളെ സംബന്ധിച്ച് ഞാൻ പറയുന്നില്ല. ഇവിടെ ഇങ്ങനെ ഈ കമ്മീഷന്റെ പ്രവർത്തനങ്ങളെ തടയുകയും, കമ്മീഷൻ തന്നെ ഇല്ലാതാകുന്ന അവസ്ഥ സൃഷ്ടിക്കുകയും ചെയ്യുന്നത് അപകടമാണ്. വളരെ പ്രധാനപ്പെട്ട, ഇപ്പോൾ നരേന്ദ്രൻ കമ്മീഷന് കൊടുത്ത അധികാരങ്ങൾ തന്നെ വേറൊരു രീതിയിൽ കൊടുക്കാം. അതുപോലെ പബ്ലിക് സർവ്വീസ് കമ്മീഷനിൽ നടക്കുന്ന കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഒരു അതോറിറ്റി എന്നുള്ള നിലയ്ക്ക് അന്വേഷിക്കാനും, ഗവൺമെന്റിന് റിപ്പോർട്ട് ചെയ്യാനുമുള്ള അധികാരം കൂടി എന്തുകൊണ്ട് ഈ ബാക്ക്വേർഡ് കമ്മീഷന് കൊടുത്തുകൂടാ. അക്കാര്യം ഗവൺമെന്റ് ആലോചിക്കേണ്ടതാണ്. എല്ലാ പത്രങ്ങളിലും വാർത്ത വരുന്നുണ്ട്, ഇന്നും ഉണ്ടായിരുന്നു. പി.എസ്.സി. നിയമനങ്ങളിൽ സംവരണം

LIBRARY ARCHIVES Kerala Legislative Assembly

കിട്ടുന്നില്ല എന്നുള്ള പരാതി കിട്ടുന്നുണ്ട്. എനിക്ക് കിട്ടിയ നാലഞ്ച് പരാതികൾ ഉണ്ട്, ഞാൻ പേര് വായിക്കുന്നില്ല. പി.എസ്.സി. കമ്മ്യൂണൽ റൊട്ടേഷൻ അനുസരിച്ച് നിയമനം കിട്ടേണ്ട ഈഴവ, മുസ്ലീം, ലത്തീൻ കാത്തലിക്, നാടാർ കമ്മ്യൂണിറ്റികളുടെ നിരവധി ഉദ്യോഗാർത്ഥികൾക്ക് കിട്ടിയിട്ടില്ല. അവിടെ വരുമ്പോൾ ജില്ലാ റിക്രൂട്ട്മെന്റ് ഏജൻസികൾ തിരിമറി നടത്തുന്നു. ഇവിടെ ഉയർന്ന ക്ലാസുകളിലേക്ക് നിയമനം കൊടുക്കുന്ന, ഹെഡ് ഓഫീസിലും അത് കിട്ടുന്നില്ല. ഇവിടെ നേരത്തെ ഭരണപരിഷ്ക്കാര കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് പറഞ്ഞു, സംവരണം കേരളത്തിൽ ആര് നടപ്പിലാക്കി എന്നുള്ള ഒരു ഡിബേറ്റിലേക്ക് പോയാൽ നീണ്ടുപോകും. ഒരു കാര്യം വളരെ ശരിയാണ്, 1915-മുതൽ തിരു-കൊച്ചി സംസ്ഥാനത്ത് അന്നത്തെ രാജാക്കൻമാരുടെ നിർദ്ദേശപ്രകാരം അധ:കൃതർ എന്ന രീതിയിൽ അറിയപ്പെട്ടിരുന്ന ആളുകളെ ജോലിയിൽ എടുക്കാൻ നിയമം ഉണ്ടായിരുന്നു. 1936 മുതലാണ് വ്യവസ്ഥാപിതമായി 25-6-1935-ലെ ആർ.ഡി.എസ്. 893 ജനറൽ എന്ന ഒരു സർക്കുലർ അനുസരിച്ച് ആദ്യമായി കേരളത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ എന്നുപറയുന്ന ഒരു കമ്മീഷനെ നിശ്ചയിച്ചത്. അതിനുശേഷം പിന്നീട് ആ കമ്മീഷന് അധികാര പരിധി കൊടുക്കുകയും അതിന് വ്യവസ്ഥകൾ നിശ്ചയിക്കുകയും ചെയ്തു കൊണ്ട് 25-4-1936 മുതലാണ് സംവരണം റൊട്ടേഷന്റെ ബേസിസിൽ നടത്തണമെന്ന് ഗവൺമെന്റ് തീരുമാനിച്ചത്. ഭരണ പരിഷ്ക്കാരം കമ്മിറ്റി റിപ്പോർട്ട് 1958-ൽ സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ കാലത്ത് അന്നത്തെ മുഖ്യമന്ത്രി എന്നുള്ള നിലയ്ക്ക് കൊണ്ട് വന്നു എന്നുള്ളത് ശരിയാണ്. ആ ഭരണപരിഷ്ക്കാര കമ്മീഷൻ പറഞ്ഞത് ഉയർന്ന തസ്തികകളിലേക്ക് നേരിട്ട് നടത്തുന്ന നിയമനങ്ങൾക്ക് സംവരണം കൊടുക്കാൻ പാടില്ല എന്നാണ്. അതിന് കാരണം പറഞ്ഞത് എഫിഷ്യൻസിയാണ്. അങ്ങനെ തെരഞ്ഞെടുക്കപ്പെട്ട ആളുകളെ എഫിഷ്യൻസി ടെസ്റ്റ് വച്ചുനോക്കുമ്പോൾ അത് കൊടുക്കാൻ പാടില്ല എന്ന ഒരുവാദം അന്ന് ആ ഭരണപരിഷ്ക്കാര കമ്മീഷൻ റിപ്പോർട്ടിൽ വന്നു. ആ റിപ്പോർട്ടിനെ സംബന്ധിച്ച് ഒരു ഡിസ്പ്യൂട്ട് പത്രങ്ങളിലും ചില മാസികകളിലും വന്നിരുന്നു. ഞാൻ അത് വായിക്കുന്നില്ല. വളരെ വ്യക്തമായി പറഞ്ഞു, 1936 മുതൽ അനുവദിച്ച നിയമനം കിട്ടിക്കൊണ്ടിരുന്ന ആ വിഭാഗങ്ങളെപ്പോലും ഇതിൽനിന്നും മാറ്റി നിറുത്തണമെന്നാണ് കമ്മീഷൻ റിപ്പോർട്ട്. ഏതായാലും ആ തർക്കം കൊണ്ട് തീർന്നു. 1958 മുതൽ വ്യവസ്ഥാപിതമായ സംവരണം ഇവിടെ നിലനിൽക്കുന്നു. അതിൽ തിരു-കൊച്ചി, കേരളം ഒക്കെ ഒന്നിച്ചുതന്നെ നിൽക്കുന്നു. ആ സംവരണം 40 ശതമാനമാക്കിയത് 1978-ലാണ്. അതിൽ ചില കമ്മ്യൂണിറ്റികളെ മാറ്റിയതും 1978-ലെ ഗവൺമെന്റിന്റെ കാലത്താണ്. അത് നെട്ടൂർ കമ്മീഷൻ റിപ്പോർട്ടിന്റെ ഭാഗമായി കിട്ടിയ ശുപാർശയുടെ അടിസ്ഥാനത്തിൽ ഒരു താൽക്കാലിക സംവിധാനമെന്നുള്ള നിലയിൽ ചെയ്തതാണ്. അതുതന്നെയാണ് ഇപ്പോഴും തുടർന്ന് കൊണ്ടിരിക്കുന്നത്. ഏതായാലും പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമനങ്ങളിൽ അഡ്വൈസ് മെമ്മോ കൊടുത്ത റിപ്പോർട്ട് തെറ്റാണ്, ആ റിപ്പോർട്ട് അപ്പാടെ അംഗീകരിക്കാൻ ചില ശുപാർശകൾ എടുത്തുകൊണ്ട്, ഇതുമായി ബന്ധപ്പെട്ട് ഞാൻ ഉന്നയിച്ച കാര്യത്തിന് ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി മറുപടി പറഞ്ഞിരുന്നു. കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

ദിവസം ഞാൻ ഇല്ലായിരുന്നു. ആ ഫയലിൽ അങ്ങനെ ഇല്ല എന്നാണ് പറഞ്ഞത്. പി.എസ്.സി.യുടെ മലപ്പുറം, ആലപ്പുഴ തുടങ്ങിയ ജില്ലകളിലെ 1991 മുതൽ 1996 വരെയും , 1981 മുതൽ 1986 വരെയുള്ള കാലഘട്ടങ്ങളിലും 1997-98 കാലഘട്ടത്തിലും വിവാദപരമായ ആ നിയമനങ്ങൾ എങ്ങനെ തിരിമറി ചെയ്തു എന്നതിനെ സംബന്ധിച്ചുള്ള ആധികാരികമായ എല്ലാ രേഖകളും പി.എസ്.സി.യുടെ ജില്ലാ ഓഫീസുകളിൽ നിന്നും ലഭിച്ച കണക്ക് ഞാൻ ഇവിടെ മേശപ്പുറത്ത് വയ്ക്കാം. ബഹുമാനപ്പെട്ട മന്ത്രി ഫയൽ മേശപ്പുറത്ത് വച്ച് പരിശോധനയ്ക്ക് വിധേയമാക്കണം എന്നുകൂടി ഞാൻ ആവശ്യപ്പെടുകയാണ്. ഈ കമ്മീഷന്റെ ഇതുപോലുള്ള അധികാരങ്ങൾ വെട്ടിക്കുറയ്ക്കുന്നതുകൊണ്ട് പ്രവർത്തനം നിർജ്ജീവമാകുന്നു. ആ കമ്മീഷൻ പിരിച്ചുവിടുകയാണ് ഇതിലേറെ നല്ലത്. അല്ലെങ്കിൽ കമ്മീഷൻ നിലനിർത്തണമെങ്കിൽ അതിന് അധികാരം കൊടുക്കണം. അപ്പുറത്തുനിന്നും, ഇപ്പുറത്തുനിന്നും പിന്നോക്കക്കാരുടെ വലിയ വക്താക്കൾ എന്ന് വാദിച്ചിട്ട് കാര്യമില്ല. പ്രവർത്തനത്തിൽ അത് കൊണ്ടുവരാൻ ഗവൺമെന്റ് തയ്യാറാകണം എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീമതി കെ. ആർ. ഗൗരിയമ്മ : സർ, സമയത്തിന്റെ കാര്യമാണ് തർക്കം. ഈ നിയമസഭയിൽ അനാവശ്യമായി കേരളത്തിന്റെ ചരിത്രം, കാർഷിക പരിഷ്ക്കരണം സംബന്ധിച്ച ചർച്ച, ആരൊക്കെയാണ് മിടുക്കൻമാർ ഇതെല്ലാം പറഞ്ഞ് എത്ര സമയമാണ് വെറുതെ കളഞ്ഞത്. ബില്ലിനെപ്പറ്റിയുള്ള ചർച്ചയിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങൾ പറയുന്നതിന് സമയമില്ലാതെ വരുന്നത് ബുദ്ധിമുട്ടാണ്. ഒരുവശത്ത് മറുപടി പറയുകയും ഇഷ്ടമുള്ള സമയം കൊടുക്കുകയും മറുഭാഗത്ത് സമയം കൊടുക്കാതിരിക്കുകയും ചെയ്യുന്ന കീഴ്വഴക്കം ഏതായാലും ഈ നിയമസഭയ്ക്ക് ഭൂഷണമല്ല. ഞാൻ ആദ്യം പറയുന്നത് ഈ നിയമനിർമ്മാണത്തെക്കുറിച്ചാണ്, പിന്നോക്ക വിഭാഗ കമ്മീഷനെ ഇപ്പോൾ പാർട്ട്ടൈം കമ്മീഷനാക്കി മാറ്റുന്നതിനുവേണ്ടിയിട്ടുള്ള ഒരു നടപടിക്രമമായിട്ടാണ് ഇവിടെ ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. ഇതിൽ പറഞ്ഞിരിക്കുന്ന കാര്യം ഇവർക്ക് 40 ലക്ഷം രൂപ ചെലവാകുന്നു, ആരൊക്കെ പിന്നോക്കമാണ്, പുതിയ അപേക്ഷകരുണ്ടോ, മുൻപുള്ള ആളുകളുടെ അപേക്ഷകൾ പരിശോധിക്കണമോ എന്നൊക്കെയുള്ള കാര്യത്തിൽ ഞാൻ കൂടുതൽ കടക്കുന്നില്ല. ഇവിടെ ബഹുമാനപ്പെട്ട സുപ്പി സംസാരിക്കുമ്പോൾ പറഞ്ഞു, അവർക്ക് അഡീഷണൽ അധികാരം കൊടുക്കണമെന്ന്, അഡീഷണൽ അധികാരം കൊടുത്തുകൊണ്ട് ആ കമ്മീഷനെ ഫുൾടൈം ആയിട്ട് എങ്ങനെ പ്രവർത്തിപ്പിക്കാം എന്നതിനെ സംബന്ധിച്ച് പരിശോധിക്കണം. ഇന്ന് ഇപ്പോൾ അനുവദിച്ചിരിക്കുന്ന റിക്രൂട്ട്മെന്റിൽ തന്നെ അനേകം പരാതികൾ ആണ്. ഞാൻ ഇപ്പോൾ മുഖ്യമന്ത്രി നല്കിയിട്ടുള്ള മറുപടി വായിക്കാം, അതിൽ വന്നിരിക്കുന്നത് എന്താണെന്നോ ? ആരോഗ്യ വകുപ്പിൽ ഇടുക്കി ജില്ലയിൽ ഒഴിവുള്ള സ്റ്റാഫ് നേഴ്സിന്റെ തസ്തികകളിലേക്ക് നിയമിപ്പിക്കപ്പെടുന്നതിന് 17-9-1999-ൽ പ്രസിദ്ധീകരിച്ച പി.എസ്.സി. റാങ്ക്ലിസ്റ്റിൽ നിന്ന് എതപേർക്ക് അഡ്വൈസ് മെമ്മോ കൊടുത്തു ? 24 പേർക്ക്, രണ്ടാമത്തെ ചോദ്യം, അഡ്വൈസ് മെമ്മോ

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തവരിൽ ഈഴവ സമുദായത്തിൽപ്പെട്ട എത്രപേരുണ്ട്. അവരുടെ റാങ്കും പേരും നമ്പരും ഉൾപ്പെടുത്തിയിട്ടുണ്ടോ ? ഇല്ല, 24 പേരെ എടുത്തു, പത്താണോ, പന്ത്രണ്ടാണോ കുറഞ്ഞുപോയി എന്നുള്ള തർക്കമാണ്. 24 പേരെ എടുത്തിട്ട് ഒരാളെയും അഡ്വൈസ് ചെയ്തിട്ടില്ല, കാരണമെന്താണ്, ഒരാളിന്റെ റാങ്ക് നമ്പർ മുപ്പതാമത്തെയാണ്, രണ്ടാമത്തെയാളിന്റെത് അൻപത്തിനാലാണ്, എടുത്തിട്ടില്ല, പി.എസ്.സി. ഓഫീസിനകത്ത് നടക്കുന്ന കൃത്രിമങ്ങൾ മറ്റു വിധത്തിലാണ്. ആളിനെ എങ്ങനെ ചേർക്കണം, റാങ്ക്‌ലിസ്റ്റിൽ എങ്ങനെ നിയമനം നല്കണം എന്നതിനെ സംബന്ധിച്ചാണ്. ഇന്നും തുടർച്ചയായിട്ട് നടക്കുന്നു. ഇതുപോലുള്ള നടപടികൾ ഇല്ലാതാക്കണം. അവരെല്ലാം ക്രീമിലെയർ ഇവിടെ നടപ്പിലാക്കണമെന്ന് പറഞ്ഞുകൊണ്ടുള്ള നടപടികൾ വന്നപ്പോൾ ശക്തിയുക്തം എതിർക്കുന്നവരാണ്. ഇന്നും എതിർക്കുന്നു. സർ, ക്രീമിലെയർ, അല്ലെങ്കിൽ സംവരണം എന്നുപറയുന്നത് പ്രളയകാലം വരെ നിൽക്കണമെന്ന അഭിപ്രായക്കാരിയല്ല ഞാൻ, പക്ഷെ സംവരണം മാറ്റത്തക്ക സ്ഥിതിയിൽ കേരളം വളർന്നിട്ടുണ്ടോ ? ഇവിടുത്തെ സർക്കാർ സർവ്വീസ് വളർന്നിട്ടുണ്ടോ ? പലരും ഇവിടെ സംസാരിച്ചപ്പോൾ പറഞ്ഞത് എന്താണ്, ശ്രീ. രാഘവൻ ഉൾപ്പെടെയുള്ളവർ സംസാരിച്ചപ്പോൾ പറഞ്ഞതെന്താണ്? തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രമേയത്തിൽ പറഞ്ഞിരിക്കുന്നത് എന്താണ് ? ഇത് തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ളതല്ല, എല്ലാപേരും വളരെ ആദരപൂർവ്വം കാണുന്ന ശ്രീ. വി.പി.സിംഗ് പറഞ്ഞത് എന്താ ? ഇത് സർക്കാർ സർവ്വീസിൽ, ഭരണതലത്തിൽ ഒരിക്കലും എത്തിനോക്കാൻ കഴിയാതിരുന്ന, അക്ഷരങ്ങളിൽ നിന്നും അറിവിൽനിന്നും അകറ്റിനിർത്തിയിരുന്നവർ, തീണ്ടാ ജാതിക്കാർ, വഴി നടക്കാൻ പാടില്ലാത്തവർ, അങ്ങനെയുള്ള വിഭാഗക്കാരെ ഭരണതലത്തിലേക്ക്, അധികാരത്തിലേക്ക് എത്തിക്കുന്നതിനുവേണ്ടിയിട്ടുള്ള ഉപകരണങ്ങളിൽ ഒന്നാണ് ഈ സംവരണം എന്നാണ്. ആ സംവരണം നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ എടുക്കുമ്പോൾ സാധാരണ ഒരു ക്രീമിലെയർ വന്നാലും ഇവർക്ക് ഭരണഘടനാപരമായ സുപ്രീം കോടതിയുടെ വിധി ഞങ്ങൾ ഒരിക്കലും അംഗീകരിക്കുന്നില്ല. ഭരണഘടനയുടെ ആർട്ടികൾ 14-ലും, 16-ലും പറഞ്ഞിരിക്കുന്ന സാമ്പത്തിക സമത്വം അല്ല, വിദ്യാഭ്യാസപരമായും സാമൂഹ്യപരമായും പിന്നോക്കം നിൽക്കുന്നവരിൽ പണമുള്ളവർ സാമൂഹ്യപരമായും വിദ്യാഭ്യാസപരമായും മുന്നേറിയിട്ടുണ്ട് എങ്കിൽ അതിന് ഒരു സർവ്വേ വേണ്ടേ, കേരളത്തിൽ ഒരു സർവ്വേ നടത്തിയിട്ടുണ്ടോ ? സമഗ്രമായിട്ടുള്ള ഒരു സർവ്വേ നടത്തണം. ഏതു വിധത്തിലുള്ളതാണെന്ന് സർവ്വേ നടത്താതെ ചില പ്രത്യേക വിഭാഗക്കാരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള നടപടിയാണ്. പലരും അപ്പുറത്ത് നിന്നു സംസാരിച്ചപ്പോൾ പറഞ്ഞതെന്താ ? സർ, എനിക്ക് സമയമില്ല I have no time അവിടെ നിന്നു പറഞ്ഞപ്പോൾ കുട്ടികൾക്ക് ചരിത്രമറിഞ്ഞുകൂടെന്നേ ഞാൻ കരുതിയുള്ളൂ. സംവരണം ആരാണ് ഏർപ്പെടുത്തിയത് ? അപ്പുറത്തുനിന്ന് പറയുകയാണ് ശ്രീ. നമ്പൂതിരിപ്പാടാണ് സംവരണം ഏർപ്പെടുത്തിയതെന്ന്. അവർക്ക് കേരളത്തിന്റേയും തിരുവിതാംകൂറിന്റേയും ചരിത്രമറിഞ്ഞുകൂടാ. ഈ നാട്ടിലെ പിന്നോക്കക്കാർക്കും ദളിതർക്കും സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

സർവ്വീസിൽ ജോലിവേണം എന്നു ഉദ്ദേശിച്ചുകൊണ്ട് നടത്തിയ സമരത്തിന്റെ ഫലമായി 1936-ൽ ആണ് ഇവിടെ സംവരണം ഏർപ്പെടുത്തിയത്. മലബാറിലുണ്ടായിരുന്നു, ഇല്ല എന്ന് പറയണ്ട, മലബാറിൽ എന്താണ് ? ചില പ്രത്യേക വിഭാഗക്കാരെ ഇതിൽ ഉൾപ്പെടുത്തണമെന്നുള്ള റിപ്പോർട്ട് വന്നു. കുറച്ചുപേരെ അംഗീകരിച്ചു ബാക്കിയുള്ളവരെ അംഗീകരിച്ചില്ല, മലബാറിൽ സംവരണമുണ്ടായിരുന്ന അവസരത്തിൽ ഒരു വിഭാഗക്കാരെ അവിടെ ഒഴിച്ച് നിർത്തി. തണ്ടാർ എന്നു പറയുന്ന ഷെഡ്യൂൾഡ് കാസ്റ്റിൽപ്പെട്ട ഒരു വിഭാഗത്തെ അവിടെ ഒഴിച്ച് നിർത്തി. പാലക്കാട് ഈഴവരിൽ ഒരു വിഭാഗമായ തീയ്യരെ ഉൾപ്പെടുത്തിയിരുന്നില്ല. തീയ്യരെക്കൂടി ഉൾപ്പെടുത്തക്കവിധത്തിൽ നടപടിയെടുത്തതല്ലാതെ സംവരണത്തിന്റെ ആനുകൂല്യം ഒരു രാഷ്ട്രീയക്കാരും ഈ നാട്ടിൽ അവകാശപ്പെടണ്ട. കാര്യം അതാണ്. സന്തോഷകരമായ ഒരു കാര്യമെന്താണെന്നോ, ഈ നാട്ടിൽ സംവരണം ആർ കൊണ്ടുവന്നു, എന്ന് പറഞ്ഞ് ലഹളയായിരുന്നു, അതേസമയം സമരം പൊളിക്കാനുള്ള മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ റോൾ വളരെ വലുതാണ്. അത് മനസ്സിലാക്കണം. ചെറുതായിട്ടൊന്നുമല്ല, വളരെ വലുതാണ്, ക്രീമിലെയർ എന്നു വന്നു എന്നാണ് പറഞ്ഞത്, ക്രീമിലെയർ 1958-ൽ വന്നു.

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ സമരം പൊളിക്കാൻ മാർക്സിസ്റ്റു പാർട്ടിയാണ് പരിശ്രമിച്ചത് എന്ന് പറഞ്ഞത് വസ്തുതയുമായി യാതൊരു ബന്ധവുമുള്ളതല്ല, 1956-ൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഇൻഡ്യയുടെ പ്രധാനമന്ത്രിയായിരുന്നപ്പോഴാണ് ആദ്യമായി ഒരു കമ്മീഷനെ, പിന്നോക്കവിഭാഗങ്ങൾക്ക് വേണ്ടിയുള്ള ഒരു കമ്മീഷനെ, കലേക്കർ കമ്മീഷനെ വച്ചത്. ജവഹർലാൽ നെഹ്റു മരിക്കും വരെ ആ കമ്മീഷന്റെ റിപ്പോർട്ട് വെളിച്ചം കണ്ടിട്ടില്ല. അതിനുശേഷം ജനതാ ഗവൺമെന്റിന്റെ കാലത്ത് മണ്ഡൽ കമ്മീഷന്റെ ശുപാർശ വന്നു, പത്തു വർഷക്കാലമത് വെളിച്ചം കാണാതെ അവർ പൂഴ്ത്തിവച്ചു, അതിനുശേഷം അത് നടപ്പിലാക്കുമ്പോൾ (ബഹളം)..... സുപ്രീം കോടതിയുടെ ക്രീമിലെയറിന്റെ കാര്യം പറഞ്ഞത് (ബഹളം)..... ഈ ഗവൺമെന്റ് നിയമിച്ച ജോസഫ് കമ്മീഷൻ ക്രീമിലെയറിനെക്കുറിച്ച് ഒരു സർവ്വേ നടത്തിയെന്നാണല്ലോ പറഞ്ഞത്.....

<u>ശ്രീമതി കെ. ആർ. ഗൗരിയമ്മ</u> : ഇത് എന്തൊരു ശല്യമാണ്. വർത്തമാനം പറയാൻ സമ്മതിക്കുകയില്ല, സർ, അങ്ങ് ഇരുത്തണം, റിക്കാർഡിലുള്ള അന്നത്തെ പ്രസംഗം എന്തിനാണ് വീണ്ടും ആവർത്തിക്കുന്നത്. ഞാൻ സംസാരിച്ചപ്പോൾ കോൺഗ്രസിന്റെ കാര്യം പറഞ്ഞില്ല. കോൺഗ്രസ്സ് റിസർവേഷൻ കൊണ്ടുവന്നു എന്ന് പറഞ്ഞില്ല. മാർക്സിസ്റ്റ് പാർട്ടി കൊണ്ടുവന്നു എന്ന് പറഞ്ഞില്ല. ഞാൻ കൊണ്ടുവന്നു എന്ന് പറഞ്ഞില്ല, ആരും കൊണ്ടുവന്നു എന്ന് പറഞ്ഞില്ല. 1936-ൽ ആണ് ഇവിടെ സംവരണം നടപ്പിലാക്കിയത്. ആ സംവരണം നടപ്പിലായത് പൊളിക്കുന്നതിനുവേണ്ടിയിട്ടുള്ള ഒരു വലിയ റോൾ നിങ്ങൾ വഹിച്ചുവെന്നാണ് ഞാൻ പറഞ്ഞത്. മറ്റൊന്നുമല്ല. സംവരണം സംബന്ധിച്ച് മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് വന്നു. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വി.പി.സിംഗ് ഒരു ഓർഡർ ഇഷ്യൂ ചെയ്തു. ഡൽഹിയിൽ

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ പേരിൽ വലിയ ലഹള നടന്നു. അത് നടക്കുന്ന അവസരത്തിൽ നമ്മുടെ നാഷണൽ ഇന്റഗ്രേഷൻ കമ്മിറ്റി കൂടി. നാഷണൽ ഇന്റഗ്രേഷൻ കമ്മിറ്റി മാർക്സിസ്റ്റ് പാർട്ടിയുൾപ്പെടെയാണ് കൂടിയത്. അന്ന് തീരുമാനിച്ചത് എന്താണ് ? കർപ്പൂരി ഠാക്കൂർ കമ്മീഷന്റെ റിപ്പോർട്ടിൽ ക്രീമിലെയർ നടപ്പിലാക്കത്തക്ക വിധത്തിൽ ഓർഡർ ഇഷ്യൂ ചെയ്യാൻ അന്നേ തീരുമാനിച്ചതാണ്. ഓർഡർ ഇഷ്യൂ ചെയ്യാൻ വി.പി.സിംഗ് വിസമ്മതിച്ചു. ഓർഡർ ഇഷ്യൂ ചെയ്യാൻ അദ്ദേഹത്തിന് കഴിയുകയില്ലെന്നു പറഞ്ഞുകൊണ്ട് അദ്ദേഹം രാജിവച്ചു. പക്ഷേ വന്നതാണ്. ഇവിടെ വന്നതെന്താണ് ? 1988-ൽ ഒരു ഭരണ പരിഷ്ക്കാര കമ്മീഷൻ വന്നു. അതിൽ സംവരണം വേണ്ടെന്ന് വയ്ക്കാനുള്ള വല്ല കാര്യവുമുണ്ടോ ? അന്ന് മലബാറിലെ സ്ഥിതിയെന്താണ്? 1988-ൽ പാലക്കാടിലെ സ്ഥിതിയെന്താണ്? 8 വയസ്സ് പ്രായമുള്ള പിന്നോക്കക്കാരും ദളിതരുമായിട്ടുള്ള ആൺകുട്ടികൾ ജന്മിയുടെ വീട്ടിൽ പശുക്കളെ മേയ്ക്കാൻ പോകുന്ന കാലഘട്ടത്തിലാണ് പിന്നോക്കവിഭാഗങ്ങൾക്ക് ക്രീമിലെയർ ഏർപ്പെടുത്തണം, എന്നുള്ള അടിസ്ഥാനത്തിൽ ഒരു റിപ്പോർട്ട് സമർപ്പിച്ചത്. ആ റിപ്പോർട്ട് നടപ്പിലായില്ല. ആ വിധത്തിൽ ഈ നാട്ടിലെ ചരിത്രം പലരും തെറ്റിദ്ധരിച്ച് പറയുന്നുണ്ട്. ചില ആളുകൾ പറയുന്നുണ്ട്, നേരാണ്. മുണ്ടശ്ശേരി മാസ്റ്റർ ഒരു നിയമം അവതരിപ്പിച്ചു. അതിൽ പ്രൈവറ്റ് സ്കൂളിലെ അദ്ധ്യാപകർക്കും പി.എസ്.സി. റിക്രൂട്ടുമെന്റ് വേണമെന്നാണ് പറഞ്ഞത്. അതിനെതിരെയാണ് ലഹളയൊക്കെ വന്നത്. എത്രയോ തെറ്റുകളാണ് ഓരോ വിധത്തിൽ ഈ നിയമസഭയിൽ വന്നുനിന്ന് പറഞ്ഞത്. ഞാൻ പറയുന്നത് ക്രീമിലെയർ പോലുള്ള പ്രശ്നങ്ങൾ ഇന്ന് സർവ്വേ നടത്താൻ നിൽക്കുന്ന പ്രശ്നങ്ങളാണ്. സർവേ നടത്തത്തക്കവിധത്തിൽ ഈ കമ്മിഷന്റേതായിട്ടുള്ള അധികാരം കുറച്ചുകൊണ്ട് കമ്മിഷനും പിന്നോക്കക്കാർക്കും ഈ നാട്ടിൽ പ്രശ്നമില്ലെന്ന് വരുത്തക്കത്ത വിധത്തിലുള്ള സ്ഥിതിവിശേഷം ഈ നാട്ടിലുണ്ടാക്കികൂടാ. അവർക്ക് കൂടുതൽ അധികാരം കൊടുക്കണം. പിന്നോക്ക കമ്മീഷൻ ഇതുപോലെ നിലനിറുത്തണം. അതിനാവശ്യമായ നടപടിയുണ്ടാകണം. ഇന്നത്തെ സ്ഥിതിയെന്താണ് ? ഞാൻ നിയമസഭയിൽ ഒരു നിയമം അവതരിപ്പിച്ച അവസരത്തിൽ അന്ന് മാർക്സിസ്റ്റ് പാർട്ടി പറഞ്ഞതെന്തായിരുന്നുവെന്നോ? ഞാൻ അവതരിപ്പിക്കുന്നതുകൊണ്ട് അതിനെ പിന്താങ്ങാൻ പറ്റുകയില്ലെന്നായിരുന്നു. അതിനുശേഷം ബാക്ക്വേഡ് കമ്മ്യൂണിറ്റിയെ സംബന്ധിച്ച് ഒരു നിയമം ഞാൻ ഈ സഭയിൽ അവതരിപ്പിച്ചു. ഒടുവിൽ ശ്രീമാൻ ആന്റണി ആ ബിൽ കൊണ്ടുവന്നപ്പോൾ ഞാൻ പിൻവലിക്കുകയാണ് ചെയ്തത്. അന്ന് പറഞ്ഞതെന്താണ് ? ഞാൻ അവതരിപ്പിക്കുന്നതുകൊണ്ട് അനുകൂലിക്കുകയില്ലെന്നായിരുന്നു. പക്ഷേ ശ്രീ.ആന്റണി കൊണ്ടുവന്ന ബിൽ അംഗികരിച്ചോ ? എന്താണ് ഉണ്ടായത് ? വാക്കൗട്ട് നടത്തി. പിന്നോക്ക ജനവിഭാഗങ്ങൾക്ക് ഈ നാട്ടിൽ അനേകം ബുദ്ധിമുട്ടുകളുണ്ട്.

മി.സ്പീക്കർ : ബഹുമാനപ്പെട്ട ഗൗരിയമ്മ പ്രസംഗം ചുരുക്കണം.

ശ്രീമതി കെ. ആർ. ഗൗരിയമ്മ : സർ, എന്നെപ്പറ്റി ഇവിടെ പറഞ്ഞ കാര്യങ്ങൾക്ക് എനിക്ക് മറുപടി പറയണ്ടേ ?

മി.സ്പീക്കർ : ഇത് ഒരു മറുപടി പ്രസംഗമല്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരിയമ്മ : സർ, പിന്നെ കളളത്തരം കിടന്നോട്ടെ.

മി.സ്പീക്കർ : ബഹുമാനപ്പെട്ട ഗൗരിയമ്മ എഴുതി തന്നാൽ പേഴ്സണൽ എക്സ്പ്ലനേഷന് സമയം തരാം.

ശ്രീമതി കെ. ആർ. ഗൗരിയമ്മ : സർ, ഞാൻ ഒരൊറ്റ കാര്യംകൂടി പറഞ്ഞ് നിറുത്താം. ഈ ഗവൺമെന്റ് ഇപ്പോൾ പിന്നോക്കക്കാർക്ക് വേണ്ടി എന്തെങ്കിലും ചെയ്യുന്നുണ്ടോ ? ഞാൻ ഇന്ന് കാലത്ത് ബഹുമാനപ്പെട്ട മന്ത്രിയോട് ഒരു ചോദ്യം ചോദിച്ചു..... (തടസ്സം) ഞാൻ പറഞ്ഞത് പിന്നോക്കക്കാരുടെ കാര്യമാണ്.

മി.സ്പീക്കർ : ഗൗരിയമ്മ ചെയറിനോട് സഹകരിക്കുക. ഗൗരിയമ്മ ആതറൈസേഷൻ വാങ്ങിച്ചു. ചെയർ ആവശ്യംപോലെ സമയം അനുവദിച്ചു. ദയവുചെയ്ത് ചെയറിനോട് സഹകരിക്കുക.

ശ്രീമതി കെ. ആർ. ഗൗരിയമ്മ : സർ, എനിക്ക് മാത്രം എന്താണ് സമയം കുറഞ്ഞു പോകുന്നത് ?

മി.സ്പീക്കർ : ഗൗരിയമ്മയ്ക്കാണ് ഏറ്റവും കൂടുതൽ സമയം തന്നത്. ഗൗരിയമ്മ പത്ത് മിനിട്ട് എന്ന് പറഞ്ഞിട്ട് 18 മിനിട്ട് ആയില്ലേ ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : സർ, എന്റെ സമയം കൂടുതൽ എടുത്തത് ശ്രീ. ആനത്തലവട്ടം ആനന്ദനും ചെയറുമാണ്.

മി.സ്പീക്കർ : ചെയറിനോട് അങ്ങനെയുള്ള ദുസ്സൂചനയൊന്നും വേണ്ട.

ശ്രീമതി കെ. ആർ. ഗൗരിയമ്മ : സർ, അസഹ്യമാണെങ്കിലും ഞാൻ പറയുകയാണ്, ഞാൻ ഒരു ചോദ്യം ചോദിച്ചു. മെഡിക്കൽ-എഞ്ചിനീയറിംഗ് മേഖലകളിൽ പിന്നോക്കക്കാരിൽ നിന്നും വരുന്ന കുട്ടികൾക്ക് പരീക്ഷക്ക് ഹാജരാകാൻ ട്രെയിനിംഗ് കൊടുക്കാനും റെസിഡൻഷ്യൽ സ്കൂൾ, റെസിഡൻഷ്യൽ ഹോസ്റ്റൽ എന്നിവയ്ക്കും പ്ലാനിംഗ് കമ്മീഷൻ 50 ശതമാനം കാശ് കൊടുക്കാമെന്നു പറഞ്ഞു. ഈ ഗവൺമെന്റ് 100 ശതമാനം വേണമെന്നുപറഞ്ഞു. 1998-ൽ നടന്നതാണ്. അത് തള്ളി. ഇന്നുവരെ അത് നടപ്പിലാക്കിയിട്ടില്ല. ഈ ഗവൺമെന്റ് അവരുടെ തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിൽ എഴുതി. എന്താണെന്നോ ? ഞങ്ങൾ പിന്നോക്ക വികസന വകുപ്പുണ്ടാക്കും. മൂന്നു വർഷം കാത്തിരുന്നതിനുശേഷം വകുപ്പ് വന്നു. അതിൽ ഒരൊറ്റ സ്റ്റാഫുമില്ല. ഈ ഗവൺമെന്റ് പോകുന്നതുവരെ ആ വകുപ്പൊട്ട് നടപ്പിലാക്കുകയുമില്ല. മുൻപ് ബഹുമാനപ്പെട്ട ആന്റണി അധികാരത്തിലിരുന്ന അവസരത്തിൽ മറ്റു ജനറൽ സർവ്വീസിൽ വരുന്നതായിട്ടുള്ള ഈ വകുപ്പിനെ പിന്നോക്കക്കാരുടെ വകുപ്പിലേക്ക് വിട്ടുകൊടുത്തു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇന്നുവരെ വിട്ടുകൊടുത്തിട്ടില്ല. നമ്മുടെ നാട്ടിൽ സകല കൊള്ളരുതായ്മയ്ക്കും തിരിമറിക്കും സൗകര്യം കൊടുക്കത്തക്കവിധത്തിൽ മുന്നോട്ടുപോകുന്ന ഒരു ഗവൺമെന്റ്, ഈ കമ്മീഷനെ പാർട്ട് ടൈം ആക്കുന്ന നടപടി അവസാനിപ്പിച്ച് ഫുൾടൈം ആക്കി അവർക്ക് കൂടുതൽ അധികാരങ്ങൾ കൊടുത്ത് പിന്നോക്കക്കാർക്ക് അനുവദിച്ചിരിക്കുന്ന അവകാശങ്ങൾ സംരക്ഷിക്കുന്നവിധത്തിലുള്ള നടപടികളുണ്ടാകണമെന്നഭ്യർത്ഥിക്കുന്നു.

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, പിന്നോക്ക കമ്മിഷൻ ഭേദഗതി ബില്ലിനെസംബന്ധിച്ച് ഭരണ-പ്രതിപക്ഷ കക്ഷികളിൽനിന്നും ഒട്ടേറെ ചർച്ചകൾ നടക്കുകയുണ്ടായി. ഈ ഭേദഗതിയുമായി ബന്ധപ്പെട്ടുകൊണ്ട് ഏതാനും വാക്കുകൾമാത്രം പറഞ്ഞ് മറ്റ് കാര്യങ്ങളിലേക്ക് കൂടുതൽ ആളുകളും ചർച്ച നയിക്കുകയും ആണ് ചെയ്തത്. ഇൻഡ്യയിലും കേരളത്തിലുമെല്ലാം നടപ്പിലാക്കിയ ഭൂപരിഷ്ക്കരണ നിയമത്തെക്കുറിച്ചും കാർഷിക പരിഷ്ക്കരണ നിയമത്തെക്കുറിച്ചും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനുണ്ടായ മാറ്റങ്ങളെക്കുറിച്ചുമൊക്കെയാണ് കൂടുതൽ ചർച്ച നടന്നത്. ഈ ഭേദഗതി ബിൽ കൊണ്ടുവരാനുണ്ടായ കാരണത്തെക്കുറിച്ച് അധികമാരും സംസാരിച്ചില്ല. 1962-ൽ സുപ്രീംകോടതിവിധിയുടെ അടിസ്ഥാനത്തിൽ കേന്ദ്രത്തിലും അതുപോലെ വിവിധ സംസ്ഥാനങ്ങളിലും പിന്നോക്ക വിഭാഗത്തെ സംബന്ധിച്ച് അതാത് സംസ്ഥാനങ്ങളുടെ ഇഷ്ടത്തിനനുസരിച്ചു അല്ലെങ്കിൽ താൽപ്പര്യങ്ങൾക്കനുസരിച്ച് ഒരു കമ്മീഷൻ രൂപീകരിക്കണമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് ഓരോ സംസ്ഥാനത്തിലും വ്യത്യസ്ത രീതിയിലുള്ള കമ്മിഷനുകൾ രൂപീകരിച്ചത്. കേരളത്തിൽ 1993-ലാണ് പിന്നോക്ക കമ്മീഷൻ രൂപീകരിച്ചത്. ആ കമ്മീഷന്റെ പ്രവർത്തനങ്ങൾ പരിശോധിച്ച് കഴിഞ്ഞാൽ നമുക്കറിയാം, കഴിഞ്ഞ ആറേഴ് വർഷമായി നടത്തിയ പ്രവർത്തനങ്ങൾ പ്രധാനമായും പിന്നോക്കവിഭാഗത്തിൽ ആരെയെങ്കിലും പെടുത്തേണ്ടതുണ്ടോ അല്ലെങ്കിൽ ആരെയെങ്കിലും ഒഴിവാക്കേണ്ടതുണ്ടോയെന്ന് പരിശോധിക്കുകയായിരുന്നുവെന്ന്. അതിന് ഏകദേശം 29-ഓളം കേസുകളാണ് എത്തിയത്. അതിൽ തന്നെ 18-ഓളം റിപ്പോർട്ടുകളാണ് ഈ കമ്മീഷൻ സർക്കാരിന് സമർപ്പിച്ചത്. സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത് നിലവിൽ പിന്നോക്ക ലിസ്റ്റിലുള്ള ആരേയും ആ ലിസ്റ്റിൽ നിന്നും ഒഴിവാക്കാൻ പാടില്ലായെന്നാണ്. കേരളത്തിലെ പിന്നോക്ക ലിസ്റ്റിലുള്ള ആരേയും പിന്നോക്ക ലിസ്റ്റിൽനിന്നും ഒഴിവാക്കേണ്ടതില്ലയെന്നാണ് തീരുമാനിച്ചിരിക്കുന്നത്. പിന്നീട് വരുന്നത്, ആരെയെങ്കിലും ഉൾപ്പെടുത്തണമോ വേണ്ടയോ എന്നുള്ളതാണ്. വളരെ കുറച്ച് അപേക്ഷകൾ മാത്രമാണ് കമ്മീഷന്റെ മുൻപിൽ ഇപ്പോൾ പെൻഡിംഗ് ആയിട്ടുള്ളത്. അതുകൊണ്ട് തന്നെ കമ്മീഷന്റെ പ്രവർത്തനങ്ങൾ വളരെ പരിമിതമായി വന്നിരിക്കുകയാണ്. ആ സന്ദർഭത്തിൽ ഇന്നുള്ള സംവിധാനങ്ങൾ നിലനിറുത്തേണ്ടതുണ്ടോയെന്ന് ആലോചിച്ചതിന്റെ അടിസ്ഥാനത്തിൽ, മാത്രമല്ല വൻപിച്ച സാമ്പത്തിക ബാദ്ധ്യതയും അതുപോലെ പ്രവർത്തനകുറവുമെല്ലാം കണക്കിലെടുത്തുകൊണ്ട് അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് ഒബ്ജക്ഷൻ അടക്കം ഈ കമ്മീഷനെ സംബന്ധിച്ച് വിവിധ പത്രങ്ങളിൽ വന്നു. അതിന്റെ അടിസ്ഥാനത്തിലാണ് ഗവൺമെന്റ് ഇത്തരത്തിലുള്ള ഒരു ഭേദഗതിക്കുവേണ്ടി മുന്നോട്ടുവന്നത്. തീർച്ചയായിട്ടും ആ ഭേദഗതിയിൽ പറയുന്ന കാര്യങ്ങൾ കമ്മീഷനെ ഇല്ലാതാക്കാനോ പാർട്ട് ടൈം ആക്കാനോ അല്ല കമ്മീഷനെ കുറച്ചുകൂടി ഫലപ്രദമായി പ്രവർത്തിപ്പിക്കാൻ തന്നെയാണ് ഈ ഭേദഗതി കൊണ്ടുദ്ദേശിക്കുന്നത്. ഇപ്പോഴുള്ള പ്രവർത്തനങ്ങൾ കുറെകൂടി മെച്ചപ്പെടുത്തുകയെന്നുള്ള കാഴ്ചപ്പാടോടു കൂടിയാണ് ഈ ഭേദഗതി കൊണ്ടുവന്നത്. കമ്മീഷനെ പാർട്ട്ടൈം ആക്കാൻ വേണ്ടിയുള്ള ഉദ്ദേശമല്ല. ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ പറഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

ചില കാര്യങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ട് സബ്ജക്ട് കമ്മിറ്റിയിൽ അടക്കം ചർച്ച ചെയ്തുകൊണ്ട് ചെറിയ മാറ്റങ്ങൾ വേണമെങ്കിൽ വരുത്താവുന്നതാണ്. പിന്നോക്കസമുദായങ്ങളുടെ ക്ഷേമവും അതുപോലെ പട്ടികജാതിക്കാരുടെ ക്ഷേമവും റിസർവേഷനെ സംബന്ധിച്ചുമാണ് ഇവിടെ കൂടുതൽ ആളുകൾ സംസാരിച്ചത്. നമ്മുടെ കേരളം ധാരാളം രംഗങ്ങളിൽ മാതൃകയാണ്, അതുപോലെ തന്നെ നമ്മുടെ സമൂഹത്തിലെ അധ:കൃത വർഗ്ഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിന് ഒട്ടേറെ നിയമനിർമ്മാണങ്ങളും അതുപോലെ പരിപാടികളുമെല്ലാം നടപ്പിലാക്കി മുന്നേറിയിട്ടുണ്ടെന്നുള്ളത് എല്ലാവരും അംഗീകരിക്കുന്ന ഒരു കാര്യമാണ്. ആ പിന്നോക്കവിഭാഗത്തിന്റെ ക്ഷേമം ഉറപ്പാക്കുന്നതിനുവേണ്ടി ഇപ്പോൾ നിലവിലുള്ള ഗവൺമെന്റും അതിന്റെ കടമ നിർവഹിച്ചുകൊണ്ടുതന്നെയാണ് പോകുന്നത്. അതിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒട്ടേറെ കാര്യങ്ങൾ ചൂണ്ടിക്കാണിക്കുവാൻ കഴിയും. നമ്മൾ പിന്നോക്കക്ഷേമത്തെ സംബന്ധിച്ചാണ് ചർച്ച ചെയ്തത്. അവസാനം ശ്രീമതി ഗൗരിയമ്മ ഉൾപ്പെടെയുള്ളവർ പറഞ്ഞു, പിന്നോക്ക ക്ഷേമവകുപ്പ് രൂപീകരിച്ചു, മൂന്ന് വർഷം കഴിഞ്ഞു, ഈ ഗവൺമെന്റ് ഇത് നടപ്പാക്കുകയില്ല എന്നൊക്കെ. പിന്നോക്കക്കാരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നവർ എന്നുപറയുന്നവർ ഇവിടെ ഭരിച്ച 5 വർഷക്കാലംകൊണ്ട് പിന്നോക്ക ക്ഷേമവകുപ്പ് രൂപീകരിക്കുവാൻ തടസ്സമൊന്നുമുണ്ടായിരുന്നില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് പിന്നോക്ക ക്ഷേമവകുപ്പ് രൂപീകരിക്കുവാൻ തീരുമാനിക്കുകയും അങ്ങനെ ആ വകുപ്പ് രൂപീകരിച്ചുകൊണ്ട് പ്രഖ്യാപനം നടത്തുകയും ചെയ്തിട്ടുള്ളത്. അതുപോലെതന്നെ അതിന്റെ സ്പെഷ്യൽ ഓഫീസറെ വച്ചുകൊണ്ട് പിന്നോക്കക്ഷേമവകുപ്പ് കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിച്ചു. പിന്നോക്കകാരുടെ ക്ഷേമമെന്ന് പറയുന്നത് കേവലം ബഹുമാനപ്പെട്ട ചില മെമ്പർമാർ ചൂണ്ടിക്കാണിച്ചതു പോലെ ചില ചപ്പടാച്ചി കാണിക്കൽ അല്ല; അല്ലെങ്കിൽ എല്ലിൻ കഷണം എടുത്തു കൊടുത്തുകൊണ്ട് അതാണ് പിന്നോക്ക ക്ഷേമമെന്ന് പറയലല്ല. പിന്നോക്ക ക്ഷേമത്തിനുവേണ്ടിയാണ് പിന്നോക്ക ക്ഷേമവകുപ്പും പിന്നോക്കവികസന കോർപ്പറേഷനും രൂപീകരിച്ചത്. ഈ ഗവൺമെന്റ് അധികാരത്തിൽ, വന്നതിനുശേഷം പിന്നോക്കവികസന കോർപ്പറേഷന്റെ ഓഫീസുകൾ എല്ലാ ജില്ലകളിലും വ്യാപകമായി ഉണ്ടാക്കുകയും പിന്നോക്ക വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് കൂടുതൽ തൊഴിലവസരങ്ങളും സ്വയംതൊഴിൽ കണ്ടെത്താനുള്ള അവസരങ്ങളും സൃഷ്ടിക്കുകയും ചെയ്തു. റിസർവേഷൻ കൊണ്ടുമാത്രം ഈ പാവപ്പെട്ടവന്റെ ക്ഷേമം ഉറപ്പാക്കാൻ കഴിയുകയില്ല. നേരത്തെ ബഹുമാന്യനായ മെമ്പർമാർ എല്ലാം പറഞ്ഞു, ബംഗാളിൽ റിസർവേഷൻ നടപ്പിലാക്കി, നമ്മുടെ ഇൻഡ്യൻ ഭരണഘടന അനുശാസിക്കുന്ന എല്ലാ അവകാശങ്ങളും അവിടെ ഈ പാവപ്പെട്ട ആളുകൾക്ക് കൊടുത്തിട്ടുണ്ട്, അതുകൊണ്ടുതന്നെ 23 വർഷമായിട്ടും ബംഗാളിൽ ഇടതുപക്ഷ ഗവൺമെന്റും അതായത് സഖാവ് ജ്യോതിബാസുവിന്റെ ഗവൺമെന്റ് നിലനില്ക്കുന്നത്. പിന്നോക്കവിഭാഗത്തിന്റേയും അതുപോലെ അധ:കൃത വർഗ്ഗത്തിന്റെയും താല്പര്യങ്ങൾ സംരക്ഷിക്കാൻ കേവലം റിസർവേഷൻ മാത്രമല്ല, അവരെ സാമൂഹ്യമായും, സാമ്പത്തികമായും,

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസപരമായും, ഉയർത്തിയെടുക്കാൻവേണ്ടിയുള്ള ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചുകൊണ്ടാണ് പിന്നോക്കക്കാർ അടക്കമുള്ളവരുടെ താല്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടാണ് 23 വർഷക്കാലം ഒരു സംസ്ഥാന ഗവൺമെന്റ് ഇൻഡ്യാചരിത്രത്തിലാദ്യമായി നിലനിൽക്കുന്നത്. പിന്നോക്ക വിഭാഗത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ ഇടതുപക്ഷ ഗവൺമെന്റുകൾ അതിന്റെ പരിമിതികൾക്കകത്തു നിന്നുകൊണ്ട് ഒട്ടേറെ കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഇവിടെ കമ്മീഷന്റെ ശമ്പളം കുറച്ചതിനെ സംബന്ധിച്ചോ അതിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചോ അല്ല കൂടുതൽ ചർച്ച ചെയ്തത്. ശമ്പളം കുറയ്ക്കുകയെന്നുള്ള കടമ മാത്രമല്ല, അത് മാത്രമല്ല ഉദ്ദേശിച്ചത്, നമ്പരിലും ചെറിയ ഭേദഗതി വരുത്താൻവേണ്ടിയാണ് തീരുമാനിച്ചത്. ഞാൻ നേരത്തെ പറഞ്ഞു, ആകെ 29 പരാതികളാണ് കമ്മീഷന്റെ മുൻപിൽ എത്തിയത്. 29 അപേക്ഷകളിൽ 18 എണ്ണമാണ് അന്വേഷണം പൂർത്തീകരിച്ച് ഗവൺമെന്റിൽ സമർപ്പിച്ചിരിക്കുന്നത്. അവശേഷിക്കുന്ന വളരെ കുറഞ്ഞ നമ്പർ പരാതികളിൽ തീർപ്പു കൽപ്പിക്കുന്നതിനുവേണ്ടി ഇത്രയും വിപുലമായ സംവിധാനം വേണമോയെന്ന് പരിശോധിക്കേണ്ടതാണ്. ഇതുമാത്രമല്ല പല കമ്മീഷനെക്കുറിച്ചും ചിന്തിക്കണമെന്നാണ് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കാനുള്ളത്. ഒരു കമ്മീഷൻ മെമ്പർക്ക് കൊടുക്കുന്ന ഒരു മാസത്തെ ശമ്പളം 23,500 രൂപയാണ്. ഹൈക്കോടതിയിലേയും സുപ്രീംകോടതിലേയും ജഡ്ജിമാരുടെ ശമ്പളപരിഷ്ക്കരണം വന്ന 1-1-1996 മുതൽ ആണെങ്കിൽ 35,000 രൂപയോ 36,000 രൂപയോ കൊടുക്കണം. ഇതുകൂടാതെ ആനുകൂല്യങ്ങൾ പത്തറുപതിനായിരം രൂപയ്ക്ക് അടുത്താണ് ഓരോ മെമ്പർമാരും അനുഭവിച്ചു കൊണ്ടിരിക്കുന്നത്. എല്ലാ കമ്മീഷനെ കുറിച്ചും നമ്മൾ ചിന്തിക്കേണ്ട സമയം അതിക്രമിച്ചുവെന്നുള്ളത് ഞാൻ ഇവിടെ ചൂണ്ടി ക്കാണിക്കുവാൻ ആഗ്രഹിക്കുന്നു. നമ്മുടെ തൊട്ടടുത്ത സംസ്ഥാനങ്ങളിലൊക്കെയുണ്ട്. നമ്മൾ മാതൃകയായിട്ടെടുത്ത് പറയുന്ന സംസ്ഥാനങ്ങളുണ്ട്. ആന്ധ്രാപ്രദേശിൽ കമ്മീഷൻ മെമ്പർമാർക്ക് കൊടുക്കുന്നത് കേവലം 5,000 രൂപയാണ് ഓണറേറിയം. തൊട്ടടുത്ത തമിഴ്നാട്ടിൽ പിന്നോക്കക്കമ്മീഷൻ ചെയർമാൻ മാത്രമാണ് ഫുൾടൈം ഉള്ളത്. അതുപോലെ മെമ്പേഴ്സിന് സിറ്റിംഗ് ഫീസ് മാത്രമാണുക്കൊടുക്കുന്നത്. ആ കമ്മീഷന്റെ സിറ്റിംഗ് നടക്കുന്ന സമയത്തുമാത്രമാണ് സിറ്റിംഗ് ഫീസ് കൊടുക്കുന്നത്. അതിനെല്ലാം വ്യത്യസ്തമായിക്കൊണ്ട് കേരളത്തിൽ പിന്നോക്കക്കമ്മീഷനെ നിലനിറുത്താനും അതിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനും ഇപ്പോഴുള്ള കുറവു പരിഹരിക്കുന്നതിനും വേണ്ടിയാണ് ഈ ഭേദഗതി ബിൽ കൊണ്ടുവന്നിരിക്കുന്നത്. അല്ലാതെ പിന്നോക്കവിഭാഗത്തിനോ അല്ലെങ്കിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനോ, നമ്മുടെ സമൂഹത്തിലെ അധ:കൃതവർഗ്ഗത്തിനോ ദോഷം ചെയ്യുന്നതിനുവേണ്ടിയല്ല ഈ ഭേദഗതി നിയമം കൊണ്ടുവന്നിരിക്കുന്നത്. കമ്മീഷനിലെ ആളുകളുടെ ശമ്പളം അൽപ്പമൊന്ന് കുറച്ച് കഴിഞ്ഞാൽ പിന്നോക്കക്ഷേമം മുഴുവൻ തകർന്നുപോകുമെന്നുള്ള ധാരണയുണ്ടെങ്കിൽ അത് തെറ്റാണെന്നുകൂടി ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. ഇനി എന്തെങ്കിലും ഭേദഗതിയോ മാറ്റങ്ങളോ വരുത്തണമെന്നുണ്ടെങ്കിൽ ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

മെമ്പർമാർക്ക് ചർച്ച ചെയ്യാൻ അവസരമുണ്ട്, സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യാനുള്ള അവസരമുണ്ട്. തീർച്ചയായും ആ സബ്ജക്ട് കമ്മിറ്റിയുടെ ചർച്ചയുടെ അടിസ്ഥാനത്തിൽ കുറെക്കൂടി മാറ്റം വരുത്തി ഇത് സമ്പൂഷ്ടമാക്കാൻവേണ്ടി ശ്രമിക്കാമെന്നുമാത്രം ഈ സന്ദർഭത്തിൽ പറഞ്ഞുകൊണ്ട് ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് വിടണമെന്ന കാര്യം ഞാൻ വീണ്ടും ആവശ്യപ്പെട്ടുകൊണ്ട്, ഇതിന് എല്ലാപേരും അംഗീകാരം നല്കണമെന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട് നിറുത്തുന്നു.

മി. സ്പീക്കർ : ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച ഓർഡിനൻസ് നിരാകരണ പ്രമേയത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം നിരാകരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച ഭേദഗതിപ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. വി. കെ. ചന്ദ്രൻ : പിൻവലിക്കുന്നു.

മി. സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. പി. രാഘവൻ അവതരിപ്പിച്ച ഭേദഗതിപ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. പി. രാഘവൻ : പിൻവലിക്കുന്നു.

മി. സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടിരിക്കുന്നു.

2000-ത്തിലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗകമ്മീഷൻ (ഭേദഗതി) ബിൽ സാമൂഹ്യസേവനം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം അംഗീകരിച്ചിരിക്കുന്നു;

2000-ത്തിലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗകമ്മീഷൻ (ഭേദഗതി) ബിൽ VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2000 മാർച്ച് 1-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 1.37-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XIV

പത്താം കേരള നിയമസഭ
ബിൽ നമ്പർ 231

LIBRARY ARCHIVES Kerala Legislative Assembly

2000-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ (ഭേദഗതി) ബിൽ

പത്താം കേരള നിയമസഭ
ബിൽ നമ്പർ 231

2000-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ (ഭേദഗതി) ബിൽ

1993- ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക .— 1993-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ ആക്ട് താഴെ കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുന്നതിനാൽ ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അൻപത്തിഒന്നാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.— (1) ഈ ആക്റ്റിന് 2000-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ (ഭേദഗതി) ആക്ട് എന്ന് പേർ പറയാം.

(2) ഇത് 2000 ജനുവരി 18-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 3-ാം വകുപ്പിന്റെ ഭേദഗതി.— 1993-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ ആക്റ്റ് (1993-ലെ 11) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3-ാം വകുപ്പ് (2)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:-

"(2) കമ്മീഷനിൽ , സുപ്രീംകോടതിയിലെയോ ഒരു ഹൈക്കോടതിയിലെയോ ജഡ്ജി ആയിരിക്കുന്നതോ ആയിരുന്നതോ ആയ, സർക്കാർ നിയമിക്കുന്ന, ഒരാൾ ചെയർമാനായും താഴെ പറയുന്നവർ പാർട്ട്ടൈം അംഗങ്ങളായും ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) സ്ഥാനം ഹേതുവായി, സർക്കാരിന്റെ പിന്നോക്ക വിഭാഗക്ഷേമ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി, അദ്ദേഹം കമ്മീഷന്റെ മെമ്പർ സെക്രട്ടറി ആയിരിക്കുന്നതാണ്;

(ബി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പിന്നോക്ക വിഭാഗങ്ങളെ സംബന്ധിക്കുന്ന കാര്യങ്ങളിൽ പ്രത്യേക പരിജ്ഞാനമുള്ള രണ്ടുപേർ".

LIBRARY ARCHIVES Kerala Legislative Assembly

3. റദ്ദാക്കലും ഒഴിവാക്കലും.— (1) 2000-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ (ഭേദഗതി) ഓർഡിനൻസ് (2000-ലെ 2) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസ്മൂലം ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രധാന ആക്റ്റിൻകീഴിൽ ചെയ്ത ഏതെങ്കിലും സംഗതിയോ, എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റുമൂലം ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1993-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ ആക്റ്റിന്റെ 3-ാം വകുപ്പ് പ്രകാരം കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ രൂപീകരിക്കുകയുണ്ടായി. മേൽപ്പറഞ്ഞ ആക്റ്റ് പ്രകാരം കമ്മീഷനിൽ, സുപ്രീം കോടതിയിലേയോ ഒരു ഹൈക്കോടതിയിലേയോ ജഡ്ജി ആയിരിക്കുന്നതോ ആയിരുന്നതോ ആയ ഒരാൾ ചെയർപേഴ്സൺ ആയും, ഒരു സാമൂഹ്യ ശാസ്ത്രജ്ഞനും, പിന്നോക്ക വിഭാഗങ്ങളെ സംബന്ധിച്ച് കാര്യങ്ങളിൽ പ്രത്യേക പരിജ്ഞാനമുള്ള പ്രഗൽഭരായ രണ്ട് ആളുകളും ഒരു ഗവൺമെന്റ് സെക്രട്ടറിയുടെയോ സ്പെഷ്യൽ സെക്രട്ടറിയുടെയോ പദവിയിലുള്ളതോ ആയിരുന്നതോ ആയ ഒരാൾ മെമ്പർ സെക്രട്ടറിയായും ഉണ്ടായിരിക്കേണ്ടതാണ്. പിന്നീട് ഒരു ഗവൺമെന്റ് ഉത്തരവുമൂലം ചെയർമാന് സുപ്രീം കോടതി ജഡ്ജിയുടേയും, മെമ്പർമാർക്ക് ഒരു ഹൈക്കോടതി ജഡ്ജിയുടേയും പദവി നൽകുകയുണ്ടായി.

2. പിന്നോക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താനുള്ള 29 അപേക്ഷകൾ കമ്മീഷൻ നാളിതുവരെ പരിഗണിക്കുകയുണ്ടായി. കമ്മീഷന്റെ ചിലവുകൾക്കായി ഓരോ വർഷവും ഏകദേശം 40 ലക്ഷം രൂപ വിനിയോഗിച്ചു വരുന്നു. ജോലിഭാരവുമായി താരതമ്യപ്പെടുത്തുമ്പോൾ ചെലവ് കൂടുതലായതിനാൽ ഇപ്പോഴുള്ളതുപോലുള്ള വിപുലമായ ഒരു സംവിധാനം ആവശ്യമില്ലെന്ന് തീരുമാനിക്കുകയുണ്ടായി. ഈ പട്ടികയിലുള്ള ഒരു വിഭാഗവും പിന്നോക്ക വിഭാഗം അല്ലാതായി തീർന്നിട്ടില്ല എന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള തിനാൽ പട്ടികയിൽ കൂടുതലായി ഉൾപ്പെടുത്തിയത് സംബന്ധിച്ച പരാതികളിൻമേൽ കമ്മീഷൻ അന്വേഷണം നടത്തുന്നില്ല. പിന്നോക്ക വിഭാഗങ്ങളെ സംബന്ധിച്ച പട്ടിക വിപുലപ്പെടുത്താൻ ഏറെ സാധ്യതയുള്ള സംസ്ഥാനങ്ങളിൽപോലും അത്തരം വിപുലമായൊരു സംവിധാനം നിലവിലില്ല. അവിടെയെല്ലാം, പാർട്ട്ടൈം അംഗങ്ങളോടു കൂടിയാണ് കമ്മീഷനുകൾ രൂപീകരിച്ചിട്ടുള്ളത്.

3. സുപ്രീം കോടതിയിലേയോ അഥവാ ഒരു ഹൈക്കോടതിയിലേയോ ജഡ്ജി ആയിരിക്കുന്നതോ ആയിരുന്നതോ ആയ, സർക്കാർ നിയമിക്കുന്ന ഒരു ചെയർമാനേയും, മൂന്ന് പാർട്ട്ടൈം അംഗങ്ങളേയും ഉൾപ്പെടുത്തി കമ്മീഷൻ പുന:സംഘടിപ്പിക്കുവാൻ അങ്ങനെ സർക്കാർ തീരുമാനിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്ക വിഭാഗങ്ങളെ സംബന്ധിച്ചകാര്യങ്ങളിൽ പ്രത്യേക പരിജ്ഞാനമുള്ള രണ്ട് ആളുകളെ സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതും സർക്കാരിന്റെ പിന്നോക്ക വിഭാഗക്ഷേമ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി ഔദ്യോഗിക സ്ഥാനം ഹേതുവായി മെമ്പർ സെക്രട്ടറിയായിരിക്കുന്നതുമാണ്.

4. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും മേൽപ്പറഞ്ഞ നിർദ്ദേശത്തിന് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2000-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ (ഭേദഗതി) ഓർഡിനൻസ്, 2000 ജനുവരി 18-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും 2000-ത്തിലെ 2-ാം നമ്പർ ഓർഡിനൻസായി, 2000 ജനുവരി 18-ാം തീയതിയിലെ 96-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

5. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്ട് കൊണ്ടുവരാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ ബിൽ.

ധനകാര്യ മെമ്മോറാണ്ടം

കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന് ഏൽപ്പിച്ചുകൊടുത്ത അധികാരങ്ങളും കമ്മീഷന്റെ ജോലിഭാരവും കണക്കിലെടുത്തുകൊണ്ട് കമ്മീഷന്റെ വലിപ്പം കുറയ്ക്കുന്നതിനും അംഗങ്ങളുടെ എണ്ണം കുറയ്ക്കുന്നതിനും പാർട്ട്ടൈം അംഗങ്ങളെ നിയമിക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു. ഇതിന്റെ ഫലമായി കമ്മീഷനിലെ ഉദ്യോഗസ്ഥരുടെ എണ്ണം കുറയുവാൻ ഇടയാകും. ഇപ്പോൾ കമ്മീഷന്റെ പ്രവർത്തനത്തിനായി ഓരോ വർഷവും ഉദ്ദേശം നാൽപതു ലക്ഷം രൂപയോളം ചെലവാക്കി വരുന്നു. നിർദ്ദിഷ്ട നിയമ നിർമ്മാണം പ്രാബല്യത്തിൽ വരുന്നപക്ഷം ചിലവുകൾ ഗണ്യമായി കുറയാൻ സാധ്യതയുണ്ട്. അതിനാൽ ഈ ബിൽ നിയമമാക്കുകയും, പ്രാബല്യത്തിൽ കൊണ്ടുവരുകയും ചെയ്താൽ സംസ്ഥാന സഞ്ചിക നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നില്ല.

ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

1. കമ്മീഷനിൽ ഒരു ചെയർമാനേയും പാർട്ട്ടൈം മെമ്പർമാരേയും നിയമിക്കാൻ ബില്ലിലെ 2-ാം ഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

2. ഇത് ഭരണപരമോ സാധാരണ സ്വഭാവത്തോടു കൂടിയതോ വിശദാംശങ്ങളെ സംബന്ധിച്ചുള്ളതോ ആയ ഒരു സംഗതിയാണ്. അതിനാൽ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടു കൂടിയാണ്.

കെ. രാധാകൃഷ്ണൻ

(ശരിത്തർജ്ജമ)
എസ്. ദലീലാ സോജാ,
നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി.

LIBRARY ARCHIVES Kerala Legislative Assembly

1993-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗം

(1993 -ലെ 11)

** ** **

3. പിന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷന്റെ രൂപീകരണം.— (1) ഈ ആക്റ്റ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിക്കുന്നതിനും അർപ്പിക്കപ്പെട്ട കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും വേണ്ടി പിന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ എന്ന പേരിൽ ഒരു നികായം ഗവൺമെന്റ് രൂപീകരിക്കേണ്ടതാണ്.

(2) ഗവൺമെന്റ് നാമനിർദ്ദേശം ചെയ്യുന്ന താഴെ പറയുന്ന അംഗങ്ങൾ അടങ്ങുന്നതായിരിക്കും കമ്മിഷൻ:—

(എ) സുപ്രീം കോടതിയിലേയോ, ഒരു ഹൈക്കോടതിയിലേയോ ജഡ്ജി ആയിരിക്കുന്നതോ ഇരുന്നിട്ടുള്ളതോ ആയ ഒരു ചെയർപേഴ്സൺ;

(ബി) ഒരു സാമൂഹ്യ ശാസ്ത്രജ്ഞൻ;

(സി) പിന്നോക്ക വിഭാഗങ്ങളെ സംബന്ധിച്ച കാര്യങ്ങളിൽ പ്രത്യേക പരിജ്ഞാനമുള്ള പ്രഗൽഭരായ രണ്ട് ആളുകൾ;

(ഡി) കേരള ഗവൺമെന്റ് സെക്രട്ടറിയുടെയോ സ്പെഷ്യൽ സെക്രട്ടറിയുടെയോ പദവിയിൽ ഉള്ള സർക്കാർ ഉദ്യോഗസ്ഥനായി ഇരിക്കുന്നതോ, ഇരുന്നിട്ടുള്ളതോ ആയ ഒരു മെമ്പർ-സെക്രട്ടറി.

** ** ** ** **

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XV

Tenth Kerala Legislative Assembly
Bill No. 231

LIBRARY ARCHIVES Kerala Legislative Assembly

THE KERALA STATE COMMISSION FOR BACKWARD CLASSES (AMENDMENT) BILL, 2000

Tenth Kerala Legislative Assembly
Bill No. 231

THE KERALA STATE COMMISSION FOR BACKWARD CLASSES (AMENDMENT) BILL, 2000

A

BILL

to amend the Kerala State Commission for Backward Classes Act, 1993.

Preamble.– WHEREAS, it is expedient to amend the Kerala State Commission for Backward Classes Act, 1993 for the purpose hereinafter appearing;

BE it enacted in the Fifty-first year of the Republic of India as follows:–

1. *Short title and commencement* – (1) This Act may be called the Kerala State Commission for Backward Classes (Amendment) Act, 2000.

(2) It shall be deemed to have come into force on the 18th day of January, 2000.

2. *Amendent of section 3.*– In the Kerala State Commission for Backward Classes Act, 1993 (11 of 1993) (hereinafter referred to as the principal Act), for sub-section (2) of section 3, the following sub-section shall be substituted , namely:–

"(2) The Commission shall consist of a Chairman who is or has been a Judge of the Supreme Court or of a High Court appointed by the Government and the following part-time members, that is to say,–

(a) the Secretary to Government in charge of the Backward Classes Welfare Department of the Government, *ex-officio*, who shall be the Member-Secretary of the Commission;

(b) two persons having special knowledge in matters relating to Backward Classes to be nominated by the Government".

LIBRARY ARCHIVES Kerala Legislative Assembly

3. *Repeal and saving.*– (1) The Kerala State Commission for Backward Classes (Amendment) Ordinance, 2000 (2 0f 2000) is hereby repealed.

(2) Notwithstanding such repeal, anything done or any action taken under the principal Act, as amended by the said Ordinance shall be deem to have been done or taken under the principal Act, as amended by this Act.

STATEMENT OF OBJECTS AND REASONS

The Kerala State Commission for Backward Classes was constituted under section 3 of the Kerala State Commission for Backward Classes Act, 1993. As per the Act the Commission shall consist of a Chairperson who is or has been a Judge of the Supreme Court or High Court, A social scientist, two eminent persons who have special knowledge in matters relating to the Backward Classes and a Member-Secretary who is or has been an Officer of the rank of a Secretary or Special Secretary to Government. Later by a Government Order the Chairman was given the status of a Supreme Court Judge and members that of a Judge of High Court.

2. The Commission took up 29 requests so far for inclusion in the list of Backward Classes. Approximately an amount of Rs. 40 lakhs is spent every year towards expenses of the Commissions. In view of incurring of high expenses and considering the volume of work, it has been decided that such an elaborate set up as it exists now is not necessary. The complaints regarding over inclusion in the list are not enquire in to by the commission as Government have declared that no community in the list ceased to the backward. Even in States having wider scope for expansion of Backward Class List no such elaborate set-up exists. There the Commissions have been constituted with part - time members.

3. Government have thus decided to reconstitute the Commission with a Chairman who is or has been a Judge of the Supreme Court or of a High Court appointed by the Government and three part-time members. Two persons having special knowledge in matters relating to Backward Classes have to be nominated by Government and the Secretary to Government in charge of Backward Classes Welfare Department of the Government shall be ex-officio Member-Secretary.

LIBRARY ARCHIVES Kerala Legislative Assembly

4. As the Legislative Assembly of the State of Kerala was not in session and as the above proposal had to be given effect to immediately, the Kerala State Commission for Backward Classes (Amendment) Ordinance , 2000 was promulgated by the Governor on the 18th day of January, 2000 and the same was published as Ordinance No.2 of 2000 in the Kerala Gazette Extraordinary No. 96 dated the 18th January, 2000.

5. The bill seeks to replace the said Ordinance by an Act of the State Legislature.

FINANCIAL MEMORANDUM

Taking into account the powers delegated to the Kerala State Commission for Backward Classes and the volume of work in the Commission, Government proposes to trim down the size of the Commission, reducing the number of Members and also appointing Part-time Members. This will also result inthe reduction in staff strength of the Commission. Now approximately an amount of Rs. 40 lakhs is spent every year for the functioning of the Commission. The expenditure is likely to come down considerably if the proposed legislation is enacted. Thus the Bill, if enacted and brought into operation would not involve any additional expenditure from the Consolidated Fund of the State.

MEMORANDUM REGARDING DELEGATED LEGISLATION

1. Clasue 2 of the Bill seeks to empower the Government to appoint a Chariman and part-time members of the Commission.

2. This is a matter of an Administrative or routine nature of matters of detail. The delegation of legislative power is therefore of a normal character.

K. RADHAKRISHNAN

LIBRARY ARCHIVES Kerala Legislative Assembly

EXTRACT FROM THE KERALA STATE COMMISSION FOR BACKWARD CLASSES ACT, 1993

(11 of 1993)

** ** ** ** **

3. *Constitution of the Kerala State Commission for Backward Classes.*– (1) The Government shall constitute a body to be known as the Kerala State Commission for Backward Classes to exercise the powers conferred on and to perform the functions assigned to it under this Act.

2. The Commission shall consist of the following members nominated by the Government:–

(a) a Chairperson who is or has been a Judge of the Supreme Court or of a High Court;

(b) a Social Scientist;

(c) two eminent persons who have special knowledge in matters relating tobackward classes; and

(d) a Member-Secretary who is or has been an officer of the Government in the rank of a Secretary or Special Secretary to the Government.

** ** ** ** **

LIBRARY ARCHIVES Kerala Legislative Assembly